# പ്രാർത്ഥന
## ശ്രേഷ്ഠതയും മര്യാദകളും


സയ്യിദ് സഅ്ഫർ സ്വാദിഖ്

ജുബൈൽ-സഊദി അറേബ്യ


# الدعاء
## فضائل وأحكام


سيد سعفر صادق



الطبعة الأولى: 1426هـ

# മുഖവുരഃ

بسم الله الرحمن الرحيم

الحمد لله الصلاة والسلام على رسول الله وعلى آله وصحبه أجمعين

മനുഷ്യസമൂഹത്തെ അല്ലാഹു ലോകത്തേക്ക് നിയോഗിച്ചത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്. ആരാധനകളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് പ്രാർത്ഥനയുമാണ്. പ്രാർത്ഥനയില്ലാത്ത ഒരു ആരാധനയും അല്ലാഹുവിൻെറയടുത്ത് സ്വീകാര്യമാവുകയില്ല. ഏതൊരു കർമ്മത്തെയും ആരാധനയായി മാറ്റുന്നത് അതിലടങ്ങിയിട്ടുള്ള പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത ആരാധനകൾ വെറും അഭ്യാസ പ്രകടനമായിരിക്കും. എന്നാൽ വിശ്വാസിയുടെ ഈ അമൂല്യമായ രത്നത്തെ സംബന്ധിച്ച് അധികമാളുകളും അജ്ഞരാണെന്നതാണ് യാഥാർത്ഥ്യം. പ്രാർത്ഥനയുടെ കാര്യത്തിൽ വളരെയധികം അലംഭാവമാണ് സമൂഹം കാണിക്കുന്നത്. സൃഷ്ടിച്ച ദൈവത്തോട് പ്രാർത്ഥിക്കേണ്ടതിന് പകരം വെറും ചാപല്യങ്ങളും, വൈകല്യങ്ങളുമുള്ള സൃഷ്ടികളോടാണ് അധികമാളുകളും പ്രാർത്ഥിക്കുന്നത്. ചിലർ നാട്ടിയ

വിഗ്രഹത്തോട് പ്രാർത്ഥിക്കുമ്പോൾ മറ്റുചിലർ മണ്ണിൽ മറമാടപ്പെട്ടവരോടാണ് പ്രാർത്ഥിക്കുന്നത്. സമൂഹത്തോടൊപ്പം അവർക്ക് തെളിവുകളുണ്ടാക്കിക്കൊണ്ട് ഒരുപറ്റം പണ്ഡിതന്മാരും അതിന് കുടപിടിക്കുന്ന ദയനീയമായ കാഴ്ചയാണിന്ന് നാട്ടിൽ നമുക്ക് കാണാനാവുന്നത്. ഈ പശ്ചാത്തലത്തിൽ എന്താണ് പ്രാർത്ഥന? ആരോടാണ് പ്രാർത്ഥിക്കേണ്ടത്? പ്രാർത്ഥനയുടെ മര്യാദകൾ, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സന്ദർഭങ്ങൾ, സമയങ്ങൾ സ്ഥലങ്ങൾ, പ്രാർത്ഥനയിൽ വരുന്ന ബിദ്അത്തുകൾ തുടങ്ങിയ കാര്യങ്ങൾ ഇസ്ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് അൽപം പരിശോധിക്കാം. - إن شـــاء الله - പ്രാർത്ഥനയുടെ അനേകം പുസ്തകങ്ങൾ നമുക്ക് മാർക്കറ്റിൽ ലഭിക്കും. എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം? ആരോട് പ്രാർത്ഥിക്കണം? എപ്പോഴാണ് പ്രാർത്ഥിക്കേണ്ടത് തുടങ്ങിയ കാര്യങ്ങൾ ഒരു പ്രാർത്ഥനയുടെ പുസ്തകത്തിലും ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല, അത് കൊണ്ടാണ് പ്രാർത്ഥനയെ സംബന്ധിച്ച് കുറച്ച് കാര്യങ്ങൾ ശേഖരിക്കുവാൻ ആരംഭിച്ചത്. ഉദ്ധരിക്കുന്ന ആയത്തുകളുടെ സൂറത്തും നമ്പറും കൊടുത്തിട്ടുണ്ട്, അത്പോലെ ഹദീസുകൾ ആരാണ് ഉദ്ധരിച്ചത്, സ്വഹീഹാണോ, ദുർബ്ബലമാണോയെന്നും ഹദീസിൻെറ അവസാനം കൊടുത്തിട്ടുണ്ട്. മനുഷ്യൻ എന്ന നിലക്ക് തെറ്റുകളും, പിഴവുകളും സംഭവിക്കുവാൻ സാധ്യതയുണ്ട്. ഇത് പരിപൂർണമായും തെറ്റിൽ നിന്ന് മുക്തമാണെന്ന് അവകാശമുന്നയിക്കുന്നില്ല. വല്ല തെറ്റുമുണ്ടെങ്കിൽ അത് സൂചിപ്പിക്കുവാൻ അപേക്ഷിക്കുന്നു. പ്രത്യേകിച്ച് ആയത്തുകളിലും, ഹദീസുകളിലും വന്നിട്ടുള്ള തെറ്റുകൾ. അല്ലാഹു ഇത് ഒരു സ്വാലിഹായ കർമ്മമായി സ്വീകരിക്കുമാറാവട്ടെ. ആമീൻ .

നിങ്ങളുടെ സഹോദരൻ
സയ്യിദ് സഹ്ഫർ സ്വാദിഖ് മദീനി.

*****

# മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം

അല്ലാഹു മനുഷ്യസമൂഹത്തെ സൃഷ്ടിച്ചിട്ടുള്ളത് അവനെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ്. അത് വിശദീകരിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും, വേദഗ്രന്ഥങ്ങളിറക്കിയതും. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു:

(وَمَا خَلَقْتُ الْجِنَّ وَالإِنسَ إِلا لِيَعْبُدُونِ (56)

(എന്നെമാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ മനുഷ്യജിന്ന് വർഗങ്ങളെ സൃഷ്ടിച്ചിട്ടില്ല) അപ്പോൾ നമ്മെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് അവനെമാത്രം ആരാധിക്കുവാൻ വേണ്ടിയത്രെ. പ്രവാചകന്മാർ മുഖേന അല്ലാഹു സന്മാർഗവും, ദുർമാർഗവും വ്യക്തമാക്കി തന്നിരിക്കുന്നു. സന്മാർഗത്തിലൂടെ സഞ്ചരിച്ച് മനുഷ്യർക്ക് നന്ദിയുള്ളവനായിതീരാം, അത്പോലെ ദുർമാർഗത്തിലൂടെ സഞ്ചരിച്ച് നന്ദികെട്ടവനുമായി തീരാം. അല്ലാഹു പറയുന്നു:

(إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا)(سورةالإنسان: 3)

“തീർച്ചയായും നാം അവന്ന് വഴികാണിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു” (ഇൻസാൻ- 3)

അല്ലാഹു നമ്മെ വെറുതെ സൃഷ്ടിച്ചതല്ല. മറിച്ച് ഉന്നതമായ ഒരു ലക്ഷ്യമുണ്ടതിൽ. നമ്മെയെല്ലാവരെയും അവനിലേക്ക് തന്നെ മടക്കപ്പെടുന്നതാണ്. അല്ലാഹു പറയുന്നു:

(أَفَحَسِبْتُمْ أَنَّمَا خَلَقْنَاكُمْ عَبَثًا وَأَنَّكُمْ إِلَيْنَا لاَ تُرْجَعُونَ)

(سورةالمؤمنون: 115)

“അപ്പോൾ നാം നിങ്ങളെ വൃഥാ സൃഷ്ടിച്ചതാണെന്നും, നമ്മുടെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയില്ലെന്നും നിങ്ങൾ കണക്കാക്കിയിരിക്കയാണോ?” (അൽമുഅ്മിനൂൻ - 115)

മരണവും ജീവിതവും സൃഷ്ടിച്ചിരിക്കുന്നത് നന്മയുടെ വാക്താക്കളൊരാണെന്ന് പരീക്ഷിക്കുവാൻ വേണ്ടിയാണ്. അല്ലാഹു പറയുന്നു:

(الَّذي خَلَقَ الْمَوْتَ وَالْحَيَاةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا وَهُوَ الْعَزِيزُ الْغَفُورُ)(الملك: 2)

“നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു” (മുൽക് - 2)

മേൽ വിവരിച്ചതിൽ നിന്നും നമുക്ക് മനസ്സിലായത്, നമ്മുടെ സൃഷ്ടിപ്പിൽ ഉന്നതമായ ലക്ഷ്യമുണ്ട് എന്നാണ്. അത് നമ്മെ സൃഷ്ടിച്ച, സർവ്വലോക രക്ഷിതാവായ അല്ലാഹുവിനെ മാത്രം ആരാധിച്ച് അവൻ വിശ്വാസികൾക്കൊരുക്കിയ സ്വർഗം കരഗതമാക്കുകയെന്നതാണത്.

*****

# അല്ലാഹുവിനെ അറിയൽ വിശ്വാസികളുടെ ബാധ്യത:

തൻെറ രക്ഷിതാവ് ആരെണെന്നും, അവൻ എവിടെയാണെന്നും, അവൻെറ നാമവിശേഷണങ്ങൾ എന്തൊക്കെയാണെന്നും മനസ്സിലാക്കൽ ഓരോ വിശ്വാസിയുടെയും ബാധ്യതയാണ്. എങ്കിൽ മാത്രമേ തൻെറ ആരാധനകൾ മുഴുവനും അവൻ നമുക്ക് അറിയിച്ച് തന്ന രൂപത്തിൽ നിർവ്വഹിക്കുവാൻ സാധിക്കുകയുള്ളൂ. വളരെ ചുരുങ്ങിയ രൂപത്തിൽ അല്ലാഹുവിനെപ്പറ്റി വിശുദ്ധഖുർആനിൻെറയും തിരു സുന്നത്തിൻെറയും അടിസ്ഥാനത്തിൽ പ്രതിപാദിക്കുകയാണ് ഇവിടെ.

## അല്ലാഹു ആര്?

അല്ലാഹു ആരാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു:

(قُلْ هُوَ اللَّهُ أَحَدٌ * اللَّهُ الصَّمَدُ * لَمْ يَلِدْ وَلَمْ يُولَدْ * وَلَمْ يَكُنْ لَـــهُ كُفُوًا أَحَدٌ)(سورة الإخلاص: 1-4)

"(നബിയെ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജ

നിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ലതാനും (സൂറത്തുൽ ഇഖ്ലാസ്: 1-4)

സൂറത്ത് അൽബഖറയിൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത് ശ്രദ്ധിക്കുക:

(اللَّهُ لاَ إِلَهَ إِلاَّ هُوَ الْحَيُّ الْقَيُّومُ لاَ تَأْخُذُهُ سِنَةٌ وَلاَ نَوْمٌ لَهُ مَا فِي السَّمَوَاتِ وَمَا فِي الأَرْضِ مَنْ ذَا الَّذِي يَشْفَعُ عِنْدَهُ إِلاَّ بِإِذْنِهِ يَعْلَمُ مَا بَيْنَ أَيْدِيهِمْ وَمَا خَلْفَهُمْ وَلاَ يُحِيطُونَ بِشَيْءٍ مِنْ عِلْمِهِ إِلاَّ بِمَا شَاءَ وَسِعَ كُرْسِيُّهُ السَّمَوَاتِ وَالأَرْضَ وَلاَ يَئُودُهُ حِفْظُهُمَا وَهُوَ الْعَلِيُّ الْعَظِيمُ)(سورة البقرة: 255)

"അല്ലാഹു- അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവൻെറതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്തുവാനാരുണ്ട്? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവൻെറ അറിവിൽ നിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവൻെറ അധികാരപീഠം ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ" (അൽബഖറ:255)

## അല്ലാഹു റബ്ബാണ്:

ഖുർആൻ പറുന്നു:

(رَبُّ السَّمَوَاتِ وَالأَرْضِ وَمَا بَيْنَهُمَا فَاعْبُدْهُ وَاصْطَبِرْ لِعِبَادَتِهِ هَلْ تَعْلَمُ لَهُ سَمِيًّا)(سورة مريم: 65)

“ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെറയും രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്നു പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയുമോ? (മർയം:65)

(الْحَمْدُ للَّه رَبِّ الْعَالَمِينَ)(سورة الفاتحة: 1)

“സ്തുതി സർവ്വലോക രക്ഷിതാവായ അല്ലാഹുവിനാകുന്നു” (അൽ ഫാതിഹ: 1)

## അല്ലാഹു ആരാധ്യനാണ്:

അല്ലാഹു പറയുന്നു:

(وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنْ اُعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ)(سورة النحل: 36)

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി) (നഹ്ൽ : 36)

(فَاعْلَمْ أَنَّهُ لاَ إِلَهَ إِلاَّ اللَّهُ وَاسْتَغْفِرْ لِذَنْبِكَ )(سورة محمد: 19)

“ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക. നിന്റെറ പാപത്തിന് നീ പാപമോചനം തേടുക” (മുഹമ്മദ്: 19)

## അല്ലാഹുവിന് വിശുദ്ധ നാമങ്ങളുണ്ട്:

അല്ലാഹു സ്വയം തന്നെ വിശുദ്ധഖുർആനിലൂടെയും, പ്രവാചക വചനങ്ങളിലൂടെയും അവന് അനേകം നാമങ്ങളുണ്ടെന്ന് സ്ഥാപിക്കുന്നു. ഈ നാമങ്ങൾ മുഴുവനും അവന് മാത്രം പ്രത്യേകമായിട്ടുള്ളതാണ്. അല്ലാഹു പറയുന്നു:

(وَلِلَّهِ الأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا )(سورة الأعراف: 180)

"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെന്നിങ്ങൾ വിളിച്ചുകൊള്ളുക" (അഅ്റാഫ്: 180)

(هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ عَالِمُ الْغَيْبِ وَالشَّهَادَة هُوَ الرَّحْمَنُ الرَّحِيمُ * هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ الْمَلِكُ الْقُدُّوسُ السَّلاَمُ الْمُؤْمِنُ الْمُهَيْمِنُ الْعَزِيزُ الْجَبَّارُ الْمُتَكَبِّرُ سُبْحَانَ اللَّهِ عَمَّا يُشْرِكُونَ * هُوَ اللَّهُ الْخَالِقُ الْبَارِئُ الْمُصَوِّرُ لَهُ الأَسْمَاءُ الْحُسْنَى يُسَبِّحُ لَهُ مَا فِي السَّمَوَاتِ وَالأَرْضِ وَهُوَ الْعَزِيزُ الْحَكِيمُ)

(سورة الحشر: 21-24)

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്ക് ചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ. സ്രഷ്ടാവും നിർമ്മാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രേ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുമുള്ളവയും അവൻെറ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും" (ഹശ്ർ:22- 24)

## അല്ലാഹു പ്രാർത്ഥന കേൾക്കുന്നവൻ:

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ)(سورة غافر: 60)

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്. തീർച്ച” (ഗാഫിർ:60)

(لَهُ دَعْوَةُ الْحَقِّ وَالَّذِينَ يَدْعُونَ مِنْ دُونِهِ لاَ يَسْتَجِيبُونَ لَهُمْ بِشَيْءٍ )

(سورة الرعد: **14**)

“അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർത്ഥന. അവനു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുകയില്ല.” (റഅ്ദ്: 14)

(وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِي إِذَا دَعَانِي فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ)(سورة البقرة: **186**)

“നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്” (അൽബഖറ:186)

## അല്ലാഹു പാപം പൊറുക്കുന്നവൻ:

(نَبِّئْ عِبَادِي أَنِّي أَنَا الْغَفُورُ الرَّحِيمُ)(سورة الحجر: **49**)

“(നബിയെ,) ഞാൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണ് എന്ന്എന്റെ ദാസന്മാരെ വിവരമറിയിക്കുക” (ഹിജ്റ്:49)

## അല്ലാഹു കാരുണ്യവാനാണ്:

അല്ലാഹു മുഴുവൻ സൃഷ്ടികളോടും കാരുണ്യം കാണിക്കുന്നവനാണ്. അല്ലാഹു പറയുന്നു:

(الرَّحْمَنِ الرَّحِيمِ)(سورة الفاتحة: **3**)

"പരമകാരുണികനും കരുണാനിധിയും" (ഫാതിഹ:3)

## അല്ലാഹു വിചാരണ നാളിന്റെ അധിപനാണ്:

(مَالِكِ يَوْمِ الدِّينِ)( سورة الفاتحة: **4**)

"പ്രതിഫല നാളിന്റെ ഉടമസ്ഥൻ" (അൽ ഫാതിഹ:4)

(يَوْمَ هُمْ بَارِزُونَ لاَ يَخْفَى عَلَى اللَّهِ مِنْهُمْ شَيْءٌ لِمَنْ الْمُلْكُ الْيَوْمَ لِلَّهِ الْوَاحِدِ الْقَهَّارِ)(سورة غافر: **16**)

"അവർ വെളിക്കുവരുന്ന ദിവസമത്രെ അത്. അവരെ സംബന്ധിച്ച യാതൊരു കാര്യവും അല്ലാഹുവിന്ന് ഗോപ്യമായിരിക്കുകയില്ല. ഈ ദിവസം ആർക്കാണ് രാജാധികാരം? ഏകനും സർവ്വാധിപതിയുമായ അല്ലാഹുവിന്" (ഗാഫിർ:16)

## അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ

(إِنَّكَ لاَ تَهْدِي مَنْ أَحْبَبْتَ وَلَكِنَّ اللَّهَ يَهْدِي مَنْ يَشَاءُ وَهُوَ أَعْلَمُ بِالْمُهْتَدِينَ)(سورة القصص: **56**)

"തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു" (ഖസസ്: 56)

## അല്ലാഹുവാണ് ഭരമേൽപിക്കുവാൻ അർഹൻ

(فَقُلْ حَسْبِيَ اللَّهُ لاَ إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيمِ)(سورة التوبة: **129**)

"(നബിയെ,) നീ പറയുക: എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻെറമേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിൻെറ നാഥൻ" (തൗബ: 129)

( وَقَالُوا حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ)(سوة آل عمران: **173**)

"അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ" (ആലുഇംറാൻ:173)

## അല്ലാഹു അവനിൽ പങ്കു ചേർക്കുന്നതിനെ പൊറുക്കാത്തവൻ

(إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ وَمَنْ يُشْرِكْ بِاللَّهِ فَقَدْ افْتَرَى إِثْمًا عَظِيمًا)(سورة النساء: **48**)

"തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്ത് കൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്" (നിസാഅ്: 48)

## അല്ലാഹു ഉപരിലോകത്ത്?

ഇസ്ലാമിക വിശ്വാസ പ്രകാരം അല്ലാഹു സിംഹാസനത്തിൽ ഉപവിഷ്ടനാണെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

(الرَّحْمَنُ عَلَى الْعَرْشِ اسْتَوَى)(طه: 5)

"പരമകാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു" (ത്വാഹാ:5) അല്ലാഹുവിന്റെ സിംഹാസനം എവിടെയാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അല്ലാഹു ആകാശത്താണെന്നുള്ളതിന് വിശുദ്ധഖുർആനിൽ ധാരാളം ആയത്തുകൾ കാണാൻ സാധിക്കും. അല്ലാഹു പറയുന്നു:

(أَأَمنتُمْ مَنْ فِي السَّمَاءِ أَنْ يَخْسِفَ بِكُمْ الأَرْضَ فَإِذَا هِيَ تَمُـــورُ)

"ആകാശത്തുള്ളവൻ നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായോ? അപ്പോൾ അത് (ഭൂമി) ഇളകിമറിഞ്ഞ് കൊണ്ടിരിക്കും" (മുൽക്:17)

പ്രവാചകചര്യയിലും ഇതിനുപയുക്തമായ ധാരാളം തെളിവുകൾ കാണാൻ കഴിയുന്നതാണ്. പ്രവാചകതിരുമേനി (ﷺ) പറയുന്നു:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ وَالَّـــذِي نَفْسِي بِيَدِه مَا مِنْ رَجُلٍ يَدْعُو امْرَأَتَهُ إِلَى فِرَاشِهَا فَتَأْبَى عَلَيْه إِلَّا كَانَ الَّذِي فِي السَّمَاءِ سَاخِطًا عَلَيْهَا حَتَّى يَرْضَى عَنْهَا)(مسلم)

അബൂഹുറൈറ(റ)വിൽ നിന്ന് നിവേദനം: പ്രവാചകൻ (ﷺ) പറയുന്നു:"എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവൻ തന്നെയാണ് സത്യം; ഒരാൾ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് അവൾ അതിന് വിസമ്മതിക്കുകയാണെങ്കിൽ ഭർത്താവ് അവളിൽ തൃപ്തിപ്പെടുന്നത് വരെ ആകാശത്തുള്ളവൻ അവളിൽ കോപിക്കുന്നതാണ്" (മുസ്ലിം)

عن مُعَاوِيَةَ ابْنِ الْحَكَمِ السُّلَمِيِّ:قَالَ وَكَانَتْ لِي جَارِيَةٌ تَرْعَى غَنَمًا لِي قِبَلَ أُحُد وَالْجَوَّانِيَّة فَاطَّلَعْتُ ذَاتَ يَوْمٍ فَإِذَا الذِّئبُ قَدْ ذَهَــبَ بِشَاة مِنْ غَنَمِهَا وَأَنَا رَجُلٌ مِنْ بَنِي آدَمَ آسَفُ كَمَا يَأْسَفُونَ لَكِنِّــي صَكَكْتُهَا صَكَّةً فَأَتَيْتُ رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ فَعَظَّمَ ذَلكَ عَلَيَّ قُلْتُ: يَا رَسُولَ اللَّه أَفَلاَ أُعْتقُهَا قَالَ ائْتني بِهَا فَأَتَيْتُهُ بِهَا فَقَالَ لَهَا أَيْنَ اللَّهُ قَالَتْ: فِي السَّمَاءِ قَالَ: مَنْ أَنَا ؟قَالَتْ: أَنْتَ رَسُولُ اللَّه قَالَ: أَعْتقْهَا فَإِنَّهَا مُؤْمنَةٌ )(مسلم)

"മുആവിയ്യബ്നു ഹഖമുസ്സുലമി(﵁)യിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കുകയുണ്ടായി. ഞാൻ ആദം സന്തതിയിൽ പെട്ടതായതു് കൊണ്ട് തന്നെ എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാനവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകൻെറയടുത്ത് പോയി കാര്യം പറഞ്ഞു. അല്ലയോ തിരുദൂതരെ, ഞാനവളെ മോചിപ്പിക്കട്ടെയോ. അപ്പോൾ തിരുമേനി(ﷺ)പറഞ്ഞു: "നീ അവളെയും കൊണ്ട് വരൂ" അങ്ങനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ പ്രവാചകതിരുമേനി അവളോട് ചോദിച്ചു: "അല്ലാഹു എവിടെയാണ്?" അവൾ പ്രതിവചിച്ചു: <u>"ആകാശത്തിൽ"</u> ഞാൻ ആരാണെന്ന് പ്രവാചകൻ(ﷺ)വീണ്ടും ചോദിച്ചു? അവൾപറഞ്ഞു: "താങ്കൾഅല്ലാഹുവിൻെറ പ്രവാചകനാണ്" അപ്പോൾ നബി(ﷺ) എന്നോട് പറയുകയുണ്ടായി: "നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്". (മുസ്ലിം)

അല്ലാഹു എല്ലാ സ്ഥലത്തുമുണ്ടെന്ന വാദം വിശുദ്ധഖുർആനിനും, തിരുചര്യക്കും എതിരായത്കൊണ്ട് തന്നെ അങ്ങനെ വിശ്വസിക്കുവാൻ ഒരു മുസ്ലിമിന് പാടില്ലാത്തതാണ്. നേരെ മറിച്ച് അല്ലാഹു ഉപരിലോകത്താണെന്നാണ് ഇസ്ലാമിക പ്രമാണങ്ങൾ വിശദമാക്കുന്നത്.

*****

# സ്രഷ്ടാവ് അല്ലാഹു:

നമ്മുടെ ദൃഷ്ടികൾ കൊണ്ട് കാണുവാൻ കഴിയുന്നതും കഴിയാത്തതുമായ കോടാനുകോടി വസ്തുക്കളെയും, ഈ പ്രപഞ്ചത്തേയും യാതൊരു മാതൃകയുംകൂടാതെ സൃഷ്ടിച്ചത് അല്ലാഹുവാണ്. ഒരു മുട്ടുസൂചി പോലും അത് ഉണ്ടാക്കുന്നവനില്ലാതെ തനിയെ ഉണ്ടാവുകയില്ലെങ്കിൽ, എല്ലാം വ്യവസ്ഥാപിതമായി ചലിച്ച് കൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം എങ്ങനെ തനിയെ ഉണ്ടാവും?! ബുദ്ധിയുള്ളവർക്ക് അത് ചിന്തിക്കുവാൻ പോലും കഴിയില്ല. വിശുദ്ധഖുർആൻ വളരെ ഖണ്ഡിതമായിട്ടാണ് ഈ പ്രപഞ്ചത്തിനും, അതിലെ സർവ്വ വസ്തുക്കൾക്കും ഒരു സ്രഷ്ടാവുണ്ടെന്ന സത്യം മനുഷ്യസമൂഹത്തോട് വിളിച്ച് പറയുന്നത്. വിശുദ്ധഖുർആൻ പറയുന്നത് ശ്രദ്ധിക്കുക.

(وَلَئِنْ سَأَلْتَهُمْ مَنْ خَلَقَ السَّمَوَاتِ وَالأَرْضَ وَسَخَّرَ الشَّمْسَ وَالْقَمَرَ لَيَقُولُنَّ اللَّهُ فَأَنَّا يُؤْفَكُونَ) (العنكبوت:61)

“ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനേയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവ വിശ്വാസികളോട്) ചോദിക്കുന്നപക്ഷം തീർച്ച

യായും അവർ പറയും: അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങിനെയാണ് അവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്" (അൻകബൂത്: 61)

(أَمَّنْ خَلَقَ السَّمَوَاتِ وَالأَرْضَ وَأَنزَلَ لَكُمْ مِنْ السَّمَاءِ مَاءً فَأَنْبَتْنَا بِهِ حَدَائِقَ ذَاتَ بَهْجَةٍ مَا كَانَ لَكُمْ أَنْ تُنْبِتُوا شَجَرَهَا ءَإِلَهٌ مَعَ اللَّهِ بَلْ هُمْ قَوْمٌ يَعْدِلُونَ * أَمَّنْ جَعَلَ الأَرْضَ قَرَارًا وَجَعَلَ خِلالَهَا أَنْهَارًا وَجَعَلَ لَهَا رَوَاسِيَ وَجَعَلَ بَيْنَ الْبَحْرَيْنِ حَاجِزًا ءَإِلَهٌ مَعَ اللَّهِ بَلْ أَكْثَرُهُمْ لاَ يَعْلَمُونَ * أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الأَرْضِ ءَإِلَهٌ مَعَ اللَّهِ قَلِيلاً مَا تَذَكَّرُونَ * أَمَّنْ يَهْدِيكُمْ فِي ظُلُمَاتِ الْبَرِّ وَالْبَحْرِ وَمَنْ يُرْسِلُ الرِّيَاحَ بُشْرًا بَيْنَ يَدَيْ رَحْمَتِهِ ءَإِلَهٌ مَعَ اللَّهِ تَعَالَى اللَّهُ عَمَّا يُشْرِكُونَ * أَمَّنْ يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَمَنْ يَرْزُقُكُمْ مِنْ السَّمَاءِ وَالأَرْضِ ءَإِلَهٌ مَعَ اللَّهِ قُلْ هَاتُوا بُرْهَانَكُمْ إِنْ كُنتُمْ صَادِقِينَ) (النمل: 60-64)

"അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞ് തരുകയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ) എന്നിട്ട് (വെള്ളം) മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കിതരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ, അല്ല അവർ വ്യതിചലിച്ച്പോകുന്ന ഒരു ജനതയാകുന്നു.- അഥവാ, ഭൂമിയെ നിവാസയോഗ്യമാക്കുകയും, അതിനിടയിൽ നദികളുണ്ടാക്കുകയും, അതിന് ഉറപ്പു നൽകുന്ന പർവ്വത

ങ്ങളുണ്ടാക്കുകയും, രണ്ടുതരം ജലാശയങ്ങൾക്കിടയിൽ ഒരു തട സ്സം ഉണ്ടാക്കുകയും ചെയ്തവനോ? (അതോ അവരുടെ ദൈവ ങ്ങളോ) അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? അല്ല, അവരിൽ അധികപേരും അറിയുന്നില്ല.- അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുക യും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാ ത്രമേ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ.- അഥവാ, കര യിലെയും കടലിലേയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴി കാണിക്കകയും, തൻെറ കാരുണ്യത്തിന് മുമ്പിൽ സന്തോഷ സൂ ചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അവർ പങ്കു ചേർക്കുന്നതിനെല്ലാം അല്ലാഹു അതീതനായിരിക്കുന്നു.- അഥവാ, സൃഷ്ടി ആരംഭിക്കുകയും പി ന്നീട് അതാവർത്തിക്കുകയും, ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നല്കുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? (നബിയെ,) പറയുക: നിങ്ങൾ സത്യവാ ന്മാരാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരി ക" (നംല്:60-64)

പ്രപഞ്ചവും അതിലെ സർവ്വ വസ്തുക്കളും സൃഷ്ടിക്കു വാൻ കഴിവുള്ളവൻ ആരാണോ അവനോട് മാത്രമേ നാം പ്രാ ർത്ഥിക്കാവൂ. അതായത് സ്രഷ്ടാവ് ആരാണോ അവനോട് മാ ത്രമെ സൃഷ്ടികൾ പ്രാർത്ഥിക്കുവാൻ പാടുള്ളൂ.

*****

# നാം പ്രാർത്ഥിക്കേണ്ടത് ആരോട്?

നമ്മുടെ അർത്ഥനകൾ കേൾക്കുകയും, അതിന് ഉത്തരം നൽകുകയും ചെയ്യുന്നവനോടാണ് നാം പ്രാർത്ഥിക്കേണ്ടത്. അതല്ലാതെ കേൾക്കുകയോ, കാണുകയോ, ഉത്തരം നൽകുകയോ ചെയ്യാത്തവരെ വിളിച്ച് കൊണ്ട് നാം പ്രാർത്ഥിച്ചിട്ട് എന്ത് ഫലം? ഇബ്രാഹിം(عليه السلام) തന്റെ പിതാവിനോട് ഈ കാര്യം പറയുന്നത് വിശുദ്ധഖുർആൻ നമുക്ക് അറിയിച്ച് തരുന്നുണ്ട്.

(إِذْ قَالَ لأَبِيهِ يَاأَبَتِ لِمَ تَعْبُدُ مَالاَ يَسْمَعُ وَلاَ يُبْصِرُ وَلاَ يُغْنِي عَنْـــكَ شَيْئًا)(سورة مريم: **42**)

(അദ്ദേഹം തന്നെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു) 'എന്റെ പിതാവെ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരുപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു) മർയം - 42

ഉത്തരം നൽകുന്നവരോടെ നാം പ്രാർത്ഥിച്ചിട്ട് കാര്യമൊള്ളൂ. അല്ലാഹുവല്ലാത്ത ആരോട് പ്രാർത്ഥിച്ചാലും നമുക്ക് ഉത്തരം ലഭിക്കുകയില്ല തന്നെ. എന്നാൽ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാമെന്നാണ്. അല്ലാഹു പറയുന്നു:

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ )(غافر: **60**)

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരംനൽകാം) (ഗാഫിർ:60)

## പ്രാർത്ഥന സർവ്വ ശക്തനോട് മാത്രം:

സർവ്വശക്തനോടാണ് നാം പ്രാർത്ഥിക്കേണ്ടത്.അല്ലാഹു പറയുന്നു:

إنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ(النحل: 77)

"തീർച്ചയായും അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാകുന്നു) (നഹ്ൽ:77)

## പ്രാർത്ഥന എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നവനോട് മാത്രം:

എല്ലാം കേൾക്കുകയും, കാണുകയും ചെയ്യുന്നവനോട് മാത്രമേ നാം പ്രാർത്ഥിക്കാവൂ. അല്ലാഹു പറയുന്നു:

(لَيْسَ كَمِثْله شَيْءٌ وَهُوَ السَّمِيعُ البَصِيرُ)(سورة الشورى: 11)

"അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്ന വനും, കേൾക്കുന്നവനുമാകുന്നു" (ശൂറാ:11)

(إِنْ تَدْعُوهُمْ لاَ يَسْمَعُوا دُعَاءَكُمْ وَلَوْ سَمعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَة يَكْفُرُونَ بِشرْككُمْ وَ لاَ يُنَبِّئُكَ مثْلُ خَبِيرٍ)(سورة الفاطر: 14)

"നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നല്കുന്നതല്ല. ഉയിർത്തെഴുന്നേൽപ്പിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളിയാക്കിയതിനെ അവർ നിഷേധിക്കുന്ന തുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പോലെ നിന ക്ക് വിവരം തരാൻ ആരുമില്ല" (ഫാത്വിർ:14)

# പ്രാർത്ഥന സൃഷ്ടികർത്താവിനോട് മാത്രം

സൃഷ്ടികൾ തൻെറ വേവലാതികളും, വ്യസനങ്ങളും എല്ലാം തന്നെ തുറന്ന് വെക്കേണ്ടത് ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കുവാൻ കഴിയുവുള്ള സർവ്വശക്തൻെറ മുമ്പിലാണ്. ഇസ്ലാം സൃഷ്ടി പൂജയെ ശക്തമായ ഭാഷയിൽ എതിർക്കുന്നത് കൊണ്ട് തന്നെ ഒരു സൃഷ്ടിയും ആരാധിക്കപ്പെടാൻ പാടില്ല. ആരാധിക്കപ്പെടേണ്ടത് സ്രഷ്ടാവ് മാത്രം. വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു:

(قُلْ أَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ ائْتُونِي بِكِتَابٍ مِنْ قَبْلِ هَذَا أَوْ أَثَارَةٍ مِنْ عِلْمٍ إِنْ كُنْتُمْ صَادِقِينَ)(الأحقاف: 4)

"(നബിയെ,) പറയക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ

ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിൻെറ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുവിൻ" (അഹ് ഖാഫ്:4)

(قُلْ أَرَأَيْتُمْ شُرَكَاءَكُمُ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ الأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ أَمْ آتَيْنَاهُمْ كِتَابًا فَهُمْ عَلَى بَيِّنَةٍ مِنْهُ بَلْ إِنْ يَعِدُ الظَّالِمُونَ بَعْضُهُمْ بَعْضًا إِلاَ غُرُورًا)(فاطر: 40)

"നീ പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന നിങ്ങളുടെ പങ്കാളികളെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്തൊന്നാണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക. അതല്ല, ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽ നിന്നുള്ള തെളിവിനനുസരിച്ചാണോ അവർ നിലകൊള്ളുന്നത്? അതല്ല അക്രമകാരികൾ അന്യോന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു" (ഫാത്വിർ: 40)

(يَاأَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَنْ يَخْلُقُوا ذُبَابًا وَلَوْ اجْتَمَعُوا لَهُ وَإِنْ يَسْلُبْهُمْ الذُّبَابُ شَيْئًا لاَ يَسْتَنقِذُوهُ مِنْهُ ضَعُفَ الطَّالِبُ وَالْمَطْلُوبُ)(الحج: 73)

"മനുഷ്യരെ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തു ചേർന്നാൽ പോലും. ഈച്ച അവരുടെപക്കലിൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻെറ പക്കൽനിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബ്ബലർതന്നെ" (ഹജ്ജ്:73)

മേൽ വിവരിച്ച ആയത്തുകളിൽ അല്ലാഹു പറഞ്ഞത് പ്രകാരം ഒരു ഈച്ചയെപോലും സൃഷ്ടിക്കുവാൻ കഴിവില്ലാത്ത സൃഷ്ടികളോട് എങ്ങനെ നാം പ്രാർത്ഥിക്കും? സൃഷ്ടികളോടല്ല നാം പ്രാർത്ഥിക്കേണ്ടത് മറിച്ച് സൃഷ്ടികർത്താവിനോട് മാത്രമെ നാം പ്രാർത്ഥിക്കാവൂ, അവനെ മാത്രമെ നാം ആരാധിക്കാവൂ.

അദൃശ്യം അറിയുന്നവനോട് മാത്രമേ പ്രാർത്ഥിക്കാവൂ. മറഞ്ഞകാര്യം അല്ലാഹുവിനല്ലാതെ ആർക്കും അറിയുകയില്ല. അത് പ്രവാചകന്മാരാവട്ടെ, അല്ലാഹുവിൻെറ അടുത്ത മലക്കുക ളാവട്ടെ ആർക്കും അറിയുകയില്ല.

(قُلْ لاَ أَقُولُ لَكُمْ عندِي خَزَائِنُ اللَّهِ وَ لاَ أَعْلَمُ الْغَيْبَ وَ لاَ أَقُولُ لَكُمْ إِنِّي مَلَكٌ إِنْ أَتَّبِعُ إِلاَّ مَا يُوحَى إِلَيَّ قُلْ هَلْ يَسْتَوِي الأَعْمَى وَالْبَصِيرُ أَفَلاَ تَتَفَكَّرُونَ)(سورة الأنعام: 50)

"പറയുക: അല്ലാഹുവിൻെറ ഖജനാവുകൾ എൻെറ പക്കലുണ്ടെ ന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറി യുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയു ന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാ കുമോ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്?" (അൻആം:50)

(وَعِنْدَهُ مَفَاتِحُ الْغَيْبِ لاَ يَعْلَمُهَا إِ لاَ هُوَ وَيَعْلَمُ مَا فِي الْبَرِّ وَالْبَحْرِ وَمَا تَسْقُطُ مِنْ وَرَقَة إِلاَّ يَعْلَمُهَا وَ لاَ حَبَّة فِي ظُلُمَاتِ الأَرْضِ وَ لاَ رَطْب وَ لاَ يَابِس إِ لاَ فِي كِتَاب مُبِين)(الأنعام: 59)

"അവൻെറ പക്കലാകുന്നു അദൃശ്യകാര്യങ്ങളുടെ ഖജനാവുക ൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമു ള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കു ള്ളിലിരിക്കുന്ന ഒരു ധാന്യ മണിയാവട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തു

വാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (അൻആം:59)

പ്രവാചകന്മാർക്ക് പോലും സ്വന്തത്തിന് ഒരു ഉപകാരം വരുത്തുവാനോ, തനിക്ക് വരുന്ന ബുദ്ധിമുട്ടുകളെ തടുക്കുവാനോ സാധിക്കുന്നില്ല. ഖുർആൻ പറയുന്നു:

(قُلْ لاَ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَاءَ اللَّهُ وَلَوْ كُنتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنْ الْخَيْرِ وَمَا مَسَّنِي السُّوءُ إِنْ أَنَــا إِلاَّ نَــذِيرٌ وَبَشِيرٌ لِقَوْمٍ يُؤْمِنُونَ)( الأعراف: 188)

"(നബിയെ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യ കാര്യമറിയുമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്." (അഅ്റാഫ്:188)

ശത്രുക്കളുടെ മുന്നിൽ തന്റെ പ്രവാചകത്വം സ്ഥാപിക്കേണ്ട സന്ദർഭം വന്നപ്പോൾ പോലും പ്രവാചകന് അദൃശ്യം അറിയുന്നില്ല. അല്ലാഹുവാണ് അദൃശ്യം അറിയുന്നവൻ ആയതിനാൽ ഞാനും നിങ്ങളെപോലെ അല്ലാഹു അറിയിച്ച് തരുന്നത് വരെ കാത്തിരിക്കുന്നു എന്നാണ് പ്രവാചകൻ തന്റെ ശത്രുക്കളോട് പറയുന്നത്. അല്ലാഹു പറയുന്നു:

(وَيَقُولُونَ لَوْلاَ أُنْزِلَ عَلَيْهِ آيَةٌ مِنْ رَبِّهِ فَقُلْ إِنَّمَا الْغَيْبُ لِلَّهِ فَانْتَظِرُوا إِنِّي مَعَكُمْ مِنْ الْمُنْتَظِرِينَ)(يونس: 20)

"അവർ പറയുന്നു: അദ്ദേഹത്തിന് (നബിക്ക്) തന്റെ രക്ഷിതാവിങ്കൽ നിന്ന് ഒരു തെളിവ്(നേരിട്ട്) ഇറക്കിക്കൊടുക്കപ്പെടാത്തതെന്തുകൊണ്ട്? (നബിയെ,) പറയുക: അദൃശ്യജ്ഞാനം അല്ലാഹുവിന് മാത്രമാകുന്നു. അതിനാൽ നിങ്ങൾ കാത്തിരിക്കൂ. തീർച്ച

യായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തി ലാകുന്നു" (യൂനുസ്:20)

(قُلْ لاَ يَعْلَمُ مَنْ فِي السَّمَوَاتِ وَالأَرْضِ الْغَيْبَ إِلاَّ اللَّهُ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ)(سورة النمل: 65)

"(നബിയെ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേല്പിക്കപ്പെടുക എന്നും അവർക്കറിയില്ല" (നംല്:65)

(هُوَ اللَّهُ الَّذِي لاَ إِلَهَ إِلاَّ هُوَ عَالِمُ الْغَيْبِ وَالشَّهَادَةِ هُــوَ الــرَّحْمَنُ الرَّحِيمُ)(سورةالحشر: 22)

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു" (ഹശ്ർ:22)

(يَعْلَمُ خَائِنَةَ الأَعْيُنِ وَمَا تُخْفِي الصُّدُورُ)(غافر: 19)

"കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചു വെക്കുന്നതും അവൻ(അല്ലാഹു) അറിയുന്നു" (മുഅ്മിൻ:19)

പ്രവാചകന്മാരുടെ നേതാവും, അവസാനത്തെ പ്രവാചകനും, ലോകർക്ക് കാരുണ്യമായി നിയോഗിതനുമായിട്ടുള്ള പ്രവാചകൻ(ﷺ)ക്ക് അദൃശ്യം അറിയേണ്ട അനിവാര്യമായ ഒട്ടനവധി സന്ദർഭങ്ങൾ തന്റെ പ്രവാചക ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. പക്ഷെ, ആ സന്ദർഭത്തിൽ ഒന്നുംതന്നെ മറഞ്ഞ കാര്യം പ്രവാചകൻ(ﷺ) അറിഞ്ഞിട്ടില്ല. മറിച്ച് അല്ലാഹുവിന്റെ വഹ്യ് കാത്തിരിക്കുന്നതാണ് നമുക്ക് കാണാനാവുന്നത്. അതിന് സാക്ഷിയായിട്ട് ഒരുപാട് സംഭവങ്ങൾ പ്രവാചകൻ(ﷺ) തന്നെ തന്റെ ചര്യയിൽ വിവരിക്കുന്നതായി ഹദീസ് ഗ്രന്ഥങ്ങളിൽ കാണാൻ കഴിയുന്ന

താണ്. ആയതിനാൽ നാം നമ്മുടെ പ്രാർത്ഥനയും ആരാധനയും അദൃശ്യം അറിയുന്ന അല്ലാഹുവിന് മാത്രമേ അർപ്പിക്കുവാൻ പാടൊള്ളു.

*****

## അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കാവൂ

ലോകത്തേക്ക് നിയോഗിക്കപ്പെട്ട പ്രവാചകന്മാരെല്ലാം തന്നെ പരമപ്രധാനമായി ഈ ലോകത്തോട് പ്രബോധനം ചെയ്തത് അല്ലാഹുവിനെ മാത്രമേ നിങ്ങൾ ആരാധിക്കാവൂ, അവനോട് മാത്രമേ നിങ്ങൾ പ്രാർത്ഥിക്കാവൂ എന്ന സത്യമായിരുന്നു. അത് വിശുദ്ധ ഖുർആൻ ധാരാളം സ്ഥലത്ത് വിവരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

(وَمَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لاَإِلَـــهَ إِلاَّ أَنَـــا فَاعْبُدُون)(الأنبياء : **25**)

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകി കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരുദൂതനെയും നാം അയച്ചിട്ടില്ല” (അൻബിയാ: 25)

(وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنْ اُعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ )

(سورة النحل: **36**)

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നി യോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും. ദുർമൂർത്തി

കളെ വെടിയുകയും ചെയ്യണം എന്ന് എന്ന്(പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (നഹ്ൽ: 36)

(وَأَنَّ الْمَسَاجِدَ لِلَّهِ فَلاَ تَدْعُوا مَعَ اللَّهِ أَحَدًا)(سورة الجن: 18)

"പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവേടൊപ്പം ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്" (ജിന്ന്: 18)

*****

# പ്രാർത്ഥന ആരാധന തന്നെ:

മുസ്ലിങ്ങളുടെ സർവ്വാംഗീകാരമായ പ്രമാണമാണ് വിശുദ്ധഖുർആനും, തിരുസുന്നത്തും. വിശ്വാസികളുടെ ജീവിതം ക്രമപ്പെടുത്തേണ്ടത് ഈ പ്രമാണങ്ങളുടെ വെളിച്ചത്തിലാണ്. മുസ്ലിങ്ങളുടെ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു അമൂല്യ സമ്പത്താണ് പ്രാർത്ഥനയെന്നുള്ളത്. ആ പ്രാർത്ഥന എങ്ങിനെ ആയിരിക്കണമെന്നുള്ളത് ഓരോ വിശ്വാസികളും അറിഞ്ഞിരിക്കേണ്ടതുണ്ട്. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത് പ്രാർത്ഥന ആരാധന തന്നെയാണ് എന്നാകുന്നു. തിർമിദി തന്റെ സുനനിൽ 3294-ാം നമ്പറായി ഉദ്ധരിക്കുന്ന ഹദീസിൽ ഇങ്ങനെ പറയുന്നു:

( عَنِ النَّبِيِّ صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: الدُّعَاءُ هُوَ الْعِبَادَةُ)

"പ്രാർത്ഥന അത് തന്നെയാണ് ആരാധന" ഹദീസ്.

എന്നിട്ട് പ്രവാചകതിരുമേനി (ﷺ) സൂറത്തു മുഅ്മിനിലെ അറുപതാമത്തെ ആയത്ത് ഓതി.

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ)(غافر: 60)

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്) ഇവിടെ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർത്ഥിക്കുകയെന്നാണ്. പ്രാർത്ഥനയെന്ന ആരാധന നടത്താതെ ആരെങ്കിലും അഹങ്കാരം നടിക്കുന്ന പക്ഷം അവന്ന് കഠിനമായ നരക ശിക്ഷയാണുള്ളതെന്നും പറയുന്നു. ഇവിടെ അല്ലാഹു പ്രാർത്ഥന ആരാധനയായിട്ടാണ് പറഞ്ഞത്. മാത്രവുമല്ല ആരാധനയാകുന്ന പ്രാർത്ഥന എന്നോടല്ലാതെ യാതൊരുത്തരോടും പാടില്ലായെന്നും പറയുന്നു. പ്രാർത്ഥന ആരാധനതന്നെയാണെന്നതിന്ന് വിശുദ്ധഖുർആനിൽ നിന്ന് നമുക്ക് അനേകം ആയത്തുകൾ ഉദ്ധരിക്കുവാൻ സാധിക്കും. അല്ലാഹു സൂറത്തുൽ ജിന്നിൽ പറയുന്നു:

(وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا)(سورة الجن: 18)

"പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. ആയതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത്"

(قُلْ إِنِّي نُهِيتُ أَنْ أَعْبُدَ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَمَّا جَاءَنِي الْبَيِّنَاتُ مِنْ رَبِّي وَأُمِرْتُ أَنْ أُسْلِمَ لِرَبِّ الْعَالَمِينَ)(سورة الغافر: 66)

"നബിയെ, പറയുക, എന്റെ രക്ഷിതാവിങ്കൽ നിന്ന് എനിക്ക് തെളിവുകൾ വന്നുകിട്ടിയിരിക്കേ അല്ലാഹുവിന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവരെ ആരാധിക്കുന്നതിൽ നിന്ന് തീർച്ചയായും ഞാൻ വിലക്കപ്പെട്ടിരിക്കുന്നു. ലോകങ്ങളുടെ രക്ഷിതാവിന്ന് ഞാൻ കീഴ്പ്പെടണമെന്ന് കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു." (ഗാഫിർ- 66)

(وَالَّذِينَ تَدْعُونَ مِنْ دُونِهِ مَا يَمْلِكُونَ مِنْ قِطْمِيرٍ)(فاطر: 13)

(അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല) (ഫാത്വിർ - 13)

(يَاأَيُّهَا النَّاسُ ضُرِبَ مَثَلٌ فَاسْتَمِعُوا لَهُ إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللَّهِ لَنْ يَخْلُقُوا ذُبَابًا وَلَوْ اجْتَمَعُوا لَهُ وَإِنْ يَسْلُبْهُمْ الذُّبَابُ شَيْئًا لاَ يَسْتَنقِذُوهُ مِنْهُ ضَعُفَ الطَّالِبُ وَالْمَطْلُوبُ)(الحج: 73)

"മനുഷ്യരെ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. ആതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽനിന്ന് വല്ലതും തട്ടിയെടുത്താൽ അതിൻെറ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും, അപേക്ഷിക്കപ്പെടുന്നവനും ദുർബ്ബലർ തന്നെ" (ഹജ്ജ് - 73)

(قُلْ أَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنْ الأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ ائْتُونِي بِكِتَابٍ مِنْ قَبْلِ هَذَا أَوْ أَثَارَةٍ مِنْ عِلْمٍ إِنْ كُنْتُمْ صَادِقِينَ)(سورة الأحقاف: 4)

(നബിയെ,) പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ച് തരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിൻെറ വല്ല

അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നുതരുവിൻ) (അഹ്ഖാഫ് - 4)

മേൽ ഉദ്ധരിച്ച ആയത്തുകളിൽ നിന്ന് നമുക്ക് അല്ലാഹു വ്യക്തമാക്കി തരുന്നത് പ്രാർത്ഥന ആരാധനയാകുന്നുവെന്നാണ്. പക്ഷെ, എല്ലാ വിളിയും പ്രാർത്ഥനയാണോ എന്നൊക്കെ ചോദിച്ച് കൊണ്ട് പാമര ജനങ്ങളെ വഴി തെറ്റിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട്. അവർക്കല്ലാഹു സന്മാർഗം നൽകട്ടെ എന്ന് പ്രാർത്ഥിക്കാം.

കോഴിക്കോട് വലിയ ഖാളിയായിരുന്ന 'സയ്യിദ് അഹ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ എഴുതിയിട്ടുള്ള ഖുർആൻ പരിഭാഷയിലെ സൂറത്തുൽ ഫാത്വിഹ:യിലെ

(إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ)(الفاتحة: 5)

എന്ന ആയത്തിൻെറ അർത്ഥം കൊടുത്തതിന്ന് ശേഷം അദ്ദേഹം വിവരിക്കുന്നത് നാം ശ്രദ്ധിക്കുക: "നമ്മെ സൃഷ്ടിക്കുകയും പരിപാലിക്കുകയും മറ്റും ചെയ്യുന്നത് ഏകനായ അല്ലാഹുവാണ്. ഈ കാര്യങ്ങളിലൊന്നും മറ്റാർക്കും യാതൊരു പങ്കും ഇല്ല. അതിനാൽ അല്ലാഹുവിനെ മാത്രമേ നാം ആരാധിക്കാൻ പാടുള്ളൂ. അവനോട് മാത്രമേ പ്രാർത്ഥിക്കുവാനും പാടുള്ളൂ. സഹായം തേടുകയെന്നതുകൊണ്ട് പ്രാർത്ഥനയാണ് ഉദ്ദേശം. പ്രാർത്ഥനയാകട്ടെ ഇബാദത്തിൻെറ - ആരാധനയുടെ ഒരു ഭാഗമാണ്താനും" (അമ്മ ജുസ്അ് പരിഭാഷ - 'സയ്യിദ് അഹ്മദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങൾ. പേജ് - 3) അടിവരയിട്ട ഭാഗം പ്രത്യേകം ശ്രദ്ധിക്കുക.

ഇവിടെ പ്രത്യേകം എടുത്ത് പറഞ്ഞിട്ടുള്ളത്, സഹായം തേടുക എന്ന് പറഞ്ഞാൽ പ്രാർത്ഥനയാകുന്നുവെന്നും, പ്രാർത്ഥനയാകട്ടെ ആരാധനയുടെ ഭാഗമായതിനാൽ അല്ലാഹുവിന്നല്ലാതെ മറ്റാർക്കുമത് നൽകുവാൻ പാടില്ലെന്നുമാണ്.

*****

# പ്രാർത്ഥനയുടെ പ്രാധാന്യം:

വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു കാര്യമാണ് പ്രാർത്ഥന. പ്രാർത്ഥനയില്ലാതെ ഒരാൾക്ക് യഥാർത്ഥ വിശ്വാസിയാകുവാൻ കഴിയില്ല. സത്യവിശ്വാസി ചെയ്യുന്ന എല്ലാ ആരാധനകളിലും പ്രാർത്ഥന ഉൾകൊള്ളുന്നുണ്ട്. പ്രാർത്ഥനയില്ലാത്ത ആരാധനാകർമ്മങ്ങൾ വെറും പാഴ്വേല മാത്രമായിരിക്കും. അല്ലാഹുവിൻെറ പ്രീതി സമ്പാദിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനോട് തൻെറ ആവശ്യങ്ങളൊക്കെ നിരത്തിക്കൊണ്ട് നിരന്തരം പ്രാർത്ഥിക്കുകയെന്നതാണ്. അല്ലാഹുവിനോട് പ്രാത്ഥിക്കാത്തവനെ അല്ലാഹു ഇഷ്ടപ്പെടുകയോ പരിഗണിക്കുകയോ ചെയ്യില്ല. അല്ലാഹു പറയുന്നു:

(قُلْ مَا يَعْبَأُ بِكُمْ رَبِّي لَوْلاَ دُعَاؤُكُمْ فَقَدْ كَذَّبْتُمْ فَسَوْفَ يَكُونُ لِزَامًا)

(فرقان: **77**)

(നബിയെ) പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എൻെറ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതിനുള്ള ശിക്ഷ അനിവാര്യമായിരിക്കും) (ഫുർഖാൻ - 77)

പ്രാർത്ഥിക്കാതെ അഹങ്കാരം നടിക്കുകയാണെങ്കിൽ അവൻെറ മടക്കം നരകമായിരിക്കും. അല്ലാഹുപറയുന്നു:

(وَقَالَ رَبُّكُمْ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ) (سورة الغافر: 60)

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്" (ഗാഫിർ:60)

പ്രാർത്ഥന കൊണ്ട് അല്ലാഹു പാപങ്ങൾ പൊറുത്ത് തരുന്നതാണ്. തിർമിദി ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

عَنْ أَبِي عُثْمَانَ النَّهْدِيِّ عَنْ سَلْمَانَ الْفَارِسِيِّ عَنِ النَّبِيِّ صَلَّى اللَّـــه عَلَيْهِ وَسَلَّمَ قَالَ:( إِنَّ اللَّهَ حَيِيٌّ كَرِيمٌ يَسْتَحْيِي إِذَا رَفَعَ الرَّجُلُ إِلَيْـــهِ يَدَيْهِ أَنْ يَرُدَّهُمَا صِفْرًا خَائِبَتَيْنِ) ترمذي

സൽമാനുൽ ഫാരിസി(﵁)യിൽ നിന്ന് നിവേദനം: പ്രവാചക തിരുമേനി (ﷺ) പറയുകയുണ്ടായി: "അല്ലാഹു ലജ്ജിക്കുന്നവനും, ഉദാരനുമാണ്, ഒരു അടിമ അല്ലാഹുവിലേക്ക് കൈകൾ ഉയർത്തി പ്രാർത്ഥിച്ചിട്ട് ഒന്നും നൽകാതെ അവ മടക്കുകയെന്നത് അവൻ ലജ്ജിക്കുന്ന കാര്യമാണ്." (തിർമിദി)

عن أبي هريرة رضي الله عنه عَنِ النَّبِيِّ ﷺ قَالَ:(ليس شيء أكـــرم على الله تعالى من الدعاء) (الترمذي– حسن إســـناده الألبـــاني في صحيح الترمذي)

"അബൂഹുറൈറ(﵁)വിൽ നിന്ന്, പ്രവാചകൻ(ﷺ)പറഞ്ഞു: അല്ലാഹുവിന് പ്രാത്ഥനയേക്കാൾ ആദരവുള്ള യാതൊന്നും തന്നെയില്ല" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

عن أبي هريرة رضي الله عنه عَنِ النَّبِيِّ ﷺ قَالَ:(من لم يسأل الله يغضب عليه) ( الترمذي – حسن إسناده الألباني في صحيح الترمذي)

“അബൂഹുറൈറ(رضي الله عنه)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറഞ്ഞു: “അല്ലാഹുവിനോട് ചോദിക്കാത്തവൻെറ മേൽ അല്ലാഹു കോപി ക്കുന്നതാണ്” (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞി ട്ടുണ്ട്)

*****

# സൃഷ്ടികൾ പ്രാർത്ഥന കേൾക്കുകയില്ല.

മരിച്ച് പോയ ആളുകളോട് നാം വിളിച്ച് പ്രാർത്ഥിച്ചാൽ അവർ നമ്മുടെ പ്രാർത്ഥന കേൾക്കുകയില്ല. അവരെ കേൾ പ്പിക്കുവാൻ നമുക്ക് കഴിയുകയില്ല. ഇനി വാദത്തിന് അവർ കേൾക്കും എന്ന് നാം സമ്മതിച്ചാൽ പോലും നമ്മുടെ പ്രാർത്ഥ നക്ക് ഉത്തരം നൽകുവാൻ അവർക്ക് കഴിയില്ലെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക.

(فَإِنَّكَ لاَ تُسْمِعُ الْمَوْتَى وَلاَ تُسْمِعُ الصُّمَّ الدُّعَاءَ إِذَا وَلَّوْا مُدْبِرِينَ)

(سورة الروم: **52**)

“എന്നാൽ മരിച്ചവരെ നിനക്ക് കേൾപ്പിക്കാനാവില്ല തീർച്ച. ബധി രന്മാർ പിന്നോക്കം തിരിഞ്ഞ് പോയാൽ അവരെ വിളി കേൾപ്പി ക്കാനും നിനക്കാവില്ല” (റൂം:52)

(إِنْ تَدْعُوهُمْ لاَ يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلاَ يُنَبِّئُكَ مِثْلُ خَبِيرٍ) (فاطر: **14**)

"നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ഫാത്വിർ:14)

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ ﷺ قَالَ:( لَيْسَ شَيْءٌ أَكْرَمَ عَلَى اللَّهِ مِنَ الدُّعَاءِ) أحمد

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: "പ്രാർത്ഥനയേക്കാൾ അല്ലാഹുവിങ്കൽ ആദരണീയമായിട്ടുള്ള മറ്റൊന്നുമില്ല" അഹ്മദ്

وقَالَ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: (أفضل العبادة الــدعاء) صحيح رواه الحاكم

പ്രവാചകൻ (ﷺ) പറഞ്ഞു: "ഏറ്റവും നല്ല ആരാധന പ്രാർത്ഥനയാകുന്നു" (ഹാകിം)

*****

# പ്രാർത്ഥനക്കർഹനാവാനുള്ള യോഗ്യതകൾ:

പ്രാർത്ഥനക്കർഹനാവാൻ ധാരാളം യോഗ്യതകൾ ആവശ്യമാണ്. അത് വിശദമായിട്ട് തന്നെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. അതിൽ ചിലത് താഴെ കൊടുക്കുന്നു.

## 1- നാം ആവശ്യപ്പെടുന്ന കാര്യങ്ങൾ പ്രാർത്ഥിക്കപ്പെടുന്നവൻ ഉടമപ്പെടുത്തണം.

അല്ലാഹു പറയുന്നു:

(يُولِجُ اللَّيْلَ فِي النَّهَارِ وَيُولِجُ النَّهَارَ فِي اللَّيْلِ وَسَخَّرَ الشَّمْسَ وَالْقَمَرَ كُلٌّ يَجْرِي لأَجَلٍ مُسَمًّى ذَلِكُمْ اللَّهُ رَبُّكُمْ لَهُ الْمُلْكُ وَالَّذِينَ تَدْعُونَ مِنْ دُونِهِ مَا يَمْلِكُونَ مِنْ قِطْمِيرٍ)(فاطر: **13**)

“രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനേയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധിവരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനുപുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാട പോലും ഉടമപ്പെടുത്തുന്നില്ല” (ഫാത്വിർ:13)

## 2- പ്രാർത്ഥന കേൾക്കണം:

(إِنْ تَدْعُوهُمْ لاَ يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلاَ يُنَبِّئُكَ مِثْلُ خَبِيرٍ)(فاطر: 14)

"നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുകയില്ല. ഉയിർത്തെഴുന്നേ ൽപിൻെറ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ)പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (ഫാത്വിർ:14)

عَنْ عَائِشَةَ قَالَت الْحَمْدُ لِلَّه الَّذي وَسِعَ سَمْعُهُ الأَصْوَاتَ فَأَنْزَلَ اللَّهُ تَعَالَى عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ ( قَدْ سَمِعَ اللَّهُ قَــوْلَ الَّتِي تُجَادِلُكَ فِي زَوْجِهَا) (بخاري)

"ആയിശാ(ﷺ)യിൽ നിന്ന്: എല്ലാ ശബ്ദങ്ങളേയും വലയം ചെയ്യുന്ന കേൾവിയുടെ ഉടമയായ അല്ലാഹുവിനാണ് സർവ്വസ്തുതിയും. അപ്പോഴാണ് അല്ലാഹു പ്രവാചകൻ(ﷺ)ക്ക് ഈ ആയത്തിറക്കിയത്. "(നബിയെ,) തൻെറ ഭർത്താവിൻെറ കാര്യത്തിൽ നിന്നോട് തർക്കിക്കുകയും അല്ലാഹുവിങ്കലേക്ക് സങ്കടം ബോധിപ്പിക്കുകയും ചെയ്യുന്നവളുടെ വാക്ക് അല്ലാഹു കേട്ടിട്ടുണ്ട്" (ബുഖാരി)

وَهُوَ السَّمِيعُ البَصِيرُ(الشورى: 11)

"അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു" (ശൂറാ: 11)

## 3- ആവശ്യപ്പെടുന്ന കാര്യങ്ങൾ നൽകുവാൻ കഴിവുള്ളവനായിരിക്കണം.

നാം എന്താണോ പ്രാർത്ഥിക്കപ്പെടുന്നവനോട് ആവശ്യപ്പെടുന്നത് അത് നൽകുവാൻ കഴിവുള്ളവനോടാണ് നാം പ്രാർത്ഥിക്കേണ്ടത്. അതല്ലാതെ സ്വന്തം ശരീരം പോലും ഉടമപ്പെടുത്താത്ത സൃഷ്ടികളോട് പ്രാർത്ഥിച്ചിട്ട് എന്ത് ഫലം?. നാം ചോദിക്കുന്നത് മുഴുവനും ഉടമപ്പെടുത്തുകയും, അത് നൽകുകയും ചെയ്യുന്നവനോട് മാത്രമേ പ്രാർത്ഥിക്കാവൂ. എല്ലാം ഉടമപ്പെടുത്തുന്നത് അല്ലാഹു മാത്രമേയുള്ളൂ. അല്ലാഹു പറയുന്നു:

إِنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ(النحل: 77)

"തീർച്ചയായും അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാകുന്നു" (അന്നഹ്ൽ:77)

*****

# അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ മധ്യസ്ഥത ആവശ്യമില്ല:

അല്ലാഹു പറയുന്നത് അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥിക്കുവാനാണ്. അല്ലാഹുവിൻെറയും പ്രാർത്ഥനയുടെയും ഇടയിൽ ഒരു മധ്യസ്ഥത ആവശ്യമില്ല. പ്രവാചകനോട് സ്വഹാബികൾ ഓരോ സംശയങ്ങൾ ചോദിക്കുമ്പോഴും, അതിന് ഉത്തരമായി അല്ലാഹു ആയത്തിറക്കുമ്പോഴെല്ലാം തന്നെ പ്രവാചകരെ, താങ്കൾ പറയുക എന്ന് പറഞ്ഞ് കൊണ്ടാണ് ആയത്തിറാക്കാറുള്ളത്. എന്നാൽ അല്ലാഹുവിനെയും പ്രാർത്ഥനയേയും പറ്റി ചോദിക്കുമ്പോൾ പ്രവാചകനോട് പറയുവാൻ കൽപിക്കുകയല്ല അല്ലാഹു ചെയ്യുന്നത്, മറിച്ച് അല്ലാഹു നേരിട്ട് തന്നെ അത്

വിശദീകരിക്കുകയാണ് ചെയ്യുന്നത്. വിശുദ്ധഖുർആനിൽ നിന്ന് നമുക്കത് പരിശോധിക്കാം.

(يَسْأَلُونَكَ عَنْ الأَنْفَال قُلْ الْأَنْفَالُ للَّه وَالرَّسُول) (سورة الأنفال: 1)

"(നബിയെ,) നിന്നോടവർ യുദ്ധത്തിൽ നേടിയ സ്വത്തുകളെപ്പറ്റി ചോദിക്കുന്നു. പറയുക: യുദ്ധത്തിൽ നേടിയ സ്വത്തുക്കൾ അല്ലാഹുവിനും റസൂലിനുമുള്ളതാകുന്നു" (അൻഫാൽ:1)

(يَسْأَلُونَكَ عَنْ الْخَمْرِ وَالْمَيْسِرِ قُلْ فِيهِمَا إِثْمٌ كَبِيرٌ وَمَنَافِعُ لِلنَّاسِ وَإِثْمُهُمَا أَكْبَرُ مِنْ نَفْعِهِمَا وَيَسْأَلُونَكَ مَاذَا يُنفِقُونَ قُلْ الْعَفْوَ كَذَلِكَ يُبَيِّنُ اللَّهُ لَكُمْ الْآيَات لَعَلَّكُمْ تَتَفَكَّرُونَ) (سورة البقرة: 219)

"(നബിയെ,) നിന്നോടവർ മദ്യത്തെയും ചൂതാട്ടത്തെയും പറ്റി ചോദിക്കുന്നു. പറയുക: അവ രണ്ടിലും ഗുരുതരമായ പാപമുണ്ട്. ജനങ്ങൾക്ക് ചില പ്രയോജനങ്ങളുമുണ്ട്. എന്നാൽ അവയിലെ പാപത്തിൻെറ അംശമാണ് പ്രയോജനത്തിൻെറ അംശത്തേക്കാൾ വലുത്. എന്തൊന്നാണവർ ചെലവ് ചെയ്യേണ്ടതെന്നും അവർ നിന്നോട് ചോദിക്കുന്നു. നീ പറയുക: (അത്യാവശ്യം) കഴിച്ച് മിച്ചമുള്ളത്. അങ്ങനെ ഇഹപരജീവിതങ്ങളെപ്പറ്റി നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചു തരുന്നു" (അൽബഖറ:219)

( وَيَسْأَلُونَكَ عَنْ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ) (سورة البقرة: 222)

"ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക: അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കേണ്ടതാണ്" (അൽബഖറ:222)

ഇനി അല്ലാഹുവിനെപ്പറ്റി ചോദിക്കുകയാണെങ്കിൽ പ്രവാചകരെ, നീ പറയുക: എന്നല്ല പറയുന്നത്, മറിച്ച് അല്ലാഹു തന്നെയാണ് പറയുന്നത്. താഴെ വരുന്ന ആയത്ത് ശ്രദ്ധിക്കുക:

**(وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ)(سورة البقرة: 186)**

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (അൽബഖറ:186)

ആയതിനാൽ അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ മലക്കുകളുടെയോ, പ്രവാചകന്മാരുടെയോ, അല്ലാഹുവിന്റെ ഔലിയാക്കളുടെയോ, ബീവിമാരുടെയോ, മറ്റു കറാമത്ത് വാദികളുടേയോ, പുരോഹിതന്മാരുടെയോ, പാതിരിമാരുടേയോ ആവശ്യമില്ല. നാം നേരിട്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുക, അല്ലാഹു ഉത്തരം നൽകാം എന്ന് നമുക്ക് വാഗ്ദാനം നൽകുന്നു.

*****

# പ്രാർത്ഥനയുടെ നിബന്ധനകൾ:

പ്രാർത്ഥിക്കുന്നതിന് മുമ്പ് നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ പണ്ഡിതന്മാർ ഉണർത്തുന്നുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1- പ്രാർത്ഥന എല്ലാം കേൾക്കുകയും, കാണുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സർവ്വലോക രക്ഷിതാവായ അല്ലാഹുവിനോടായിരിക്കുക. അവനല്ലാത്തവരോടുള്ള പ്രാർത്ഥന ശിർക്കാണ്. ശിർക്ക് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല തന്നെ.

2- നിഷിദ്ധമായ ലക്ഷ്യങ്ങൾക്ക് വേണ്ടി പ്രതാപവും, ദീർഘായുസ്സും, സമ്പത്തും ചോദിക്കുക. ഉദാഹരണം പരസ്പരം പെരുമനടിക്കുവാനും, കിടമൽസരം നടത്തുവാനും വേണ്ടി ദീർഘായുസ്സും, സമ്പത്തും ചോദിക്കുക. ഇങ്ങനെയുള്ള ഉദ്ദേശങ്ങൾ ഒഴിവാക്കണം. നല്ല ഉദ്ദേശത്തിന് മാത്രമെ അല്ലാഹുവിനോട് പ്രാർത്ഥിക്കാവൂ.

3- അല്ലാഹുവിനെ പരീക്ഷിക്കുന്ന രൂപത്തിലുള്ള പ്രാർത്ഥനയാകുവാൻ പാടില്ല. അല്ലാഹുവിനോട് നേരിട്ട് എനിക്ക് നൽകേണമേ എന്ന് ഉറപ്പിച്ച് പ്രാർത്ഥിക്കുക.

4- ജമാഅത്ത് നമസ്കാരത്തെ പോലെയുള്ള ആസന്നമായ ആരാധനകളുടെ സമയത്തെ തൊട്ട് ശ്രദ്ധ തെറ്റിക്കുന്ന രൂപത്തിൽ പ്രാർത്ഥിക്കാതിരിക്കുക.

5- ചെറുതും, വലുതുമായ തൻെറ എല്ലാ ആവശ്യങ്ങളും അല്ലാഹുവിനോട് ചോദിക്കുക.

6- അല്ലാഹുവിൻെറ നല്ല നാമങ്ങൾ മുൻ നിർത്തി പ്രാർത്ഥിക്കുക. യാഥാർത്ഥ്യമാണെങ്കിൽ പോലും അല്ലാഹുവിനെ വാഴ്ത്തലും, സ്തുതിക്കലും ഉൾകൊള്ളാത്തവ ഒഴിവാക്കുക. ഉദാഹരണമായി: അല്ലയോ ഉപദ്രവിക്കുന്നവനെ, അല്ലയോ പാമ്പിൻെറയും, തേളിൻെറയും സൃഷ്ടാവെ. ഇങ്ങനെയുള്ളത് ഒഴിവാക്കുക.

7- അല്ലാഹുവിനോട് ഭയഭക്തിയോടെ, വിനയത്തോടെ, സാധുവായി പ്രാർത്ഥിക്കുക.

8- തൻെറ ഭക്ഷണ പാനീയങ്ങളിൽ നിന്നും, വസ്ത്രത്തിൽ നിന്നും നിഷിദ്ധമായത് ഒഴിവാക്കി ശുദ്ധീകരിക്കുക.

9- ഉത്തരം ലഭിക്കുമെന്നുള്ള ഒരു ഉറച്ച മനസോടെ പ്രാർത്ഥിക്കുക.

10- അല്ലാഹുവിൻെറ ശിക്ഷയെ ഭയപ്പെട്ട് കൊണ്ടും, കാരുണ്യത്തിൽ പ്രതീക്ഷ വെച്ച് കൊണ്ടും പ്രാർത്ഥിക്കുക.

( وَادْعُــوهُ خَوْفًــا وَطَمَعًــا إِنَّ رَحْمَــةَ اللَّــهِ قَرِيــبٌ مِــنْ الْمُحْسِنِينَ)(سورةالأعراف: 56)

“ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടു കൂടിയും നിങ്ങൾ അവനെ നിങ്ങൾ അവനെ വിളിച്ച് പ്രാർത്ഥിക്കുക. തീർച്ചയായും അല്ലാഹുവിൻെറ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു.” (അഅ്റാഫ്:56)

*****

# പ്രാർത്ഥനയുടെ മര്യാദകൾ:

1- നിഷ്കളങ്കത.

പ്രാർത്ഥനയുടെ വളരെ പ്രാധാനപ്പെട്ട ഒരു നിബന്ധന യാണ് ഇഖ്ലാസ് എന്നുള്ളത്. അല്ലാഹു പറയുന്നു:

(فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ)(غافر: 14)

"അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊ ണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി" (ഗാഫിർ:14)

2- അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും, പ്ര വാചകൻെറ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്ത്കൊണ്ട് ആ രംഭിക്കുകയും, അവസാനിപ്പിക്കുകയും ചെയ്യുക.

عَنْ فَضَالَةَ بْنِ عُبَيْد قَالَ بَيْنَا رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ قَاعدٌ إِذْ دَخَلَ رَجُلٌ فَصَلَّى فَقَالَ اللَّهُمَّ اغْفِرْ لِي وَارْحَمْنِي فَقَالَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ عَجِلْتَ أَيُّهَا الْمُصَلِّي إِذَا صَلَّيْتَ فَقَعَدْتَ فَاحْمَد اللَّهَ بِمَا هُوَ أَهْلُهُ وَصَلِّ عَلَيَّ ثُمَّ ادْعُهُ ) ترمذي

"ഫളാലബ്നു ഉബൈദി(﵁)ൽ നിന്ന്: ഞങ്ങൾ പ്രവാചകൻ(ﷺ) യോടൊത്ത് ഇരിക്കുമ്പോൾ ഒരാൾ വന്ന് നമസ്കരിച്ച് കൊണ്ട് പറഞ്ഞു: "അല്ലാഹുവെ എനിക്ക് പൊറുത്തുതരികയും എന്നോട് കാരുണ്യം കാണിക്കുകയും ചെയ്യേണമേ" അപ്പോൾ പ്രാവാചക

തിരുമേനി (ﷺ) അദ്ദേഹത്തോട് പറയുകയുണ്ടായി: “അല്ലയോ, നമസ്കരിച്ചവനെ നീ ധൃതികാണിക്കുകയുണ്ടായി. നീ നമസ്കരിച്ച് ഇരുന്നതിന് ശേഷം അല്ലാഹുവിനെ അർഹമായത് കൊണ്ട് സ്തുതിച്ച് എന്റെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന് ശേഷം നീ പ്രാർത്ഥിക്കുക” (തിർമിദി)

قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ:(كل دعاء محجـــوب حـــتى يصلي على النبي صَلَّى اللَّه عَلَيْهِ وَسَلَّمَ ) (حسنه الألباني في صحيح الجامع)

“പ്രവാചകൻ(ﷺ) പറഞ്ഞു: “പ്രവാചകൻ(ﷺ)യുടെ പേരിൽ സ്വലാത്ത് ചൊല്ലാത്ത എല്ലാ പ്രാർത്ഥനകളും തടയപ്പെടുന്നതാണ്”

3- നിരന്തരം പ്രാർത്ഥിക്കുക, ധൃതികൂട്ടാതിരിക്കുകയും, ഉത്തരം ലഭിക്കുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുക.

قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ:(إذا سأل أحدكم فليكثـــر، فإنما يسأل ربه) صحيح على شرط شيخين

“പ്രവാചകൻ(ﷺ) പറഞ്ഞു: “നിങ്ങളാരെങ്കിലും ചോദിക്കുകയാണെങ്കിൽ അവൻ ചോദിക്കുന്നത് അധികരിപ്പിക്കട്ടെ, കാരണം അവൻ തന്റെ രക്ഷിതാവിനോടാകുന്നു ചോദിക്കുന്നത്”

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: يُسْتَجَابُ لأَحَدِكُمْ مَا لَمْ يَعْجَلْ، يَقُولُ دَعَوْتُ فَلَمْ يُسْتَجَبْ لِي)(متفق عليه)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: “പ്രവാചകതിരുമേനി (ﷺ) പറഞ്ഞു: “ഞാൻ പ്രാർത്ഥിച്ചു, പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചില്ലെന്ന് പറഞ്ഞ് ധൃതിപ്പെടാത്ത ഏതൊരുവന്റെയും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്” (മുത്തഫഖുൽ അലൈഹി)

4- ഐശ്വര്യത്തിലും, ബുദ്ധിമുട്ടുള്ള വേളകളിലും പ്രാർത്ഥിക്കുക. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുക.

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّه صَلَّى اللَّه عَلَيْــه وَسَلَّمَ:( مَنْ سَرَّهُ أَنْ يَسْتَجِيبَ اللَّهُ لَهُ عِنْدَ الشَّدَائِد وَالْكَرْبِ فَلْيُكْثِرِ الدُّعَاءَ فِي الرَّخَاءِ)

അബൂഹുറൈറ(﵁)വിൽ നിന്ന്, പ്രവാചകൻ (ﷺ) പറഞ്ഞു: "ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർത്ഥന അധികരിപ്പിക്കട്ടെ" തിർമിദി. അൽബാനി ഹസനാക്കിയിട്ടുണ്ട്.

عَنِ ابْنِ عَبَّاسٍ رضي الله عنهما قَالَ: كُنْتُ خَلْفَ رَسُولِ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ يَوْمًا فَقَالَ: يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَات احْفَظ اللَّهَ يَحْفَظْكَ احْفَظ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَاسْــأَلِ اللَّـــهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّه وَاعْلَمْ أَنَّ الأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَــتِ الأَقْلَامُ وَجَفَّتِ الصُّحُفُ )

അബ്ദുല്ലാബ്നു അബ്ബാസി(﵁)ൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു, "പ്രവാചകൻെറ പിന്നിലായിരിക്കെ ഒരു ദിവസം പ്രവാചകൻ(ﷺ) എന്നോട് പറഞ്ഞു, "അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരട്ടെയോ: നീ അല്ലാഹുവിനെ

സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാകുന്നു. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്ക് അവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്, നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽഅല്ലാഹുവിനോട് സഹായം തേടുക, നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ, പേനകൾ ഉയർത്തപ്പെടുകയും, പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്).

5- കുടുംബത്തിനും, സമ്പത്തിനും, സന്താനങ്ങൾക്കും, സ്വന്തത്തിനും എതിരെ പ്രാർത്ഥിക്കാതിരിക്കുക.

عن جابر رضي الله عنه في الرجل الذي لعن بعيره فَقَالَ: رَسُـــولُ اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ هَذَا اللاَّعِنُ بَعِيرَهُ قَالَ: أَنَا يَا رَسُولَ اللَّه قَالَ: انْزِلْ عَنْهُ فَلَا تَصْحَبْنَا بِمَلْعُون لاَ تَدْعُوا عَلَى أَنْفُسكُمْ وَلاَ تَدْعُوا عَلَى أَوْلَادكُمْ وَلاَ تَدْعُوا عَلَى أَمْوَالكُمْ لاَ تُوَافِقُوا منَ اللَّـــه سَاعَةً يُسْأَلُ فِيهَا عَطَاءٌ فَيَسْتَجِيبُ لَكُمْ )(مسلم)

ജാബിർ(﵁)വിൽ നിന്ന്, തന്റെ മൃഗത്തെ ശപിച്ച ഒരാളുടെ കാര്യത്തിൽ, പ്രവാചകൻ(ﷺ) ചോദിച്ചു: "ആരാണ് തന്റെ മൃഗത്തെ ശപിച്ചത്?" അദ്ദേഹം പറഞ്ഞു: ഞാനാകുന്നു റസൂലേ! പ്രവാചകൻ(ﷺ) പറഞ്ഞു: നീ അതിന്റെ പുറത്ത് നിന്ന് ഇറങ്ങുക, ശപിക്കപ്പെട്ട ഒന്നിനെയും നീ ഞങ്ങളോടൊപ്പം കൂട്ടരുത്, നിങ്ങൾ സ്വന്തത്തിനെതിരിലും സന്താനങ്ങൾക്കെതിരിലും, സമ്പത്തിനെ

തിരിലും പ്രാർത്ഥിക്കരുത്, അല്ലാഹുവിൻെറയടുത്ത് ഒരു സമയമുണ്ട്, ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല" (മുസ്ലിം)

عَنْ أَبِي سَعِيد أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَا مِنْ مُـــسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلَا قَطِيعَةُ رَحِمٍ إِلاَّ أَعْطَاهُ اللَّهُ بِهَا إِحْدَى ثَلاَثٍ إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا، قَالُوا: إِذًا نُكْثِرُ، قَالَ: اللَّهُ أَكْثَرُ )

അബൂ സഈദി(ﷺ)ൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: "പാപവും, കുടുംബബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യം ഒരുമുസ്ലിം പ്രാർത്ഥിച്ചാൽ മൂന്നിൽഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു, അതുമല്ലെങ്കിൽ അതുപോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു. സ്വഹാബികൾ ചോദിച്ചു: അപ്പോൾ ഞങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുകയോ? പ്രവാചകൻ അരുളി: "അല്ലാഹു തന്നെയാണ് സത്യം അധികരിപ്പിക്കൂ" ഇമാം അഹ്മദ്.

6- തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് അതിന് വേണ്ടി അല്ലാഹുവിനോട് പശ്ചാത്താപിക്കുക. നൽകിയിട്ടുള്ള അനുഗ്രഹവും തിരിച്ചറിഞ്ഞ് അതിന് നന്ദി ചെയ്യുക.

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ( أَيُّهَا النَّاسُ إِنَّ اللَّهَ طَيِّبٌ لَا يَقْبَلُ إِلاَّ طَيِّبًا وَإِنَّ اللَّـــهَ أَمَـــرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ فَقَالَ ( يَا أَيُّهَا الرُّسُـــلُ كُلُـــوا مِـــنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا) وَقَالَ ( يَا أَيُّهَا الَّذِينَ آمَنُوا كُلُـــوا مِـــنْ

طَيِّبَات مَا رَزَقْنَاكُمْ ) ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ ؟ (رواه مسلم

അബൂ ഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം. പ്രവാചകൻ(ﷺ) പറഞ്ഞു, അല്ലാഹു നല്ലവനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല, അല്ലാഹുപറയുന്നു, (അല്ലയോ പ്രവാചകരെ, നിങ്ങൾ നല്ലത് ഭക്ഷിക്കുക, നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക) അല്ലാഹു പറയുന്നു, (അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക) തുടർന്ന് പ്രവാചകൻ ഒരാളെ സംബന്ധിച്ച് പറയുകയുണ്ടായി, അദ്ദേഹം ദീർഘയാത്ര ചെയ്തിട്ടുണ്ട്, മുടികൾ ജടപിടിച്ചിട്ടുണ്ട്, പൊടിപുരണ്ടിട്ടുണ്ട്, അവൻെറ കൈകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു, എൻെറ നാഥാ, എൻെറ നാഥാ, എന്നാൽ അവൻെറ ഭക്ഷണം നിഷിദ്ധമായതാകുന്നു, അവൻെറ വസ്ത്രം നിഷിദ്ധമാണ്, അവൻെറ പാനീയവും നിഷിദ്ധം തന്നെ അവൻ നിഷിദ്ധത്തിൽ മുങ്ങികുളിച്ചിരിക്കുന്നു, എങ്ങനെയാകുന്നു അവന്ന് ഉത്തരം ലഭിക്കുക!) മുസ്ലിം.

عن شَدَّادُ بْنُ أَوْسٍ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْه وَسَلَّمَ سَيِّدُ الإسْتِغْفَارِ أَنْ تَقُولَ: اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ قَالَ وَمَنْ قَالَهَا مِنَ النَّهَارِ مُوقِنًا بِهَا فَمَاتَ مِنْ

يَوْمِهِ قَبْلَ أَنْ يُمْسِيَ فَهُوَ مِنْ أَهْلِ الْجَنَّةِ وَمَنْ قَالَهَا مِنَ اللَّيْلِ وَهُوَ مُوقِنٌ بِهَا فَمَاتَ قَبْلَ أَنْ يُصْبِحَ فَهُوَ مِنْ أَهْلِ الْجَنَّةِ *

ശദ്ദാദ്ബ്നു ഔസി(ﷺ)ൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "പാപ മോചനത്തിന്റെ നേതാവ്: "അല്ലാഹുവെ നീയാണെന്റെ നാഥൻ, യഥാർത്ഥത്തിൽ നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. നീയാണെന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാകുന്നു. നിന്നോടുള്ള കാരാറും ഉടമ്പടിയും എനിക്ക് സാധ്യമാവുന്നിടത്തോളം ഞാൻ പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല".എന്നിട്ട് പറഞ്ഞു: 'ആരെങ്കിലും ഇത് മനസറിഞ്ഞ് കൊണ്ട് പകലിൽ പറയുകയാണെങ്കിൽ വൈകുന്നേരമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും, ആരെങ്കിലും രാത്രി മനസറിഞ്ഞ് കൊണ്ട് പറഞ്ഞതിന് ശേഷം പ്രഭാതമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും" (ബുഖാരി)

7- ഖിബ്‌ലയിലേക്ക് മുന്നിടുക.

പ്രവാചകൻ(സ) തന്റെ ഹജ്ജത്തുൽ വിദാഇൽ സ്വഫയിലും, മർവ്വയിലും, അറഫയിലും, മശ്ഹറുൽ ഹറമിലും, ജംറത്തുൽ സുഗ്റയിലും, ജംറത്തുൽ വുസ്ഥയിലും ഖിബ്‌ലയിലേക്ക് തിരിഞ്ഞ് നിന്ന് കൊണ്ടാണ് പ്രാർത്ഥിച്ചിരുന്നത്.

(عَبْدُاللَّهِ بْنِ زَيْد أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ خَرَجَ إِلَى الْمُصَلَّى فَاسْتَسْقَى فَاسْتَقْبَلَ الْقِبْلَةَ وَقَلَبَ رِدَاءَهُ)

അബ്ദുല്ലാഇബ്നു സൈദി(ﷺ)ൽ നിന്ന്: "നബി (ﷺ) ഈ മഴക്ക് വേണ്ടി പ്രാർത്ഥിക്കുന്ന മുസ്വല്ലയിലേക്ക് പുറപ്പെടുകയും മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു, പിന്നീട്

ഖിബ്ലക്കഭിമുഖമായി നിൽക്കുകയും തൻെറ തട്ടം തിരിച്ചിടുകയും ചെയ്തു" (ബുഖാരി)

ഇമാം അഹ്മദ് പറയുന്നതായി നമുക്ക് കാണാനാവും: ആരെങ്കിലും മദീനയിൽ പ്രവാചകൻെറ ഖബറിനടുത്ത് നിന്ന് പ്രവാചകനും, അദ്ദേഹത്തിൻെറ രണ്ട് കൂട്ടുകാരനും സലാം പറഞ്ഞതിന് ശേഷം ആരെങ്കിലും പ്രാർത്ഥിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ അവിടെ നിന്നും പിൻതിരിഞ്ഞ് ഖിബ്ലക്കഭിമുഖമായി നിൽക്കട്ടെ. (അൽബാനി അഹ്കാമുൽ ജനാഇസിൽ ഉദ്ധരിച്ചത്)

8- ഒരു കാര്യം തന്നെ മൂന്ന് പ്രാവശ്യം ആവർത്തിക്കുക.

وَكَانَ رَسُولَ اللَّه صَلَّى اللَّه عَلَيْهِ وَسَلَّمَ: إِذَا دَعَا دَعَا ثَلاَثًا وَإِذَا سَأَلَ سَأَلَ ثَلَاثًا ) (مسلم)

"പ്രവാചകൻ(ﷺ) പ്രാർത്ഥിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുമായിരുന്നു. ചോദിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം ചോദിക്കുമായിരുന്നു" (മുസ്ലിം)

9- തൻെറ ഭക്ഷണവും, പാനീയവും, വസ്ത്രവും അനുവദനീയമായ സമ്പത്ത്കൊണ്ടുള്ളതാക്കി തീർക്കുക.

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ : قَالَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ ( أَيُّهَا النَّاسُ إِنَّ اللَّهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّبًا وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِه الْمُرْسَلِينَ فَقَالَ ( يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَات وَاعْمَلُوا صَالحًا) وَقَالَ ( يَا أَيُّهَا الَّذينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ) ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ

يَدَيْه إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَــرَامٌ وَمَــشْرَبُهُ حَــرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ ؟ (رواه مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം. പ്രവാചകൻ (ﷺ) പറഞ്ഞു: അല്ലാഹു നല്ലവനാകുന്നു, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല, അല്ലാഹുപറയുന്നു: (അല്ലയോ പ്രവാചകരെ, നിങ്ങൾ നല്ലത് ഭക്ഷിക്കുക, നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു, (അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക) തുടർന്ന് പ്രവാചകൻ ഒരാളെ സംബന്ധിച്ച് പറയുകയുണ്ടായി, അദ്ദേഹം ദീർഘയാത്ര ചെയ്തിട്ടുണ്ട്, മുടികൾ ജടപിടിച്ചിട്ടുണ്ട്, പൊടിപുരണ്ടിട്ടുണ്ട്, അവൻെറ കൈകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു, എൻെറ നാഥാ, എൻെറ നാഥാ, എന്നാൽ അവൻെറ ഭക്ഷണം നിഷിദ്ധമായതാകുന്നു, അവൻെറ വസ്ത്രം നിഷിദ്ധമായതാണ്, അവൻെറ പാനീയവും നിഷിദ്ധം തന്നെ, അവൻ നിഷിദ്ധത്തിൽ മുങ്ങികുളിച്ചിരിക്കുന്നു, എങ്ങനെയാണ് അവന്ന് ഉത്തരം ലഭിക്കുക! ) മുസ്ലിം.

10- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾ ഉന്നതമായ വിശേഷണങ്ങൾ എന്നിവ കൊണ്ടോ, അല്ലെങ്കിൽ നിർവ്വഹിച്ചിട്ടുള്ള സൽകർമ്മങ്ങൾ കൊണ്ടോ, അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന സ്വാലിഹീങ്ങളായ നല്ല വ്യക്തികളുടെ പ്രാർത്ഥനകൾ കൊണ്ടോ അല്ലാഹുവിലേക്ക് വസീല തേടുക.

(وَلِلَّه الأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا)

“അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ച്(പ്രാർത്ഥിച്ച്) കൊള്ളുക” (അഅ്റാഫ്:180)

(عَنْ عَبْد اللَّه بْن بُرَيْدَةَ الأَسْلَميِّ عَنْ أَبِيه قَالَ سَمعَ النَّبيُّ صَلَّى اللَّه عَلَيْه وَسَلَّمَ رَجُلاً يَدْعُو وَهُوَ يَقُولُ: اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْـــهَدُ أَنَّكَ أَنْتَ اللَّهُ لاَ إِلَهَ إِلاَّ أَنْتَ الأَحَدُ الصَّمَدُ الَّذي لَمْ يَلدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ قَالَ: فَقَالَ: وَالَّذي نَفْسي بِيَده لَقَدْ سَأَلَ اللَّهَ بِاسْمه الأَعْظَم الَّذي إِذَا دُعيَ بِه أَجَابَ وَإِذَا سُئلَ بِه أعطي)

അബ്ദുല്ലാഇബ്നു ബുറൈദ(ﷺ) തന്റെ പിതാവിൽ നിന്ന്: പ്രവാചകൻ(ﷺ) ഒരാൾ ഇങ്ങനെ പറയുന്നതായി കേട്ടു 'അല്ലാഹുവെ നിന്നോട് ഞാൻ ചോദിക്കുന്നു, നീയല്ലാതെ ആരും തന്നെ ആരാധനക്കർഹനായി ഇല്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നീയാണ് ഒരുവൻ, നീ നിരാശ്രയനാണ്, നീ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല, നിനക്ക് തുല്യനായി ആരും തന്നെയില്ല' എന്നിട്ട് പ്രവാചകൻ (ﷺ) പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെ കൊണ്ട് തന്നെയാണ് സത്യം, അദ്ദേഹം അല്ലാഹുവിന്റെ ഉന്നതമായ നാമങ്ങൾ കൊണ്ടാണ് ചോദിച്ചിട്ടുള്ളത്, അത്കൊണ്ട് പ്രാർത്ഥിക്കുകയാണെങ്കിൽ ഉത്തരം നൽകപ്പെടും, അത്കൊണ്ട് ചോദിച്ചാൽ നൽകപ്പെടുന്നതാണ്" (അബൂദാവൂദ്. അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

ഗുഹയിൽ അഭയം പ്രാപിച്ച മൂന്നാളുകൾ തങ്ങൾ ചെയ്തിട്ടുള്ള സൽകർമ്മങ്ങൾ മുൻനിർത്തി പ്രാർത്ഥിച്ചപ്പോൾ അവർക്ക് അല്ലാഹു ഉത്തരം നൽകുകയുണ്ടായി.

ഉമർ(ﷺ) വിന്റെ കാലത്ത് വരൾച്ചയുണ്ടായപ്പോൾ മഴക്ക് വേണ്ടി നബി(ﷺ)യുടെ ജീവിച്ചിരിക്കുന്ന എളാപ്പയായ അബ്ബാസ്ബ്നു അബ്ദുൽ മുത്തലിബിനെ ഇമാമാക്കി കൊണ്ട് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു ആ പ്രാർത്ഥനക്ക് ഉത്തരമെന്നോണം മഴ വർഷിപ്പിച്ചു. ജീവിച്ചിരിക്കുന്ന മഹാന്മാരെകൊണ്ട് നമുക്ക് വേണ്ടി

പ്രാർത്ഥിപ്പിക്കാവുന്നതാണ്. പ്രവാചകൻ(ﷺ)യുടെ ജീവിത കാലത്ത് സ്വഹാബികളാരെങ്കിലും ഉംറക്ക് പോകുമ്പോൾ പ്രവാചകൻ തനിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ മരിച്ച് പോയിട്ടുള്ള എത്ര വലിയ മഹാനാണെങ്കിലും അദ്ദേഹത്തോട് അത് ആവശ്യപ്പെടുവാൻ പാടില്ല.

10- ഹൃദയത്തിൽ തട്ടിക്കൊണ്ട് ഭയഭക്തിയോടെ ശബ്ദം താഴ്ത്തി പ്രാർത്ഥിക്കുക.

(فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَى وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ)(الأنبياء: 90)

“അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും, അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിൻെറ ഭാര്യയെ നാം (ഗർഭധാരണത്തിന്ന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും പേടിച്ച് കൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു” (അമ്പിയാ:90)

11- നിർബ്ബന്ധമായ കർമ്മങ്ങൾക്ക് പുറമെ ധാരാളം സുന്നത്തായ കാര്യങ്ങൾ ചെയ്യുന്നത് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ കാരണമാകും.

مَعْدَانُ بْنُ أَبِي طَلْحَةَ الْيَعْمَرِيُّ قَالَ لَقِيتُ ثَوْبَانَ مَوْلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقُلْتُ: أَخْبِرْنِي بِعَمَلٍ أَعْمَلُهُ يُدْخِلُنِي اللَّهُ بِهِ الْجَنَّةَ أَوْ قَالَ قُلْتُ :بِأَحَبِّ الأَعْمَالِ إِلَى اللَّهِ فَسَكَتَ ثُمَّ سَأَلْتُهُ

فَسَكَتَ ثُمَّ سَأَلْتُهُ الثَّالِثَةَ فَقَالَ: سَأَلْتُ عَنْ ذَلِكَ رَسُولَ اللَّه صَــلَّى اللَّه عَلَيْه وَسَلَّمَ فَقَالَ عَلَيْكَ بِكَثْرَة السُّجُود للَّه فَإِنَّكَ لاَ تَسْجُدُ للَّه سَجْدَةً إِلاَّ رَفَعَكَ اللَّهُ بِهَا دَرَجَةً وَحَطَّ عَنْكَ بِهَا خَطِيئَةً ) (مسلم)

“മഅ്ദാന്ബ്നു അബീത്വൽഅ:(ﷺ) അൽയഅ്മരിയിൽ നിന്ന്: പ്രവാചക(ﷺ)ൻെറ അടിമയായിരുന്ന ഥൗബാനി(ﷺ)നെ കണ്ട്മുട്ടി, അല്ലാഹുവിന് കൂടുതൽ ഇഷ്ടമുള്ള പ്രവർത്തനം, അല്ലെങ്കിൽ സ്വർഗ പ്രവേശനം ലഭിക്കുന്ന പ്രവർത്തനത്തെ സംബന്ധിച്ച് എനിക്ക് അറിയിച്ച് തന്നാലും എന്ന് ഞാൻ അദ്ദേഹത്തോട് പറയുകയുണ്ടായി: പക്ഷേ, അദ്ദേഹം നിശ:ബ്ദനായിരുന്നു. ഞാൻ വീണ്ടും ചോദിച്ചു. അദ്ദേഹം ഒന്നും മിണ്ടിയില്ല. ഞാൻ മൂന്നാം പ്രാവശ്യവും ചോദിച്ചു: അദ്ദേഹം പറഞ്ഞു: ഇതിനെ സംബന്ധിച്ച് ഞാൻ പ്രവാചകനോട് ചോദിക്കുകയുണ്ടായി: അപ്പോൾ പ്രവാചകൻ പറഞ്ഞത്: “നീ അല്ലാഹുവിനുള്ള സുജൂദ് അധികരിപ്പിക്കുക” എന്നായിരുന്നു. അല്ലാഹുവിന് നീ ഒരു സുജൂദ് അർപ്പിക്കുകയാണെങ്കിൽ അല്ലാഹുവിൻെറയടുത്ത് നിൻെറ പദവി ഉയർത്തുകയും, നിൻെറ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ്” (മുസ്ലിം)

12- വളരെ രഹസ്യമായി പ്രാർത്ഥിക്കുക.

(وَإِنْ تَجْهَرْ بِالْقَوْلِ فَإِنَّهُ يَعْلَمُ السِّرَّ وَأَخْفَى)(طه: 7)

“നീ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും, അത്യന്തം നിഗൂഢമായതും അറിയും (എന്ന് നീ മനസിലാക്കുക) (ത്വാഹാ:7)

عَنْ أَبِي مُوسَى الْأَشْعَرِيِّ رَضِي اللَّه عَنْه قَالَ:كنا مع النبي صَلَّى اللَّه عَلَيْهِ وَسَلَّمَ في سفر فجعل الناس يجهرون بالتكبير،فَقَالَ: النبي صَلَّى

اللَّه عَلَيْهِ وَسَلَّمَ ارْبَعُوا عَلَى أَنْفُسِكُمْ إِنَّكُمْ لَا تَدْعُونَ أَصَمَّ وَلَا غَائِبًا إِنَّكُمْ تَدْعُونَ سَمِيعًا قَرِيبًا وَهُوَ مَعَكُمْ )(بخاري)

അബീ മൂസാ(﵁)വിൽ നിന്ന്: ഞങ്ങൾ പ്രവാചകൻ(ﷺ)യുടെ കൂടെ യാത്രയിലായിരുന്നു, ജനങ്ങൾ വളരെ ശബ്ദത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരുന്നപ്പോൾ നബി(ﷺ)പറഞ്ഞു: “അല്ലയോ ജനങ്ങളെ നിങ്ങൾ നിങ്ങളോട് തന്നെ സന്തുലത പാലിക്കുക, നിങ്ങൾ ബധിരനോടൊ, അജ്ഞനായവനോടൊ അല്ല പ്രാർത്ഥിക്കുന്നത്, നിങ്ങൾ പ്രാർത്ഥിക്കുന്നത് കേൾക്കുന്നവനോടും അടുത്തുള്ളവനോടുമാകുന്നു, അവൻ നിങ്ങളോടൊപ്പമാണ് താനും” (ബുഖാരി)

അല്ലാഹുവെ കേൾപ്പിക്കുവാൻ വേണ്ടി പ്രാർത്ഥനയോ ഖുർആൻ പാരായണമോ ഉച്ചത്തിലാക്കേണ്ടതില്ല. കാരണം, അല്ലാഹു ഏത് ശബ്ദവും കേൾക്കുന്നവനാണ്. എന്നാൽ അല്പം ശബ്ദം ഉയർത്തി ചൊല്ലാൻ അല്ലാഹു നിർദ്ദേശിച്ച കാര്യങ്ങൾ അങ്ങനെ തന്നെ ചൊല്ലണം. അതിൽ നമുക്കറിയാത്ത എന്തെങ്കിലും യുക്തി അടങ്ങിയിട്ടുണ്ടാകും.

13- വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിച്ച് തന്നിട്ടുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കുക. കാരണം ഇവയിലുള്ള പ്രാർത്ഥനകൾ തെറ്റിൽ നിന്ന് മുക്തവും പ്രവാചകന്മാരുടെ പ്രാർത്ഥനയുമാണ്. അതിനാൽ തന്നെ ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ളതിമായിരിക്കും.

14- പ്രാർത്ഥിക്കുന്നതിന് ശേഷം തൻെറ ആവശ്യത്തിന് യോജിക്കുന്ന അല്ലാഹുവിൻെറ വിശേഷണങ്ങൾ പറയുക. ഉദാഹരണമായി: അല്ലാഹുവെ നീ എൻെറ പാപങ്ങൾ പൊറുത്ത് തരേണമേ, കാരണം നീ ഗഫൂറാ(എല്ലാം പൊറുക്കുന്നവൻ)കുന്നു. എന്നിങ്ങനെ പ്രാർത്ഥിക്കുക.

15- കഴിയുമെങ്കിൽ വുളൂഅ് ചെയ്ത് പ്രാർത്ഥിക്കുക.

عن أبي موسى رضي الله عنه قال: (قال أبو عامر : قل لرسول الله صلى الله عليه وسلم يستغفر لي، فدعا رسول الله صلي الله عليـــه وسلم بماء فتوضأ ورفع يديه ... الحديث)

അബൂമൂസാ(ﷺ)വിൽ നിന്ന്: അബൂആമിൽ പറഞ്ഞു: "എനിക്ക് പാപമോചനം ലഭിക്കുവാനായി പ്രവാചകനോട് പ്രാർത്ഥിക്കുവാൻ പറയുക. അങ്ങനെ പ്രവാചകൻ കുറച്ച് വെള്ളം കൊണ്ട് വരുവാൻ ആവശ്യപ്പെട്ടു. തുടർന്ന് വുളുവെടുത്തു തന്റെ കൈകൾ ഉയർത്തി... ഹദീസ് (ബുഖാരി, മുസ്‌ലിം)

16- ചെറിയതും വലുതുമായ എല്ലാ കാര്യങ്ങളും ചോദിക്കുക.

17- നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

19- അല്ലാഹുവെ നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് പൊറുത്ത് തരേണമേ, നീ ഉദ്ദേശിക്കുകയാണെങ്കിൽ ഇന്ന കാര്യം നൽകേണമേയെന്ന് പ്രാർത്ഥിക്കാതെ അല്ലാഹുവെ എനിക്ക് നീ പൊറുത്ത് തരേണമേ, എനിക്ക് നീ ഇന്ന കാര്യം നൽകേണമേ എന്ന് പ്രാർത്ഥിക്കുക. കാരണം തിരുദൂതർ അങ്ങനെ പ്രാർത്ഥിക്കുന്നത് വിലക്കിയിട്ടുണ്ട്

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: إِذَا دَعَـــا أَحَدُكُمْ فَلَا يَقُلِ اللَّهُمَّ اغْفِرْ لِي إِنْ شِئْتَ وَلَكِنْ لِيَعْـــزِمِ الْمَـــسْأَلَةَ وَلْيُعَظِّمِ الرَّغْبَةَ فَإِنَّ اللَّهَ لَا يَتَعَاظَمُهُ شَيْءٌ أَعْطَاهُ ) مسلم

അബൂഹുറൈറവിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: "നിങ്ങളാരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹുവെ നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് നീ പൊറുത്ത് തരേണമേ എന്ന് പ്രാർത്ഥിക്കരുത്. മറിച്ച് ആവശ്യപ്പെടുന്ന കാര്യം

എനിക്ക് നീ നൽകേണമേയെന്ന് ഉറപ്പിച്ച് പറയുക, അത്പോലെ ആഗ്രഹങ്ങൾ ഉന്നതമാക്കുക ഉദാഹരണമായി: എനിക്ക് നീ സ്വർഗം നൽകേണമേ, എനിക്ക് നീ പൊറുത്ത് തരേണമേ എന്ന് പ്രാർത്ഥിക്കുന്നത് പോലെ. കാരണം അല്ലാഹുവിനോട് നിരന്തരം ചോദിക്കുന്ന കാര്യം നൽകുക തന്നെ ചെയ്യുന്നതാണ്" (മുസ്ലിം)

20- സ്വന്തത്തിന് പ്രാർത്ഥിക്കുന്നതോടൊപ്പം മാതാപിതാക്കൾക്കും, സത്യവിശ്വാസി വിശ്വാസിനികൾക്കും വേണ്ടി പ്രാർത്ഥിക്കുക.

വിശുദ്ധഖുർആനിൽ അല്ലാഹു അതിന് വേണ്ടി വിശ്വാസികളെ പ്രേരിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

(وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنْ الرَّحْمَةِ وَقُلْ رَّبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا)(سورة الإسراء: **24**)

"കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവെ, ചെറുപ്പത്തിൽ ഇരുവരും എന്നെ പോറ്റി വളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" (ഇസ്റാഅ്: 24)

ഇബ്രാഹി(عليه السلام)നെപ്പറ്റി അല്ലാഹു പറയുന്നു:

(رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ)(سورة إبراهيم: **41**)

"ഞങ്ങളുടെ രക്ഷിതാവെ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ" (ഇബ്രാഹിം:41)

നൂഹ് (عليه السلام)യെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

(رَبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَنْ دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ وَلاَ تَزِدْ الظَّالِمِينَ إِلاَّ تَبَارًا)(سورة نوح: 28)

"എന്റെ രക്ഷിതാവെ, എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവനും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ. അക്രമകാരികൾക്ക് നാശമല്ലാതെയൊന്നും നീ വർദ്ധിപ്പിക്കരുതേ" (നൂഹ്:28)

അല്ലാഹു പറയുന്നു:

(وَاسْتَغْفِرْ لِذَنْبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ)(سورة محمد : 19)

"നിന്റെ പാപത്തിന് നീ പാപമോചനം തേടുക, സത്യവിശ്വാസികൾക്കും, സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)" (മുഹമ്മദ്:19)

21- പ്രാർത്ഥനയിൽ അതിര് കടക്കാതിരിക്കുക.

പ്രാർത്ഥിക്കുമ്പോൾ അതിര് കടക്കാതിരിക്കുക. ഉദാഹരണമായി അല്ലാഹുവെ നീ എനിക്ക് നിന്റെ സിംഹാസനത്തിന്റെ ചുവട്ടിൽ ഒരു മണിമാളിക നൽകേണമേ തുടങ്ങിയ പ്രാർത്ഥനകൾ ഒഴിവാക്കുക. അല്ലാഹുവിനോട് സ്വർഗത്തിൽ കടക്കുവാനും, നരകത്തിൽ നിന്ന് മോചിതനാവാനും വേണ്ടി പ്രാർത്ഥിക്കുക. താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക:

(عَنْ أَبِي نَعَامَةَ أَنَّ عَبْدَ اللَّهِ بْنَ مُغَفَّلٍ سَمِعَ ابْنَهُ يَقُولُ اللَّهُمَّ إِنِّي أَسْأَلُكَ الْقَصْرَ الأَبْيَضَ عَنْ يَمِينِ الْجَنَّةِ إِذَا دَخَلْتُهَا فَقَالَ: أَيْ بُنَيَّ سَلِ اللَّهَ الْجَنَّةَ وَتَعَوَّذْ بِهِ مِنَ النَّارِ فَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه

عَلَيْهِ وَسَلَّمَ يَقُولُ: إِنَّهُ سَيَكُونُ فِي هَذِهِ الأُمَّةِ قَــوْمٌ يَعْتَــدُونَ فِــي الطَّهُورِ وَالدُّعَاءِ )

അബൂനുആമ(ﷺ)യിൽ നിന്ന്, അബ്ദുല്ലാഇബ്നു മുഗഫൽ(ﷺ) തന്റെ മകൻ പ്രാർത്ഥിക്കുന്നതായി കേട്ടു, അദ്ദേഹം പറയുന്നു: "ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ വലത് ഭാഗത്ത് നീ എനിക്ക് തൂ വെള്ള കൊട്ടാരം നൽകുക. അപ്പോൾ മകനോട് അദ്ദേഹം പറയുകയുണ്ടായി: "കുഞ്ഞു മകനെ, അല്ലാഹുവിനോട് നീ സ്വർഗം ചോദിക്കുക, നരകത്തിൽ നിന്ന് രക്ഷയും ചോദിക്കുക, കാരണം പ്രവാചകൻ(ﷺ)യിൽ നിന്ന് ഞാൻ കേൾക്കുകയുണ്ടായി: "ഈ സമുദായത്തിൽ പ്രാർത്ഥനയിലും ശുദ്ധിവരുത്തുന്നതിലും അതിരുകടക്കുന്ന ഒരു വിഭാഗം ഉണ്ടാകുക തന്നെ ചെയ്യുന്നതാണ്" (അബൂദാവൂദ്, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

22- പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്തുക.

(وَقَالَ أَبُو مُوسَى الْأَشْعَرِيُّ دَعَا النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ثُمَّ رَفَعَ يَدَيْهِ وَرَأَيْتُ بَيَاضَ إِبْطَيْهِ)

അബൂമൂസൽ അശ്ഹരി(ﷺ)വിൽ നിന്ന് : "നബി(ﷺ) പ്രാർത്ഥിച്ചു, പിന്നെ കൈകൾ ഉയർത്തുകയും ചെയ്തു, അപ്പോൾ ഞാൻ പ്രവാചകന്റെ രണ്ട് കക്ഷത്തിലെയും വെള്ള നിറം കാണുകയുണ്ടായി" (ബുഖാരി)

(وَقَالَ: ابْنُ عُمَرَ رَفَعَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَدَيْهِ وَقَالَ: اللَّهُمَّ إِنِّي أَبْرَأُ إِلَيْكَ مِمَّا صَنَعَ خَالِدٌ)

ഇബ്നു ഉമർ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) തന്റെ രണ്ട് കൈകളും ഉയർത്തി, എന്നിട്ട് പറഞ്ഞു: "അല്ലാഹുവെ, ഖാലിദ്

പ്രവർത്തിച്ചതിനെ സംബന്ധിച്ച് ഞാൻ നിന്നോട് നിരപരാധിത്വം ബോധിപ്പിക്കുന്നു" (ബുഖാരി)

(عَنْ سَلْمَانَ قَالَ: قَالَ: رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْــهِ أَنْ يَرُدَّهُمَا صِفْرًا )

സൽമാൻ(رضي الله عنه)വിൽ നിന്നും നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: തീർച്ചയായും ഉന്നതനായ നിങ്ങളുടെ രക്ഷിതാവ് മാന്യനും ലജ്ജയുള്ളവനുമാണ്, ഒരു അടിമ അവനിലേക്ക് തന്റെ കൈകൾ ഉയർത്തിയിട്ട് ഒന്നും നൽകാതെ വെറുതെ അത് മടക്കുന്നതിനെ തൊട്ട്ലജ്ജിക്കുന്നു" (അബൂദാവൂദ്, തിർമിദി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്) എന്നാൽ ജുമുഅ:യുടെ ഖുതുബക്ക് ശേഷമുള്ള പ്രാർത്ഥനയിൽ ഇമാമും, മഅ്മൂമും കൈകൾ ഉയർത്തുവാൻ പാടില്ല. ഖുതുബയുടെ ശേഷമുള്ള പ്രാർത്ഥനയിൽ മഴക്ക് വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അപ്പോൾ കൈകൾ ഉയർത്താം.

23- ബുദ്ധിമുട്ടിക്കൊണ്ട് പ്രാസമൊപ്പിച്ചുള്ള പ്രാർത്ഥനകൾ കൊണ്ട് പ്രാർത്ഥിക്കാതിരിക്കുക. കാരണം പ്രവാചകൻ അത് വിലക്കിയിട്ടുണ്ട്.

24- പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ അനുയോജ്യമായ സ്ഥലവും സന്ദർഭവും തെരെഞ്ഞെടുത്ത് പ്രാർത്ഥിക്കുക.

*****

# പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങൾ

സത്യവിശ്വാസികളുടെ അടയാളമാണ് പ്രാർത്ഥന. തന്റെ ജീവിതത്തിൽ ഒരിക്കലും നഷ്ടപ്പെടുവാൻ പാടില്ലാത്ത അമൂല്യരത്നം. താൻ പ്രാർത്ഥിക്കുന്ന കാര്യം ലഭിക്കണമെന്ന് ആഗ്രഹമില്ലാത്തവർ ആരും തന്നെയുണ്ടായിരിക്കുകയില്ല. ഉത്തരം ലഭിക്കണമെന്ന അതിയായ ആഗ്രഹത്തോടെയായിരിക്കും ഓരോ മനുഷ്യനും പ്രാർത്ഥിക്കുന്നത്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം തന്റെ സർവ്വവും സംവിധാനിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന ഏകനായ സ്രഷ്ടാവിലേക്ക് കൈകൾ ഉയർത്തുമ്പോൾ അത് പറഞ്ഞറിയിക്കുവാൻ കഴിയാത്ത ഒരു ആത്മീയ അനുഭൂതി തന്നെയാണ്. തന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാനായി ഓരോ വിശ്വാസികളും തന്നാൽ കഴിയുന്ന കാര്യങ്ങൾ ചെയ്ത് തീർക്കേണ്ടതുണ്ട്. അതിൽപെട്ടതാണ് സമയങ്ങളും സന്ദർഭങ്ങളും അറിഞ്ഞ് അതിനനുസരിച്ച് പ്രാർത്ഥിക്കുകയെന്നത്. ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ള സമയങ്ങൾ ഇസ്ലാമിന്റെ പ്രവാചകൻ തന്റെ തിരുമൊഴികളിലൂടെ വിവരിച്ച് തന്നിട്ടുണ്ട്. അതിൽപെട്ട ചിലത് താഴെ കൊടുക്കുന്നു.

1- <u>രാത്രിയും, രാത്രിയുടെ അവസാനത്തെ മൂന്നിലൊന്ന് സമയവും</u>

عَنْ جَابِرٍ قَالَ سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: إِنَّ فِــي اللَّيْلِ لَسَاعَةً لاَ يُوَافِقُهَا رَجُلٌ مُسْلِمٌ يَسْأَلُ اللَّهَ خَيْرًا مِنْ أَمْرِ الدُّنْيَا وَالآخِرَةِ إِلاَّ أَعْطَاهُ إِيَّاهُ وَذَلِكَ كُلَّ لَيْلَةٍ (مسلم)

ജാബിർ(ﷺ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. തീർച്ചയായും രാത്രിയിൽ ഒരു സമയമുണ്ട് ആ സമയത്ത് ആരെങ്കിലും അല്ലാഹുവിനോട് ഇഹലോകത്തിലേയോ, പരലോകത്തിലേയോ നന്മകൾ ചോദിക്കുകയാണെങ്കിൽ നൽകാതിരിക്കുകയില്ല. ഇത് എല്ലാ രാത്രിയിലും ഉണ്ട്" (മുസ്ലിം)

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَة إِلَى السَّمَاءِ الدُّنْيَا حِينَ يَبْقَى ثُلُثُ اللَّيْلِ الآخِرُ يَقُولُ: مَنْ يَدْعُونِي فَأَسْتَجِيبَ لَهُ مَنْ يَسْأَلُنِي فَأُعْطِيَهُ مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ) (بخاري، مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: "ഉന്നതനായ നമ്മുടെ രക്ഷിതാവ് എല്ലാ രാത്രിയുടെ അവസാന മൂന്നിലൊന്ന് അവശേഷിക്കുമ്പോൾ ദുൻയാവിലെ ആകാശത്തേക്ക് ഇറങ്ങി വരുന്നു. എന്നിട്ട് ആരാണ് എന്നോട് പ്രാർത്ഥിക്കുന്നത് അവന് ഞാൻ ഉത്തരം നൽകാം, ആരാണ് എന്നോട് ചോദിക്കുന്നത് അവന് ഞാൻ നൽകാം, ആരാണ് എന്നോട് പാപം മോചനം തേടുന്നത് അവന് ഞാൻ പാപം പൊറുത്ത് കൊടുക്കാം എന്ന് പറയുന്നു" (ബുഖാരി, മുസ്ലിം)

(അല്ലാഹുതആല അവൻെറ മഹത്വത്തിനും, ഉന്നതിക്കും യോജിക്കുന്ന രൂപത്തിൽ ഇറങ്ങുന്നു. അവന് തുല്യമായി ഒന്നും തന്നെയില്ല. അല്ലാഹു ഇറങ്ങുന്നതിൻെറ രൂപം അവന് മാത്രമേ അറിയുകയുള്ളൂ. അത് സൃഷ്ടികൾക്ക് ആർക്കും അറിയുകയില്ല. അങ്ങനെ വിശ്വസിക്കുവാനാണ് പ്രവാചകനും, സ്വഹാബികളും, താബിഉകളും നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ഈ വിശ്വാസം തന്നെയാണ് യഥാർത്ഥ അഹ്ലുസുന്നത്തിവൽ ജമാഅത്തിൻെറ വിശ്വാസം. ഇത് തന്നെയാണ് വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്നത്)

2- ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും വന്ന് ഭവിക്കുമ്പോഴുള്ള പ്രാർത്ഥന:

قَالَ صَلَّى اللَّه عَلَيْهِ وَسَلَّمَ: دعوة ذي النون إذ دعا بها وهو في بطن الحوت : (فَنَادَى فِي الظُّلُمَاتِ أَنْ لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنتُ مِنْ الظَّالِمِينَ)(الأنبياء: 87)

പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: "യൂനുസ് നബി(عليه السلام) മൽസ്യത്തിന്റെ വയറ്റിൽ വെച്ച്കൊണ്ട് പ്രാർത്ഥിച്ചു. (അനന്തരം ഇരുട്ടുകളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ, തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു"

3- ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള പ്രാർത്ഥന:

عَنْ أَنَسِ بْنِ مَالك قَالَ: قَالَ: رَسُولُ اللَّه صَلَّى اللَّه عَلَيْــهِ وَسَــلَّمَ الدَّعْوَةُ لاَ تُرَدُّ بَيْنَ الأَذَانِ وَالإِقَامَة فَادْعُوا) (أحمد)

അനസ്ബ്നു മാലികി(رضي الله عنه)ൽ നിന്ന് നിവേദനം: പ്രവാചക തിരുമേനി(ﷺ)പറഞ്ഞു: "ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള പ്രാർത്ഥന മടക്കപ്പെടുകയില്ല" (അഹ്മദ്)

4- ബാങ്ക് കൊടുക്കുമ്പോഴും, ശത്രുക്കളോട് ജിഹാദ് ചെയ്യുമ്പോഴും:

عَنْ سَهْلِ بْنِ سَعْد قَالَ: قَالَ : رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَــلَّمَ ثِنْتَانِ لاَ تُرَدَّانِ أَوْ قَلَّمَا تُرَدَّانِ الدُّعَاءُ عِنْدَ النِّدَاءِ وَعِنْدَ الْبَأْسِ حِــينَ يُلْحِمُ بَعْضُهُمْ بَعْضًا )(أبو دادود)

സഹ്ല്ബ്നു സഅ്ദി(رضي الله عنه)ൽ നിന്ന് നിവേദനം: പ്രവാചക(ﷺ) പറഞ്ഞു: "രണ്ടു വിഭാഗമാളുകളുടെ പ്രാർത്ഥന തടയപ്പെടുകയില്ല - വിരളം മാത്രമേ തടയുകയുള്ളൂ- ബാങ്ക് കൊടുക്കുമ്പോഴുള്ള പ്രാർത്ഥന, ശത്രുക്കളുമായുള്ള യുദ്ധം കഠിനമാകുമ്പോഴുള്ള പ്രാർത്ഥന" (അബൂദാവൂദ്)

5- നമസ്കാരത്തിൽ സുജൂദ് ചെയ്യുമ്പോഴുള്ള പ്രാർത്ഥന:

عن أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّه وَهُوَ سَاجِدٌ فَأَكْثِرُوا الدُّعَاءَ)(مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: "തൻെറ രക്ഷിതാവിനോട് ഒരു അടിമ ഏറ്റവും കൂടുതൽ അടുത്ത് നിൽക്കുന്നത് സുജൂദിലായിരിക്കുമ്പോഴാകുന്നു, ആയതിനാൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക" (മുസ്ലിം)

6- വെള്ളിയാഴ്ചയിലെ ഒരു സമയം:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ: أَبُو الْقَاسِمِ صَلَّى اللَّه عَلَيْه وَسَلَّمَ إِنَّ فِي الْجُمُعَة لَسَاعَةً لاَ يُوَافِقُهَا مُسْلِمٌ يَسْأَلُ اللَّهَ خَيْرًا إِلاَّ أَعْطَـاهُ إِيَّـاهُ )(مسلم)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: അബുൽ ഖാസിം (ﷺ) പറഞ്ഞു: "ജുമുഅ: ദിവസം ഒരു സമയമുണ്ട്. ഒരാൾ ആ സമയത്ത് അല്ലാഹുവിനോട് നന്മ ചോദിക്കുകയാണെങ്കിൽ അല്ലാഹു അത് നൽകുന്നതാണ്" (മുസ്ലിം) മഹാനായ ഇമാം ഇബ്നു ഹജർ അൽഅസ്ഖലാനി(റ) പ്രബലമായി പറയുന്നത് ആ സമയം അസറിന് ശേഷമാണ് എന്നാണ്. കാരണം ചില സ്വഹാബികളുടെ അഭിപ്രായം അതാകുന്നു.

7- കോഴി കൂവുമ്പോഴുള്ള സമയം:

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ النَّبِيَّ صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: إِذَا سَمِعْتُمْ صِيَاحَ الدِّيَكَة فَاسْأَلُوا اللَّهَ مِنْ فَضْله فَإِنَّهَا رَأَتْ مَلَكًا وَإِذَا سَمِعْتُمْ نَهِيقَ الْحِمَارِ فَتَعَوَّذُوا بِاللَّه مِنَ الشَّيْطَانِ فَإِنَّهُ رَأَى شَيْطَانًا)(بخاري، مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: “നിങ്ങൾ കോഴികൂവുന്നത് കേൾക്കുകയാണെങ്കിൽ അല്ലാഹുവിനോട് നന്മയെ ചോദിക്കുക, കാരണം കോഴി മലക്കിനെ കണ്ടിരിക്കുന്നു. നിങ്ങൾ കഴുത കരയുന്നത് കേട്ടാൽ പിശാചിൽ നിന്ന് അല്ലാഹുവിനോട് ശരണം ചോദിക്കുക, കാരണം അത് പിശാചിനെ കണ്ടിരിക്കുന്നു” (ബുഖാരി, മുസ്ലിം)

8- ലൈലത്തുൽ ഖദ്ർ.

ലൈലത്തുൽ ഖദ്ർ ആയിരം മാസത്തേക്കാൾ ഉത്തമമായതാണ്. പ്രവാചകൻ(ﷺ) പറയുന്നത് നിങ്ങൾ റമളാനിൻെറ അവസാന പത്തിൽ ലൈലത്തുൽ ഖദ്ർ പ്രതീക്ഷിക്കുക. അല്ലാഹു പറയുന്നു:

(إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ * وَمَا أَدْرَاكَ مَا لَيْلَةُ الْقَدْرِ * لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ * تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِمْ مِنْ كُلِّ أَمْرٍ * سَلَامٌ هِيَ حَتَّى مَطْلَعِ الْفَجْرِ)(5)

“തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണ്ണയത്തിൻെറ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയ ത്തിൻെറ രാത്രി എന്നാൽ എന്താണെന്ന് നിനക്കറിയാമോ?, നിർണയത്തിൻെറ രാത്രി ആയിരം മാസത്തേക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും അവരുടെ രക്ഷിതാവിൻെറ എല്ലാ കാര്യത്തെ സംബ

ന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങിവരുന്നു. പ്രഭാതോദയം വരെ അത് സമാധാനമത്രെ.” (ഖദ്ർ: 1-5)

9- മഴപെയ്യുമ്പോൾ.

(عَنْ سَهْلِ بْنِ سَعْدٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: وَوَقْتُ الْمَطَرِ )(أخرجه أبو داود وحسنه الشيخ ناصر الدين الألباني)

സഅ്ല്ബ്നു സഅദ്(റ)വിൽ നിന്ന്: പ്രവാചകൻ(സ) പറയുന്നു: “മഴയുടെ സമയത്തുള്ള പ്രാർത്ഥന” (അബൂദാവൂദ്, അൽബാനി ഹസനാക്കിയിട്ടുണ്ട്)

10- സംസം വെള്ളം കുടിക്കുമ്പോൾ.

(عن جَابِرَ بْنَ عَبْدِ اللَّهِ يَقُولُ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: مَاءُ زَمْزَمَ لِمَا شُرِبَ لَهُ )(إبن ماجة – صححه الألباني في إرواء الغليل)

ജാബിർ(റ) പ്രവാചകൻ(സ)യിൽ നിന്ന് അദ്ദേഹം പറയുകയുണ്ടായി: “സംസം വെള്ളം എന്തിനാണോ കുടിച്ചത് അതിനാകുന്നു” (ഇബ്നുമാജ, അൽബാനി വ്യത്യസ്ത സ്ഥലങ്ങളിൽ സ്വഹീഹാക്കിയിട്ടുണ്ട്) മാത്രമല്ല സംസം വെള്ളത്തിൻെറ പ്രത്യേകത വിശദമാക്കുന്ന ധാരാളം ഗ്രന്ഥങ്ങൾ നമുക്ക് കാണാനാവും.

13- ഉറക്കിൽ നിന്ന് ഉണർന്നാൽ.

عن عُبَادَةُ بْنُ الصَّامت عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ :مَنْ تَعَارَّ مِنَ اللَّيْلِ فَقَالَ :لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ الْحَمْدُ لِلَّهِ وَسُبْحَانَ اللَّهِ وَلاَإِلَهَ إِلاَّ

اللَّهُ وَاللَّهُ أَكْبَرُ وَلاَ حَوْلَ وَلاَ قُوَّةَ إلاَّ بِاللَّه ثُمَّ قَالَ اللَّهُمَّ اغْفِرْ لِي أَوْ دَعَا اسْتُجِيبَ لَهُ فَإِنْ تَوَضَّأَ وَصَلَّى قُبِلَتْ صَلاَتُهُ ) بخاري

ഉബാദത്തുബ്നു സ്വാമിത്തി(ﷺ)ൽ നിന്നും നിവേദനം: പ്രവാ ചക തിരുമേനി(ﷺ) പറയുന്നു: "ആരെങ്കിലും രാത്രിയിൽ ഉണർന്നാൽ അവൻ ഇപ്രകാരം പറയട്ടെ: "അല്ലാഹുവല്ലാതെ ആരാധനക്കർ ഹനായി ആരും ഇല്ല. അവന് യാതൊരു പങ്കുകാരനും ഇല്ല. അവനാകുന്നു രാജാധികാരവും, സർവ്വസ്തുതിയും, അവൻ എ ല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവിനാണ് സർവ്വ സ്തുതി കളും, അല്ലാഹു എത്രയോ പരിശുദ്ധൻ, അല്ലാഹുവല്ലാതെ ആ രാധനക്കർഹനില്ല, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവിനെകൊണ്ടല്ലാതെ യാതൊരു കഴിവും, അധികാരവു മില്ല" എന്നിട്ട് 'അല്ലാഹുവെ എനിക്ക് പൊറുത്ത് തരേണമേ', എന്നോ അല്ലെങ്കിൽ മറ്റാവശ്യങ്ങളോ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കും. വുളുവെടുത്ത് കൊണ്ട് നമ സ്കരിക്കുകയാണെങ്കിൽ ആ നമസ്കാരം സ്വീകരിക്കപ്പെടും." (ബുഖാരി)

## 14- യൂനുസ് (عليه السلام) നബി പ്രാർത്ഥിച്ച പ്രാർത്ഥന കൊണ്ട് പ്രാർത്ഥിക്കുക.

عَنْ سَعْد قَالَ: قَالَ: رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ: دَعْـــوَةُ ذِي النُّونِ إِذْ دَعَا وَهُوَ فِي بَطْنِ الْحُوت لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّـــي كُنْتُ مِنَ الظَّالِمِينَ فَإِنَّهُ لَمْ يَدْعُ بِهَا رَجُلٌ مُسْلِمٌ فِي شَيْءٍ قَـــطُّ إِلاَّ اسْتَجَابَ اللَّهُ لَهُ ) (ترمذي– صحححه الألباني)

സഅ്ദി(ﷺ)ൽ നിന്ന്, പ്രവാചകൻ (ﷺ) പറഞ്ഞു: "മത്സ്യത്തിന്റെ വയറ്റിൽ വെച്ച്കൊണ്ട് യൂനുസ്നബി(عليه السلام) പ്രാർത്ഥിച്ചു: അല്ലാഹുവെ, നീയല്ലാതെ ആരാധനക്കർഹനായി ആരും തന്നെ

യില്ല, നീ എത്ര പരിശുദ്ധനാണ്, ഞാൻ അക്രമകാരികളിൽ പെട്ട് പോയിരിക്കുന്നു, മുസ്‌ലിമായ ഒരാൾ ഇത്കൊണ്ട് പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹു അവന് ഉത്തരം നൽകാതിരിക്കുകയില്ല" (തിർമിദി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

15- കഷ്ടപ്പാടുകൾ വരുമ്പോഴുള്ള പ്രാർത്ഥന:

(عَنْ أُمِّ سَلَمَةَ أَنَّهَا قَالَتْ: سَمِعْتُ رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ يَقُولُ: مَا مِنْ مُسْلِمٍ تُصِيبُهُ مُصِيبَةٌ فَيَقُولُ مَا أَمَرَهُ اللَّهُ ( إِنَّا لِلَّه وَإِنَّا إِلَيْهِ رَاجِعُونَ ) اللَّهُمَّ أْجُرْنِي فِي مُصِيبَتِي وَأَخْلِفْ لِي خَيْرًا مِنْهَـــا) مسلم

ഉമ്മുസലമാ(﵂)വിൽ നിന്ന്, നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു: "ഒരു മുസ്‌ലിമിന് ബുദ്ധിമുട്ടുകൾ വരുമ്പോൾ അല്ലാഹു പ്രാർത്ഥിക്കുവാൻ കൽപിച്ച, തീർച്ചയായും ഞങ്ങൾ അല്ലാഹുവിൽ നിന്നാണ്, അവനിലേക്ക് തന്നെ ഞങ്ങൾ മടക്കപ്പെടുന്നതാണ്, അല്ലാഹുവെ, എന്റെ കഷ്ടപ്പാടിൽ നീ എനിക്ക് പ്രതിഫലം നൽകേണമേ, ഇതിനെക്കാൾ നല്ലതിനെ നീ എനിക്ക് പകരം നൽകേണമേ, എന്ന പ്രാർത്ഥന പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹു അതിനേക്കാൾ ഉത്തമമായതിനെ പകരം നൽകുന്നതാണ്" (മുസ്‌ലിം)

16- മയ്യത്തിന് വേണ്ടിയുള്ള ജനങ്ങളുടെ പ്രാർത്ഥന

عَنْ أُمِّ سَلَمَةَ قَالَتْ دَخَلَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ عَلَى أَبِي سَلَمَةَ وَقَدْ شَقَّ بَصَرُهُ فَأَغْمَضَهُ ثُمَّ قَالَ إِنَّ الرُّوحَ إِذَا قُـــبِضَ تَبِعَـــهُ الْبَصَرُ فَضَجَّ نَاسٌ مِنْ أَهْلِه فَقَالَ: لاَ تَدْعُوا عَلَى أَنْفُسِكُمْ إِلاَّ بِخَيْرٍ

فَإِنَّ الْمَلَائِكَةَ يُؤَمِّنُونَ عَلَى مَا تَقُولُونَ ثُمَّ قَالَ اللَّهُمَّ اغْفِرْ لأَبِي سَلَمَةَ وَارْفَعْ دَرَجَتَهُ فِي الْمَهْدِيِّينَ وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ وَاغْفِرْ لَنَا وَلَهُ يَا رَبَّ الْعَالَمِينَ وَافْسَحْ لَهُ فِي قَبْرِهِ وَنَوِّرْ لَهُ فِيهِ )(مسلم)

ഉമ്മുസലമാ(ﷺ)വിൽ നിന്ന്, പ്രവാചകൻ(ﷺ) അബൂസലമയുടെ അടുത്ത് പ്രവേശിച്ചു, അദ്ദേഹത്തിൻെറ കണ്ണ് തുറന്നിരുന്നു, അത് പ്രവാചകൻ(ﷺ) അടച്ചു, എന്നിട്ട് പറഞ്ഞു: "ആത്മാവ് പിടിക്കപ്പെട്ടാൽ കണ്ണുകൾ അതിനെ പിൻപറ്റും" അപ്പോൾ അദ്ദേഹത്തിൻെറ ബന്ധുക്കൾ ശബ്ദകോലാഹലങ്ങളുണ്ടാക്കി, അപ്പോൾ പ്രവാചകൻ പറയുകയുണ്ടായി: "നിങ്ങൾ നന്മയല്ലാതെ പ്രാർത്ഥിക്കരുത്, കാരണം നിങ്ങൾ പറയുന്നതിന് മലക്കുകൾ ആമീൻ പറയുന്നതാണ് എന്നിട്ട് ഇങ്ങനെ പ്രാർത്ഥിച്ചു "അല്ലാഹുവെ അബൂസലമക്ക് നീ പൊറുത്ത് കൊടുക്കേണമേ, സന്മാർഗികളുടെ കൂട്ടത്തിൽ നീ അദ്ദേഹത്തിൻെറ പദവി ഉയർത്തി കൊടുക്കേണമേ, വരും തലമുറയിൽ അദ്ദേഹത്തിൻെറ ബന്ധുക്കൾക്ക് പകരം നൽകേണമേ, ലോക രക്ഷിതാവെ, ഞങ്ങൾക്കും അദ്ദേഹത്തിനും നീ പൊറുത്ത് തരേണമേ, അദ്ദേഹത്തിന് നീ ഖബറിൽ വിശാലത നൽകേണമേ, അദ്ദേഹത്തിന് നീ അതിൽ പ്രകാശം നൽകേ ണമേ" (മുസ്‌ലിം)

## 17- ഹാജ്ജ് ചെയ്യുന്നവൻെറയും ഉംറ ചെയ്യുന്നവൻെറയും പ്രാർത്ഥന.

عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: الْغَازِي فِي سَبِيلِ اللَّهِ وَالْحَاجُّ وَالْمُعْتَمِرُ وَفْدُ اللَّهِ دَعَاهُمْ فَأَجَابُوهُ وَسَأَلُوهُ فَأَعْطَاهُمْ)(إبن ماجة)

ഇബ്നുഉമർ(ﷺ) പ്രവാചകനിൽ നിന്ന്: തിരുമേനി(ﷺ) പറഞ്ഞു: "അല്ലാഹുവിൻെറ മാർഗത്തിൽ യുദ്ധം ചെയ്യുന്നവനും, ഹജ്ജ്

ചെയ്യുന്നവനും, ഉംറ ചെയ്യുന്നവനും അല്ലാഹുവിൻെറ യാത്രാ സംഘമാകുന്നു. അവരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും, അവർ ചോദിച്ചാൽ ഉത്തരം നൽകും" (ഇബ്നു മാജ, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

## 18- അല്ലാഹുവിനെ ധാരാളമായി ഓർക്കുന്നവൻെറ പ്രാർത്ഥന.

قَالَ: رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ ثَلَاثَةٌ لَا يَرُدُ الله دعــاءهم : الذاكرُ الله كثيراً، و الْمَظْلُومُ، وَالإِمام المقسطُ)(حسن رواه البيهقي وحسنه العلامة الألباني )

അബൂഹുറൈറ(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "മൂന്ന് വിഭാഗമാളുകൾ, അവരുടെ പ്രാർത്ഥനകൾ തടയപ്പെടുകയില്ല. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവർ, അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന, നീതിമാനായ ഭരണാധികാരിയുടെ പ്രാർത്ഥന" (ബൈഅഖി, ശുഅബുൽ ഈമാനിൽ, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

## 19- സ്വാലിഹായ സന്താനത്തിൻെറ പ്രാർത്ഥന.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: إِذَا مَاتَ الْإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلَاثَةٍ إِلاَّ مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِه أَوْ وَلَدٍ صَالِحٍ يَدْعُو لَهُ )(مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരു മനുഷ്യൻ മരിച്ചാൽ അവൻെറ കർമ്മങ്ങൾ മുറിഞ്ഞ് പോകുന്നതാണ്, മൂന്ന് കാര്യങ്ങൾ ഒഴിച്ച്: മുറിഞ്ഞ് പോകാത്ത സ്വദഖകൾ, ഉപകാരപ്പെടുന്ന അവൻെറ വിജ്ഞാനം, അവന്വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ സന്താനം" (മുസ്ലിം)

അത്പോലെ ഗുഹയിൽ അകപ്പെട്ട മൂന്ന് പേരിൽ ഒരാൾ പ്രാർത്ഥിച്ചത് തൻെറ മാതാപിതാക്കൾക്ക് വേണ്ടി ചെയ്ത നന്മ മുൻനിറുത്തിയായിരുന്നു. ആ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയും അവർ അതിൽനിന്ന് രക്ഷപ്പെടുകയും ചെയ്തു. ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്.

## 20- അല്ലാഹുവിൻെറ ഭംഗിയുള്ള നാമങ്ങൾ കൊണ്ടുള്ള പ്രാർത്ഥന.

(عَنْ عَبْد اللَّه بْنِ بُرَيْدَةَ الأَسْلَميِّ عَنْ أَبيه قَالَ سَمعَ النَّبيُّ صَلَّى اللَّه عَلَيْه وَسَلَّمَ رَجُلاً يَدْعُو وَهُوَ يَقُولُ: اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْــهَدُ أَنَّكَ أَنْتَ اللَّهُ لاَ إِلَهَ إِلاَّ أَنْتَ الأَحَدُ الصَّمَدُ الَّذي لَمْ يَلدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ قَالَ: فَقَالَ: وَالَّذي نَفْسي بِيَده لَقَدْ سَأَلَ اللَّهَ بِاسْمِهِ الْأَعْظَمِ الَّذي إِذَا دُعِيَ بِهِ أَجَابَ وَإِذَا سُئِلَ بِهِ أَعطي) (أبــو داود)

അബ്ദുല്ലാഇബ്നു ബുറൈദ(ﷻ) തൻെറ പിതാവിൽ നിന്ന്: പ്രവാചകൻ(ﷺ) ഒരാൾ ഇങ്ങനെ പറയുന്നതായി കേട്ടു:

'അല്ലാഹുവെ നിന്നോട് ഞാൻ ചോദിക്കുന്നു, നീയല്ലാതെ ആരും തന്നെ ആരാധനക്കർഹനായി ഇല്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നീയാണ് ഒരുവൻ, നീ നിരാശ്രയനാണ്, നീ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല, നിനക്ക് തുല്യനായി ആരും തന്നെയില്ല' എന്നിട്ട് പ്രവാചകൻ(ﷺ) പറഞ്ഞു: "എൻെറ ആത്മാവ് ആരുടെ കയ്യിലാണോ അവനെകൊണ്ട് തന്നെയാണ് സത്യം, അദ്ദേഹം അല്ലാഹുവിൻെറ ഉന്നതമായ നാമങ്ങൾ കൊണ്ടാണ് ചോദിച്ചിട്ടുള്ളത്, അത്കൊണ്ട് പ്രാർത്ഥിക്കുകയാണെങ്കിൽ ഉത്തരം നൽകപ്പെടും, അത്കൊണ്ട് ചോദിച്ചാൽ നൽക

പ്പെടുന്നതാണ്” (അബൂദാവൂദ്. അൽബാനി സ്വഹീ ഹാക്കിയി ട്ടുണ്ട്)

عَنْ عَبْدِ اللَّهِ قَالَ كُنْتُ أُصَلِّي وَالنَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَأَبُـــو بَكْرٍ وَعُمَرُ مَعَهُ فَلَمَّا جَلَسْتُ بَدَأْتُ بِالثَّنَاءِ عَلَى اللَّهِ ثُمَّ الصَّلَاة عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ ثُمَّ دَعَوْتُ لِنَفْسِي فَقَالَ: النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ سَلْ تُعْطَهْ سَلْ تُعْطَهْ)(الترمذي)

അബ്ദുല്ലാഇബ്നു മസ്ഊദി(﵁)ൽ നിന്ന് ഞാൻ നമസ്കരിക്കു കയായിരുന്നു, അപ്പോൾ പ്രവാചകനും അബൂബക്കറും(﵁) ഉമ റും(﵁) അവിടെ ഉണ്ടായിരുന്നു, അങ്ങിനെ ഞാൻ ഇരിക്കുകയും അല്ലാഹുവിനെ സ്തുതിക്കുവാൻ അരംഭിക്കുകയും, പ്രവാചക ൻെറ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്തു, പിന്നീട് എനിക്ക് വേണ്ടി പ്രാർത്ഥിച്ചു, അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: “നീ ചോദിക്കുക, നൽകപ്പെടും, നീ ചോദിക്കുക, നൽകപ്പെടും” (തി ർമിദി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

## 21- ഒരാളുടെ അസാനിധ്യത്തിലുള്ള പ്രാർത്ഥന

قال رسول الله صلى الله عليه وسلم:( دعاء المرء المسلم مستجاب لأخيه بظهر الغيب، عند رأسه ملَك موكل، كلما دعا لأخيه بخير ، قال الملَك : آمين ولك مثل ذلك) مسلم

പ്രവാചകൻ(ﷺ) പറഞ്ഞു: “മുസ്ലിമായ ഒരു വ്യക്തി, തൻെറ സ ഹോദരന് വേണ്ടി അവൻെറ അസാന്നിധ്യത്തിൽ പ്രാർത്ഥിക്കുന്ന ത് സ്വീകരിക്കപ്പെടുന്നതാണ്. അവൻെറ തലയുടെ ഭാഗത്ത് (കാ ര്യങ്ങൾ) ഏൽപിക്കപ്പെട്ട ഒരു മലക്കുണ്ട്, തൻെറ സഹോദരന്

നന്മക്ക് വേണ്ടിയുള്ള ഓരോ പ്രാർത്ഥനാവേളയിലും മലക്ക് പറയും: ആമീൻ, നിനക്കും അതുപോലെയുണ്ടാവട്ടെ" (മുസ്‌ലിം)

22- നോമ്പ് തുറക്കുമ്പോഴും, യാത്ര ചെയ്യുമ്പോഴും ഉള്ള പ്രാർത്ഥന:

قال رسول الله صلى الله عليه وسلم:(ثلاث دعوات مـــستجابات: دعوة الصائم، ودعوة المظلوم، ودعـــوة المـــسافر) (صـــحيح – الصحيحة– 1797)

പ്രവാചകൻ(ﷺ) പറഞ്ഞു: "മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും: നോമ്പുകാരൻെറ പ്രാർത്ഥന, അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന, യാത്രക്കാരൻെറ പ്രാർത്ഥന)

23- മകന് വേണ്ടി പിതാവിൻെറ പ്രാർത്ഥന.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ: رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ ثَلَـــاثُ دَعَوَات يُسْتَجَابُ لَهُنَّ لاَ شَكَّ فِيهِنَّ دَعْوَةُ الْمَظْلُومِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْوَالد لوَلَده *

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: "മൂന്ന് വിഭാഗമാളുകളുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും അതിൽ യാതൊരു സംശയവുമില്ല, അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന, യാത്രക്കാരൻെറ പ്രാർത്ഥന, മക്കൾക്ക് വേണ്ടി മാതാപിതാക്കളുടെ പ്രാർത്ഥന" (തിർമിദി- അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

24: ബാങ്കിൻെറയും ഇഖാമത്തിൻെറയും ഇടയിലുള്ള പ്രാർത്ഥന:

عَنْ أَنَسِ بْنِ مَالك قَالَ قَالَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ الدُّعَاءُ لاَ يُرَدُّ بَيْنَ الأَذَانِ وَالإِقَامَة)(الترمذي – صححه الألباني)

"അനസ്ബ്നു മാലികി(﵁)ൽ നിന്ന്: പ്രവാചകൻ(ﷺ) പറഞ്ഞു: 'ബാങ്കിൻെറയും ഇഖാമത്തി ൻെറയും ഇടയിലുള്ള പ്രാർത്ഥന തടയപ്പെടുകയില്ല" (തിർമിദി, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

## 25: ഫർള് നമസ്കാരങ്ങൾക്ക് ശേഷമുള്ള പ്രാർത്ഥന:

عَنْ أَبِي أُمَامَةَ قَالَ: قِيلَ يَا رَسُولَ اللَّه صَلَّى اللَّه عَلَيْه وَسَـــلَّمَ أَيُّ الدُّعَاءِ أَسْمَعُ قَالَ جَوْفَ اللَّيْلِ الآخِرِ وَدُبُرَ الصَّلَوَاتِ الْمَكْتُوبَاتِ ) (الترمذي – حسنه الألباني)

"അബൂഉമാമ(﵁)യിൽ നിന്ന് ഞാൻ പ്രവാചക(ﷺ)നോട് ഏത് പ്രാർത്ഥനയാണ് കൂടുതൽ കേൾക്കപ്പെടുക: അദ്ദേഹം പറഞ്ഞു: രാത്രിയുടെ അന്ത്യയാമത്തിലുള്ളതും, നിർബ്ബന്ധ നമസ്കാരങ്ങൾക്ക് ശേഷമുള്ള പ്രാർത്ഥനയും" (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

*****

# പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സ്ഥലങ്ങൾ

പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ള ധാരാളം സ്ഥലങ്ങൾ പ്രവാചകൻ(ﷺ) തന്റെ തിരുവചനങ്ങളിലൂടെ നിർണ്ണയിച്ച് തന്നിട്ടുണ്ട്. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിയും മനസിലാക്കുകയും, അവിടെവെച്ച് തന്റെ രക്ഷിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രാധാനപ്പെട്ട ചില സ്ഥലങ്ങൾ താഴെ കൊടുക്കുന്നു:

1- അറഫയിലുള്ള പ്രാർത്ഥന

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيه عَنْ جَدِّه أَنَّ النَّبِيَّ صَلَّى اللَّه عَلَيْـــه وَسَلَّمَ قَالَ: خَيْرُ الدُّعَاءِ دُعَاءُ يَوْمِ عَرَفَةَ وَخَيْرُ مَا قُلْتُ أَنَا وَالنَّبِيُّونَ مِنْ قَبْلِي لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْـــدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ )

അംറ്ബ്നു ശുഐെബ്(رضي الله عنه) തന്റെ പിതാവിൽ നിന്ന്, പിതാവ് തന്റെ പിതാവിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: “പ്രാർത്ഥനകളിൽ ഉന്നതമായത് അറഫാദിനത്തിലെ പ്രാർത്ഥനയാണ്, ഞാനും എന്റെ മുമ്പ് വന്നിട്ടുള്ള പ്രവാചകന്മാരും പറഞ്ഞ വാക്യത്തിൽ ഏറ്റവും നല്ല വാക്യം: അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരും തന്നെയില്ല, അവനാണ് ആധിപത്യം, അവനാണ് സർവ്വസ്തുതിയും, അവൻ എല്ലാത്തിനും കഴി

വുള്ളവനാകുന്നു എന്നതാണ്" (തിർമിദി, അൽബാനി ഹസനാക്കിയിട്ടുണ്ട്)

2- അയ്യാമുത്തശ്‌രീഖിൽ ജംറത്തുൽ സുഗ്റ, വുസ്ത്വാ എന്നിവയിൽ എറിഞ്ഞ ശേഷമുള്ള പ്രാർത്ഥന.

(عُثْمَانُ بْنُ عُمَرَ أَخْبَرَنَا يُونُسُ عَنِ الزُّهْرِيِّ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: كَانَ إِذَا رَمَى الْجَمْرَةَ الَّتِي تَلِي مَسْجِدَ مِنًى يَرْمِيهَا بِسَبْعِ حَصَيَاتٍ يُكَبِّرُ كُلَّمَا رَمَى بِحَصَاةٍ ثُمَّ تَقَدَّمَ أَمَامَهَا فَوَقَفَ مُسْتَقْبِلَ الْقِبْلَةِ رَافِعًا يَدَيْهِ يَدْعُو وَكَانَ يُطِيلُ الْوُقُوفَ ثُمَّ يَأْتِي الْجَمْرَةَ الثَّانِيَةَ فَيَرْمِيهَا بِسَبْعِ حَصَيَاتٍ يُكَبِّرُ كُلَّمَا رَمَى بِحَصَاةٍ ثُمَّ يَنْحَدِرُ ذَاتَ الْيَسَارِ مِمَّا يَلِي الْوَادِيَ فَيَقِفُ مُسْتَقْبِلَ الْقِبْلَةِ رَافِعًا يَدَيْهِ يَدْعُو ثُمَّ يَأْتِي الْجَمْرَةَ الَّتِي عِنْدَ الْعَقَبَةِ فَيَرْمِيهَا بِسَبْعِ حَصَيَاتٍ يُكَبِّرُ عِنْدَ كُلِّ حَصَاةٍ ثُمَّ يَنْصَرِفُ وَلاَ يَقِفُ عِنْدَهَا)(بخاري)

(മിനായിലെ പള്ളിയോട് അടുത്ത് നിൽക്കുന്ന ജംറയിൽ നബി (ﷺ) ഏഴ് കല്ലുകൾ എറിയുകയും, ഓരോ തക്ബീ റിനോടൊപ്പവും തക്ബീർ ചൊല്ലുകയും ചെയ്തിരുന്നു, എന്നിട്ട് അൽപം മുന്നോട്ട് നീങ്ങി ഖിബ്‌ലക്ക് അഭിമുഖമായി തന്റെ രണ്ട് കൈളും ഉയർത്തി പ്രാർത്ഥിക്കുമായിരുന്നു, ആ നിറുത്തം ദീർഘിപ്പിക്കുമായിരുന്നു. പിന്നെ രണ്ടാമത്തെ ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ് കല്ലുകൾ എറിയുകയും പിന്നീട് ഇടത്ഭാഗത്തുള്ള വാദിയിലേക്ക് മാറി ഖിബ്‌ലക്കഭിമുഖമായി നിന്ന് കൈകൾ ഉയർത്തി പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു, പിന്നീട് അടുത്ത ജംറയിൽ വന്ന് തക്ബീറോട് കൂടി ഏഴ്കല്ലുകൾ എറിഞ്ഞ്

അവിടെ നിൽക്കാതെ വിരമിക്കുമായിരുന്നു) (ബുഖാരി, അബ്ദുല്ലാഇബ്നുഉമറി(﵁)ൽ നിന്നും ഉദ്ധരിച്ച ഹദീസ്)

3- കഅ്ബയുടെ ഉൾഭാഗം.

لَمَّا دَخَلَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ الْبَيْتَ دَعَا فِي نَوَاحِيهِ كُلِّهَا) (مسلم)

ഉസാമത്ത്ബ്നു സൈദി(﵁)ൽ നിന്ന് "പ്രവാചകൻ(ﷺ) കഅ്ബയിൽ പ്രവേശിച്ചപ്പോൾ അതിൻെറ എല്ലാ ഭാഗത്ത് വെച്ചും പ്രാർത്ഥിക്കുകയുണ്ടായി" (മുസ്ലിം)

5- സ്വഫാമർവ്വയിലുള്ള പ്രാർത്ഥന:

ثُمَّ خَرَجَ مِنَ الْبَابِ إِلَى الصَّفَا فَلَمَّا دَنَا مِنَ الصَّفَا قَرَأَ ( إِنَّ الصَّفَا والْمَرْوَةَ مِنْ شَعَائِرِ اللَّه ) أَبْدَأُ بِمَا بَدَأَ اللَّهُ بِه فَبَدَأَ بِالصَّفَا فَرَقِيَ عَلَيْه حَتَّى رَأَى الْبَيْتَ فَاسْتَقْبَلَ الْقِبْلَةَ فَوَحَّدَ اللَّهَ وَكَبَّرَهُ وَقَالَ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ ثُمَّ دَعَا بَيْنَ ذَلِكَ قَالَ مِثْلَ هَذَا ثَلاَثَ مَرَّاتٍ ثُمَّ نَزَلَ إِلَى الْمَرْوَةِ حَتَّى إِذَا انْصَبَّتْ قَدَمَاهُ فِي بَطْنِ الْوَادِي سَعَى حَتَّى إِذَا صَعِدَتَا مَشَى حَتَّى أَتَى الْمَرْوَةَ فَفَعَلَ عَلَى الْمَرْوَةِ كَمَا فَعَلَ عَلَى الصَّفَا)(مسلم)

ജാബിർ(﵁)വിൽ നിന്ന് പ്രവാചകൻെറ അവസാന ഹജ്ജിനെ സംബന്ധിച്ച നീണ്ട ഹദീസിൽ നിന്ന്: പിന്നീട് സ്വഫയിലേക്ക്

തിരുമേനി(ﷺ) പുറപ്പെട്ടു, സ്വഫയോട് അടുത്തപ്പോൾ അദ്ദേഹം ഇത് പാരായണം ചെയ്തു

(إن الصفا والمروة من شعائر الله)

അർത്ഥം: (തീർച്ചയായും സഫായും മർവയും മതചിഹ് നങ്ങളായി അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതാകുന്നു) അൽബഖറ–158. അല്ലാഹു തുടങ്ങിയത് കൊണ്ട് ഞാൻ തുടങ്ങുന്നു സ്വഫയിൽ നിന്ന് അദ്ദേഹം തുടർന്നു, അതിന്റെ മുകളിലേക്ക് കയറി കഅബയെ കാണുന്ന രൂപത്തിൽ ഖിബ്‌ലക്കഭിമുഖമായി നിന്നു, എന്നിട്ട് അല്ലാഹുവിനെ ഏകത്വപ്പെടുത്തി, തക്ബീർ ചൊല്ലി, എന്നിട്ട് പറഞ്ഞു:.

(لا إله إلا الله، وحده لا شريك له، له الملك وله الحمد وهو على كل شيء قدير. لا إله إلا الله وحده، أنجز وعده، ونـــصر عبـــده، وهزم الأحزاب وحده)،

അർത്ഥം: “അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ. അവന്ന് യാതൊരു പങ്കുകാരനുമില്ല രാജാധിപത്യവും, സർവ്വസ്തുതിയും അവന്നുള്ളത് തന്നെ. അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തന്റെ വാഗ്ദത്തം അവൻ നിറവേറ്റി, തന്റെ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.” ഈ രൂപത്തിൽ മൂന്ന് പ്രാവശ്യം പ്രാർത്ഥിച്ചു. ഹദീസ് .. (സ്വഫയിൽ പ്രവർത്തിച്ചത്പൊലെ മർവ്വയിലും ചെയ്തു) (മുസ്‌ലിം)

*****

# പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന വിഭാഗം

ചിലയാളുകൾ പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹു ആ പ്രാർത്ഥനക്ക് പെട്ടെന്ന് ഉത്തരം നൽകുന്നതാണ്. അവരുടെ പ്രാർത്ഥന തടയുകയില്ല. അങ്ങിനെയുള്ള ചിലവിഭാഗമാളുകളെ പ്പറ്റിയാണ് താഴെ വിവരിക്കുന്നത്.

1- കഷ്ടപ്പെടുന്നവൻെറ പ്രാർത്ഥന:

(أَمَّنْ يُجِيبُ الْمُضطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَــاءَ الأَرْضِ أَئِلَهٌ مَعَ اللَّه قَلِيلاً مَا تَذَكَّرُونَ)(النمل: 62)

“അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും, വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രിതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവങ്ങളുമുണ്ടോ? കുറച്ചുമാത്രമേ നിങ്ങൾ ആലോചിച്ചു മനസിലാക്കുന്നുള്ളൂ” (നംല്:62)

2- അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന:

عَنْ أَبِي هُرَيْرَةَ قَالَ: قَالَ: رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ ثَلَــاثُ دَعَوَات يُسْتَجَابُ لَهُنَّ لاَ شَكَّ فِيهِنَّ دَعْوَةُ الْمَظْلُومِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْوَالد لوَلَده )(الترمذي– حسنه الألباني)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: “മൂന്ന് വിഭാഗമാളുകൾ, അവരുടെ പ്രാർത്ഥനകൾ തടയപ്പെടുകയില്ല.

അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന, യാത്രക്കാരൻെറ പ്രാർത്ഥന, മക്കൾക്ക് വേണ്ടി മാതാപിതാക്കളുടെ പ്രാർത്ഥന" (തിർമിദി, ശുഅബുൽ ഈമാനിൽ, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും, അക്രമിക്കപ്പെട്ടവൻ മുസ്ലിമായാലും, അവിശ്വാസിയായാലും, തെമ്മാടിയായാലും ശരി. അല്ലാഹു പെട്ടെന്ന് തന്നെ ഉത്തരം നൽകുന്നതാണ്.

3- നോമ്പുകാരൻെറയും, യാത്രക്കാരൻെറയും, പിതാവിൻെറയും പ്രാർത്ഥന:

قال رسول الله صلى الله عليه وسلم:(ثلاث دعوات مـــستجابات: دعوة الصائم، ودعوة المظلوم، ودعوة المسافر)

പ്രവാചകൻ(ﷺ) പറഞ്ഞു: "മൂന്ന് പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കും: നോമ്പുകാരൻെറ പ്രാർത്ഥന, അക്രമിക്കപ്പെട്ടവൻെറ പ്രാർത്ഥന, യാത്രക്കാരൻെറ പ്രാർത്ഥന)

4- വിശ്വാസിയുടെ കൂട്ടുകാരന് വേണ്ടി അവൻെറ അസാന്നിധ്യത്തിലുള്ള പ്രാർത്ഥന:

قال رسول الله صلى الله عليه وسلم:( دعاء المرء المسلم مستجاب لأخيه بظهر الغيب، عند رأسه ملك موكل، كلما دعا لأخيه بخير ، قال الملك : آمين ولك مثل ذلك) مسلم

പ്രവാചകൻ(ﷺ) പറഞ്ഞു: "മുസ്ലിമായ ഒരു വ്യക്തി, തൻെറ സഹോദരന് വേണ്ടി അവൻെറ അസാന്നിധ്യത്തിൽ പ്രാർത്ഥിക്കുന്നത് സ്വീകരിക്കപ്പെടുന്നതാണ്. അവൻെറ തലയുടെ ഭാഗത്ത് (കാര്യങ്ങൾ) ഏൽപിക്കപ്പെട്ട ഒരു മലക്കുണ്ട്, തൻെറ സഹോദരന് നന്മക്ക് വേണ്ടിയുള്ള ഓരോ പ്രാർത്ഥനാവേളയിലും മലക്ക് പറയും: ആമീൻ, നിനക്കും അതുപോലെയുണ്ടാവട്ടെ" (മുസ്ലിം)

5- ഐശ്വര്യ സമയത്തും, ബുദ്ധിമുട്ടുള്ള സമയത്തുമുള്ള പ്രാർത്ഥന:

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ: قَالَ: رَسُولُ اللَّهِ صَلَّى اللَّه عَلَيْه وَسَلَّمَ:( مَنْ سَرَّهُ أَنْ يَسْتَجِيبَ اللَّهُ لَهُ عِنْدَ الشَّدَائِد وَالْكَرْبِ فَلْيُكْثِرِ الدُّعَاءَ فِي الرَّخَاءِ)

അബൂഹുറൈറ(ﷺ)വിൽ നിന്ന്, പ്രവാകൻ(ﷺ) പറഞ്ഞു: "ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർത്ഥന അധികരിപ്പിക്കട്ടെ" (തിർമിദി. അൽബാനി ഹസനാക്കി യിട്ടുണ്ട്)

قَالَ صَلَّى اللَّه عَلَيْهِ وَسَلَّمَ: دعوة ذي النون إذ دعا بها وهو في بطن الحوت : (فَنَادَى فِي الظُّلُمَاتِ أَنْ لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنتُ مِنْ الظَّالِمِينَ)(الأنبياء: 87)

പ്രവാചകതിരുമേനി(ﷺ) പറഞ്ഞു: "യൂനുസ് നബി (ﷺ) മൽ സ്യത്തിൻെറ വയറ്റിൽ വെച്ച് കൊണ്ട് പ്രാർത്ഥിച്ചു. (അനന്തരം ഇരുട്ടുകളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ, തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെടവ നായിരിക്കുന്നു"

6- അല്ലാഹുവിനെ ധാരാളം സ്മരിക്കുന്നവൻെറയും, അക്രമിക്കപ്പെട്ടവൻെറയും, നീതിമാനായ ഇമാമിൻെറയും പ്രാർത്ഥന:

قَالَ: رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ثَلَاثُة لاَ يَرُدُ الله دعاءَهم : الذاكرُ الله كثيراً، و الْمَظْلُومُ، وَالإِمام المقسطُ)(حسن رواه البيهقي وحسنه العلامة الألباني )

അബൂഹുറൈറ(﵁)വിൽ നിന്ന് പ്രവാചകൻ(ﷺ) പറഞ്ഞു: “മൂന്ന് വിഭാഗമാളുകൾ, അവരുടെ പ്രാർത്ഥനകൾ തടയപ്പെടുകയില്ല. അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവർ, അക്രമിക്കപ്പെട്ട വൻെറ പ്രാർത്ഥന, നീതിമാനായ ഭരണാധികാരി” (ബൈഹഖി, ശുഅബുൽ ഈമാനിൽ, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

6- <u>അമുസ്ലിമിനെതിരെയുള്ള മുസൽമാൻെറ പ്രാർത്ഥന:</u>

قال رسول الله (يستجاب لنا فيهم ولا يستجاب لهم فينا) متفــق عليه

നബി(ﷺ) പറഞ്ഞു: “അവർക്കെതിരിലുള്ള നമ്മുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും, നമുക്കെതിരിൽ അവരുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുകയില്ല” (മുത്തഫഖുൻ അലൈഹി)

*****

# നിഷിദ്ധമായ പ്രാർത്ഥനകൾ:

പ്രാർത്ഥന സൃഷ്ടികർത്താവിനോട് മാത്രമേ പാടുള്ളൂ. മറ്റുള്ളവരോട് പ്രാർത്ഥിക്കുവാൻ പാടില്ല. സൃഷ്ടികളോട് പ്രാർത്ഥിക്കുന്നത് ഏറ്റവും വലിയ അക്രമമാണ്. അല്ലാഹു അത് ഒരിക്കലും പൊറുക്കുകയില്ല. മഹാനായ ലുഖ്മാൻ തന്റെ മകനെ ഉപദേശിക്കുന്നത് നമുക്കെല്ലാവർക്കും സുപരിചിതമാണല്ലോ. അതിൽ പരിചയപ്പെടുത്തുന്നത് ശിർക്കാണ് ഏറ്റവും വലിയ അക്രമം. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരിക്കലും പ്രാർത്ഥിക്കുവാൻ പാടില്ലാത്ത ചില സംഗതികളുണ്ട്. അവയാണ് താഴെ കൊടുക്കുന്നത്.

1- <u>അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന</u>

(وَلاَ تَدْعُ مِنْ دُونِ اللَّهِ مَا لاَ يَنْفَعُكَ وَلَا يَضُرُّكَ فَإِنْ فَعَلْتَ فَإِنَّكَ إِذًا مِنْ الظَّالِمِينَ( **106**)وَإِنْ يَمْسَسْكَ اللَّهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُـــوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ يُصِيبُ بِهِ مَنْ يَشَاءُ مِنْ عِبَادِهِ وَهُوَ الْغَفُورُ الرَّحِيمُ)(سورة يونس: **107**)

"അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമകാരികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപിക്കുന്ന പക്ഷം അവനൊഴികെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്ക് വല്ല ഗുണവും ഉദ്ദേശി

ക്കുന്ന പക്ഷം അവന്റെ അനുഗ്രഹം തട്ടിമാറ്റുവാൻ ആരുമില്ല. തന്റെ ദാസന്മാരിൽ നിന്ന് താൻ ഇഛിക്കുന്നവർക്ക് അത് (അനുഗ്രഹം) അവൻ അനുഭവിപ്പിക്കുന്നു. അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (യൂനുസ്: 106-107) പ്രവാചകൻ(ﷺ) പറഞ്ഞു:

( عَنِ النَّبِيِّ صَلَّى اللَّه عَلَيْه وَسَلَّمَ قَالَ: الدُّعَاءُ هُوَ الْعِبَادَةُ)

"പ്രാർത്ഥന അത് ആരാധന തന്നെയാകുന്നു" ആയതിനാൽ ആരാധനയായ പ്രാർത്ഥനഅല്ലാഹുവിന് മാത്രമേ പാടുള്ളൂ, അല്ലാത്തവർക്ക് അത്പാടില്ല. കാരണം ആരാധനയായ പ്രാർത്ഥന മറ്റുള്ളവരോടായാൽ അത് മറ്റുള്ളവർക്കുള്ള ആരാധനയാകും, അത് ശിർക്കും ഇസ്‌ലാമിൽ നിന്ന് തന്നെ പുറത്ത് പോകുന്ന കാര്യവുമായി തീരുന്നതുമാണ്.

2- <u>സ്വന്തത്തിനെതിരെ മരണത്തിനോ, നാശത്തിനോ വേണ്ടിയുള്ള പ്രാർത്ഥന</u>

عَنْ أَنَسِ بْنِ مَالك رَضِي اللَّه عَنْه قَالَ النَّبِيُّ صَلَّى اللَّه عَلَيْه وَسَلَّمَ: لاَ يَتَمَنَّيَنَّ أَحَدُكُمُ الْمَوْتَ مِنْ ضُرٍّ أَصَابَهُ فَإِنْ كَانَ لاَ بُـــدَّ فَـــاعِلاً فَلْيَقُلِ: اللَّهُمَّ أَحْيِنِي مَا كَانَتِ الْحَيَاةُ خَيْرًا لِي وَتَوَفَّنِي إِذَا كَانَـــتِ الْوَفَاةُ خَيْرًا لِي )(بخاري ومسلم)

പ്രവാചകൻ(ﷺ) പറഞ്ഞു: "നിങ്ങൾക്ക് ബാധിച്ച ഒരു ബുദ്ധിമുട്ട് കാരണം നിങ്ങൾ മരണത്തെ ആഗ്രഹിക്കരുത്, ഇനി അങ്ങനെ ആഗ്രഹിക്കൽ നിർബ്ബന്ധമാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടെ, അല്ലാഹുവെ എനിക്ക് ജീവിതമാണ് ഉത്തമമെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ, അതല്ല, എനിക്ക് മരണമാണ് ഉത്തമമെങ്കിൽ എന്നെ നീ മരിപ്പിക്കുകയും ചെയ്യേണമേ" (മുത്തഫഖുൻ അലൈഹി)

(فَقَالَ: لَا تَدْعُوا عَلَى أَنْفُسِكُمْ إِلاَّ بِخَيْرٍ فَإِنَّ الْمَلاَئِكَةَ يُؤَمِّنُونَ عَلَى مَا تَقُولُونَ)

പ്രവാചകൻ(ﷺ) പറയുകയുണ്ടായി: "നിങ്ങൾ നന്മയല്ലാതെ പ്രാർത്ഥിക്കരുത്, കാരണം നിങ്ങൾ പറയുന്നതിന് മലക്കുകൾ ആമീൻ പറയുന്നതാണ്" (ഈ ഹദീസ് മുമ്പ്വന്നിട്ടുണ്ട്)

3- <u>സന്താനങ്ങൾ, സമ്പത്ത് എന്നിവക്കെതിരെയുള്ള പ്രാർത്ഥന.</u>

قال رسول الله عليه وسلم :(لاَ تَدْعُوا عَلَى أَنْفُسِكُمْ وَلاَ تَدْعُواعَلَى أَوْلاَدِكُمْ وَلَا تَدْعُوا عَلَى أَمْوَالِكُمْ لاَ تُوَافِقُوا مِنَ اللَّهِ سَاعَةً يُسْأَلُ فِيهَا عَطَاءٌ فَيَسْتَجِيبُ لَكُمْ )

പ്രവാചകൻ(ﷺ) പറഞ്ഞു: "നിങ്ങൾ സ്വന്തത്തിനെതിരിൽ പ്രാർത്ഥിക്കരുത്, നിങ്ങളുടെ സന്താനങ്ങൾക്കെതിരിൽ പ്രാർത്ഥിക്കരുത്, നിങ്ങളുടെ സമ്പത്തിനെതിരിലും നിങ്ങൾ പ്രാർത്ഥിക്കരുത്, അല്ലാഹുവിൻെറടുത്ത് ഒരു സമയമുണ്ട്, ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല" (മുസ്ലിം)

4- <u>യുദ്ധമുണ്ടാവാനും, ശത്രുവിനെ കണ്ടുമുട്ടുവാനുമുള്ള പ്രാർത്ഥന.</u>

قال رسول الله عليه وسلم :(ياأيها الناس لا تتمنوا لقــاء العــدو، واسألوا الله العافية، فاذا لقيتموهم فاصبروا .........) الحــديث (مسلم)

പ്രവാചകൻ(ﷺ) പറഞ്ഞു: “നിങ്ങൾ ശത്രുവിനെ കണ്ടുമുട്ടുവാൻ ആഗ്രഹിക്കരുത്, അല്ലാഹുവിനോട് ആരോഗ്യം ചോദിക്കുക, നിങ്ങൾ അവരെ കണ്ട്മുട്ടിയാൽ നിങ്ങൾ ക്ഷമിക്കുക …. ഹദീസ് (മുസ്ലിം)

5- തെറ്റുകളും, പാപങ്ങളും ചെയ്യുവാനുള്ള പ്രാർത്ഥന:

عَنْ أَبِي سَعِيد أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَا مِنْ مُـــسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلاَ قَطِيعَةُ رَحِمٍ إِلاَّ أَعْطَاهُ اللَّهُ بِهَا إِحْدَى ثَلاَثٍ إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا، قَالُوا: إِذًا نُكْثِرُ، قَالَ: اللَّهُ أَكْثَرُ )

അബീ സഈദി(ﷺ)ൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: “പാപവും, കുടുംബ ബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യം ഒരു മുസ്ലിം പ്രാർത്ഥിച്ചാൽ മൂന്നിൽ ഒരുകാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു, അതുമല്ലെങ്കിൽ അത്പോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു. സ്വഹാബികൾ ചോദിച്ചു: അപ്പോൾ ഞങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുകയോ? പ്രവാചകൻ(ﷺ) അരുളി: “അല്ലാഹു തന്നെയാണ് സത്യം അധികരിപ്പിക്കൂ” ഇമാം അഹ്മദ്.

6- അതിരു കടന്നുള്ള പ്രാർത്ഥന:

(عَنْ أَبِي نَعَامَةَ أَنَّ عَبْدَ اللَّهِ بْنَ مُغَفَّلٍ سَمِعَ ابْنَهُ يَقُولُ اللَّهُـــمَّ إِنِّـــي أَسْأَلُكَ الْقَصْرَ الأَبْيَضَ عَنْ يَمِينِ الْجَنَّةِ إِذَا دَخَلْتُهَا فَقَالَ: أَيْ بُنَـــيَّ سَلِ اللَّهَ الْجَنَّةَ وَتَعَوَّذْ بِهِ مِنَ النَّارِ فَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه

عَلَيْهِ وَسَلَّمَ يَقُولُ: إِنَّهُ سَيَكُونُ فِي هَذِهِ الأُمَّةِ قَــوْمٌ يَعْتَــدُونَ فِــي الطَّهُورِ وَالدُّعَاءِ )

അബൂനുഹാമ(﵁)യിൽ നിന്ന്, അബ്ദുല്ലാഇബ്നു മുഗഫൽ(﵁) തൻെറ മകൻ പ്രാർത്ഥിക്കുന്നതായി കേട്ടു, അദ്ദേഹം പറയുന്നു: "ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സ്വർഗത്തിൻെറ വലത് ഭാഗത്ത് നീ എനിക്ക് തൂ വെള്ള കോട്ടാരം നൽകുക. അപ്പോൾ മകനോട് അദ്ദേഹം പറയുകയുണ്ടായി: "കുഞ്ഞുമകനെ, അല്ലാഹുവിനോട് നീ സ്വർഗം ചോദിക്കുക, നരകത്തിൽ നിന്ന് രക്ഷയും ചോദിക്കുക, കാരണം ഞാൻ പ്രവാചകൻ(ﷺ) യിൽ നിന്ന് കേൾക്കുകയുണ്ടായി: "ഈ സമുദായത്തിൽ പ്രാർത്ഥനയിലും ശുദ്ധി വരുത്തുന്നതിലും അതിരുകടക്കുന്ന ഒരു വിഭാഗം ഉണ്ടാകുക തന്നെ ചെയ്യുന്നതാണ്" (അബൂദാവൂദ്, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്)

*****

# പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതിരിക്കുവാനുള്ള കാരണം:

അല്ലാഹുവിനോട് കുറേ ഞാൻ പ്രാർത്ഥിച്ചു, പക്ഷേ, എനിക്ക് ഇത്വരെ ഉത്തരം ലഭിച്ചില്ലായെന്ന് ചിലയാളുകൾ പറയുന്നതായി നമുക്ക് കേൾക്കാനാവും. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്കാണ് പ്രാർത്ഥനക്ക് ഉടനടി ഉത്തരം നൽകുക. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നില്ലെങ്കിൽ സ്വയം തന്നെ ആത്മ വിചാരണ ചെയ്ത്കൊണ്ട് തന്നിൽ നിന്നും വന്നുപോകുന്ന, വന്ന്പോയിട്ടുള്ള തെറ്റുകൾക്ക് പശ്ചാതപിക്കുകയും, അല്ലാഹുവിനോട് പൊറുക്കലിനെ തേടുകയും ചെയ്യുക. പ്രവാചകനോട് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നില്ലായെന്ന് പരാധിപ്പെട്ട വ്യക്തിയോട് പ്രവാചകൻ പറഞ്ഞത് നീ നിൻെറ ഭക്ഷണം നല്ലതാക്കുകയെന്നാണ്. പ്രവാചകൻെറ മറ്റൊരു ഹദീസിൽ നമുക്ക് കാണാൻ കഴിയുന്നത് ഇപ്രകാരമാകുന്നു.

عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ مَا مِـــنْ رَجُلٍ يَدْعُو اللَّهَ بِدُعَاءٍ إِلاَّ اسْتُجِيبَ لَهُ فَإِمَّا أَنْ يُعَجَّلَ لَهُ فِي الـــدُّنْيَا وَإِمَّا أَنْ يُدَّخَرَ لَهُ فِي الآخِرَة وَإِمَّا أَنْ يُكَفَّرَ عَنْهُ مِنْ ذُنُوبِه بِقَدْرِ مَـــا دَعَا مَا لَمْ يَدْعُ بِإِثْمٍ أَوْ قَطِيعَة رَحِمٍ أَوْ يَسْتَعْجِلْ )

"അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: പ്രവാചകൻ(ﷺ) പറഞ്ഞു: "ഒരാളും തന്നെ ഉത്തരം നൽകപ്പെടാതെ അല്ലാഹുവിനോട് യാതൊന്നും പ്രാർത്ഥിക്കുന്നില്ല, ഒന്നുകളിൽ അത് ഇഹലോകത്ത് പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് അത് നി

ക്ഷേപിച്ച് വെക്കുന്നു, അതുമല്ലെങ്കിൽ പ്രാർത്ഥിക്കുന്നതിൻെറ തോതനുസരിച്ച് അവൻെറ പാപങ്ങൾ പൊറുക്കപ്പെടുന്നു, പ്രാർത്ഥനയിൽ തെറ്റ് ചെയ്യുവാനോ, കുടുംബ ബന്ധം മുറിക്കുവാനോ, ധൃതികൂട്ടുകയോ ചെയ്യാത്തിടത്തോളം അവന് ഉത്തരം ലഭിക്കും"

പ്രാർത്ഥിച്ചിട്ട് ഉത്തരം ലഭിക്കുന്നില്ലായെന്ന് പറഞ്ഞ് പ്രാർത്ഥന ഉപേക്ഷിക്കാതിരിക്കുക. പ്രാർത്ഥന നമുക്ക് നന്മയല്ലാതെ വരുത്തുകയില്ല. പ്രാർത്ഥനകൊണ്ട് നമ്മുടെ പാപങ്ങൾ പൊറുക്കും, അല്ലെങ്കിൽ ആപ്രാർത്ഥന നമുക്ക് പരലോകത്തേക്ക് നീട്ടി വെക്കുകയും, അത് നുമക്ക് ഗുണകരമാവുകയും ചെയ്യുന്നതാണ്. ആയതിനാൽ വിശ്വാസികൾ കൂടുതൽ കൂടുതൽ പ്രാർത്ഥിക്കുക. അല്ലാഹുവിനോട് ആരാണോ കൂടുതൽ ചോദിക്കുന്നത് അവനോടാണ് അല്ലാഹുവിന് കുടുതൽ ഇഷ്ടമുണ്ടാവുക എന്ന് നമുക്ക് ഇസ്ലാമിക പ്രമാണങ്ങളിൽ നിന്ന് ഗ്രഹിക്കുവാൻ കഴിയും. അത്കൊണ്ട് കൂടുതൽ പ്രാർത്ഥിക്കുക.

*****

# പ്രാർത്ഥനയിൽ സംഭവിക്കാവുന്ന ബിദ്അത്തുകൾ:

പ്രാർത്ഥന ആരാധനയായത് കൊണ്ട്തന്നെ ഒരു വിശ്വാസി പ്രവാചകചര്യയനുസരിച്ചായിരിക്കണം പ്രാർത്ഥിക്കേണ്ടത്, അല്ലാഹുവിനോടുള്ള പ്രാർത്ഥനയല്ലേയെന്ന് പറഞ്ഞ് കൊണ്ട് തനിക്ക് ഇഷ്ടമുള്ള രൂപത്തിൽ പ്രാർത്ഥിക്കുവാൻ പാടില്ല. സാധാരണ നമ്മുടെ നാട്ടിൽ കണ്ടുവരുന്ന പ്രാർത്ഥനകളിലെ ബിദ്അത്തുകളാണ് ഇവിടെ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

1- പ്രാർത്ഥനക്ക് ശേഷം കൈകൊണ്ട് മുഖം തടവുക.

ഇത് ബിദ്അത്താണ് പ്രവാചകൻ(ﷺ)യിൽ നിന്ന് അത് സ്ഥിരപ്പെട്ട് വന്നിട്ടില്ല. എന്നാൽ അബൂദാവൂദ് ഉദ്ധരിച്ച ( فإذا فرغتم فامسحوا بها وجوهكم ...... ) എന്ന ഹദീസിൻെറ സനദിൽ ബലഹീനതയുണ്ട്, അതിനാൽ തന്നെ ഈ ഹദീസ് ദുർബ്ബലമാണെന്ന് മഹാനായ ഇമാം നാസിറുദ്ദീൻ അൽബാനി വിശദമാക്കിയിട്ടുണ്ട്.

2- രണ്ട് തള്ളവിരലുകളും ചുംബിച്ച്കൊണ്ട് കണ്ണുകൾ തടവുക.

സ്ഥിരപ്പെട്ട തെളിവുകളുടെ അഭാവം കൊണ്ട് ഇതും ബിദ്അത്തിൽ പെട്ടതാണ്. ഇത് സംബന്ധിച്ച് വന്നിട്ടുള്ള ഹദീസുകൾ മുഴുവനും സ്വഹീഹാണെന്ന് സ്ഥിരപ്പെടാത്തതാണ്.

3- കൂട്ടമായുള്ള പ്രാർത്ഥന

ഫർള് നമസ്കാരങ്ങൾക്ക് ശേഷം ഇമാം തിരിഞ്ഞിരുന്ന് കൊണ്ട് പ്രാർത്ഥിക്കുകയും, മഅ്മൂമീങ്ങൾ ആമീൻ പറയുകയും

ചെയ്യുന്ന കൂട്ടമായുള്ള പ്രാർത്ഥന പ്രവാചകനിൽ നിന്നോ, സ്വഹാബികളിൽ നിന്നോ, ഇമാമുകളിൽ നിന്നോ സ്ഥിരപ്പെട്ട് വന്നിട്ടില്ല. മറിച്ച് അത് ബിദ്അത്തിൽ പെട്ടതാണ്.
അത്പോലെ പ്ളേഗും, മറ്റു മാറാരോഗങ്ങളും പിടിപ്പെട്ടാൽ പള്ളികളിൽ ജനങ്ങൾ ഒരുമിച്ച്കൂടി കൂട്ടമായി പ്രാർത്ഥിക്കുന്നതിനും തെളിവുകളില്ല. അത് ബിദ്അത്തിൽ പെട്ടതാണ്. മഹാനായ ഉമർ(റ)വിൻെറ കാലത്ത് പ്ളേഗ് ബാധിച്ചപ്പോൾ പ്രവാചകൻെറ സ്വഹാബികളിലാരും തന്നെ ഇങ്ങനെ ചെയ്തതായി നമുക്ക് പ്രമാണയോഗ്യമായ ഇസ്ലാമിക ഗ്രന്ഥങ്ങളിൽ കാണാൻ സാധ്യമല്ല. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത് പ്രവാചകനിൽ നിന്നും സ്ഥിരപ്പെട്ട് വന്നിട്ടുള്ള കൂട്ടമായിട്ടുള്ള പ്രാർത്ഥനയെ നാം നിഷേധിക്കുകയോ തള്ളുകയോ ചെയ്യുന്നില്ല. അത് നാം അംഗീകരിക്കുന്നു.

4- പ്രാർത്ഥനക്കിടയിൽ കൈകൾ നെഞ്ചിലേക്ക് ചേർത്ത് പിടിക്കുക.

പ്രാർത്ഥിക്കുമ്പോൾ പ്രവാചകൻ(ﷺ) തൻെറ കൈകൾ ആകാശത്തേക്ക് ഉയർത്തിപ്പിടിക്കുകയായിരുന്നു ചെയ്തിരുന്നത്. അത്കൊണ്ട് തന്നെ തൻെറ നെഞ്ചിലേക്ക് ചേർത്ത് പിടിക്കുന്നത് പ്രവാചകൻെറ സുന്നത്തിൽ പെട്ടതല്ല.

5- അനുവദനീയമല്ലാത്ത തവസ്സുൽ സ്വീകരിക്കുക.

മൂന്ന്തരം തവസ്സുൽ അനുവദനീയമാണ്. ഒന്ന്:അല്ലാഹുവിൻെറ നാമവിശേഷങ്ങൾ മുൻനിറുത്തി നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാവുന്നതാണ്, ഇങ്ങനെ പ്രാർത്ഥിക്കുന്നത് പ്രാർത്ഥനയുടെ മര്യാദ കൂടിയാണ്. രണ്ട്: സൽകർമ്മങ്ങൾ മുൻനിറുത്തിക്കൊണ്ട് നമുക്ക് തവസ്സുൽ ചെയ്യാവുന്നതാണ്. ഗുഹയിൽ അകപ്പെട്ട മൂന്ന് ആളുകളുടെ പ്രസിദ്ധമായ ഹദീസ് അതാണ് സൂചിപ്പിക്കുന്നത്. മാത്രമല്ല ഖുർആനിൽ തന്നെ നമുക്കതിന് തെളിവ് കണ്ടെത്താവുന്നതുമാണ്. മൂന്ന്: ജീവിച്ചിരിക്കുന്ന അല്ലാഹുവിൻെറ മഹാത്മാക്കളോട്, ഔലിയാക്കളോട് നമുക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പറയാവുന്നതാണ്. പ്രവാചകൻെറ ജീ

വിതകാലത്ത് മക്കയിലേക്ക് ഉംറക്ക് പോകുന്നവരോട് പ്രവാചക ൻ എനിക്കും നിങ്ങൾ പ്രാർത്ഥിക്കണമെന്ന് പറയാറുണ്ടായി രുന്നു. അത്പോലെ പ്രവാചകൻ ജീവിച്ചിരുന്ന കാലത്ത് സ്വഹാ ബികൾ അദ്ദേഹത്തെ കൊണ്ട് പ്രാർത്ഥിപ്പിച്ചിരുന്നു. ഈ മൂന്ന് തവസ്സുലും അനുവദനീയമാണ്.

എന്നാൽ അനുവദനീയമല്ലാത്ത തവസ്സുൽ ജനങ്ങൾക്കിട യിൽ കാണാനാവും. മരിച്ച്പോയ പ്രാവാചകന്മാരേയും, ഔലി യാക്കളേയും തവസ്സുലാക്കി പ്രാർത്ഥിക്കുന്നത് നിഷിദ്ധമാണ്. അതിന് വിശുദ്ധഖുർആനിലോ പ്രവാചകന്മാരിലോ തെളിവ് കാണുവാൻ സാധ്യമല്ല.

## 5- നബി(സ)യുടെ ജാഹ് വസീലയാക്കി പ്രാർത്ഥിക്കുക

പ്രവാചകൻെറ ജാഹ് മുൻനിറുത്തിയുള്ള പ്രാർത്ഥനക്ക് ഒരു തെളിവും കാണാൻ സാധ്യമല്ല. ഒരുപാട് പ്രവാചകന്മാരു ടെ പ്രാർത്ഥനകൾ ഖുർആൻ പഠിപ്പിക്കുന്നുണ്ട്. ഒരുപ്രാർത്ഥന പോലും ജാഹ് കൊണ്ടുള്ളതായി നമുക്ക് കാണുവാൻ സാധ്യ മല്ല. എന്നാൽ ചിലയാളുകൾ തെളിവ് പിടിക്കുന്ന ഒരു ഹദീസു ണ്ട്. അതിപ്രകാരമാണ്.

(توسلوا بجاهي فإن جاهي عند الله عظيم)

ഇതിനെപ്പറ്റി പണ്ഡിതന്മാർ പറയുന്നത്: ഹദീസ് ഗ്രന്ഥത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ഹദീസാണ് ഇത് എന്നാണ്. അതായത് ആരോ കെട്ടിയുണ്ടാക്കിയതാണ്. ഇതിന് അടിസ്ഥാ നമില്ല. അത്കൊണ്ട് തന്നെ പ്രവാചകൻെറ ജാഹ്, ബർക്കത്ത് എന്നിവകൊണ്ടുള്ള പ്രാർത്ഥന ബിദ്അത്തിൽ പെട്ടതാണ്.

## 6- ദുആ സമ്മേളനവും, ആഘോഷവും, വാർഷികവും.

പ്രവാചകത്വ ജീവിതത്തിലെ പ്രവാചകൻെറ മുഴുവൻ പ്രാർത്ഥനകളും പരിശോധിക്കുകയാണെങ്കിൽ അവ മുഴുവനും അല്ലാഹുവിനോട് മാത്രമായിരുന്നുവെന്ന് നമുക്ക് മനസിലാക്കു വാൻ സാധിക്കും. തൻെറ മരണശയ്യയിൽ കിടന്ന് കൊണ്ട് തിരുമേനി(ﷺ) പ്രാർത്ഥിക്കുകയാണ്, 'അല്ലാഹുവെ, എൻെറ ഖബ

റിനെ ആരാധിക്കുന്ന ഒരു ബിംബമാക്കല്ലേ തമ്പുരാനെ" ഇത് പ്രാർത്ഥിച്ചിട്ടാണ് പ്രവാചകൻ ഇഹലോകവാസം വെടിയുന്നത്. പ്രവാചകൻെറ സ്വഹാബികളും അപ്രകാരം തന്നെയാണ്. ജീവിതത്തിലുടനീളം അല്ലാഹുവിനോടാണ് അവർ പ്രാർത്ഥിച്ചിരുന്നത്. പ്രവാചകൻെറ 23 വർഷ പ്രവാചകത്വ ജീവിതത്തിൽ സംഭവിച്ചിട്ടുള്ള പ്രവർത്തനങ്ങളും, വാക്കുകളും മുഴുവൻ നമുക്ക് ഇന്ന് ലഭ്യമാണ്. അതിൽ ഇന്ന് നമ്മുടെ നാടുകളിൽ കാണുന്ന വ്യവസായ രൂപത്തിലുള്ള ദുആ സമ്മേളനങ്ങളും, സ്വലാത്ത് വാർഷികങ്ങളും, ആഘോഷങ്ങളും നമുക്ക് കാണാൻ സാധ്യമല്ല. സ്വലാത്തും, ദുആയും ഉണ്ടായിട്ട് ഏകദേശം 1400-ൽപരം വർഷങ്ങളായി. നമ്മുടെ നാട്ടിൽ ഇപ്പോൾ അടുത്താണ് ഇങ്ങനെയുള്ള ദുആ സമ്മേളനങ്ങളും, ആഘോഷങ്ങളും തുടങ്ങിയത്. ഇതിന് മതപ്രമാണങ്ങളിൽ യാതൊരു തെളിവുമില്ല. എന്തിനേറെ ശാഫി ഈ മദ്ഹബിലെ ഏതെങ്കിലും ഒരു കിതാബിൽ അതിനെ സംബന്ധിച്ചുള്ള ഒരു ഉദ്ധരണി കാണിച്ച് തരുവാൻ കഴിയുന്ന ആരും തന്നെ നമ്മുടെ നാട്ടിൽ ഉണ്ടാകുമെന്ന് തോന്നുന്നില്ല. കാരണം അങ്ങനെയുള്ള സംഗതി അവരുടെ കാലത്ത് ഉണ്ടായിരുന്നില്ല. അത് ബിദ്അത്താണ്. കൈ നനയാതെ ഉപജീവനം കണ്ടെത്തുവാനുള്ള ഒരു മാർഗമായിട്ടാണ് ചില പണ്ഡിതന്മാരും, പുരോഹിതന്മാരും ഇതിനെ കാണുന്നത്. സാധാരണ ജനങ്ങളോട് ഉണർത്തുവാനുള്ളത്: ബുദ്ധിയുള്ള ജനങ്ങളെ, നിങ്ങൾ നിങ്ങളുടെ സമ്പത്തും വിശ്വാസവും ഇങ്ങനെയുള്ളവരുടെ മുമ്പിൽ പണയം വെക്കരുതെന്നാണ്.

*****

# പ്രവാചകന്മാരുടെ പ്രാർത്ഥനകൾ വിശുദ്ധ ഖുർആനിൽ

അല്ലാഹുവിൻെറ മതം ജനങ്ങൾക്ക് എത്തിച്ച് കൊടുക്കുവാനായി അല്ലാഹു ഈ ലോകത്തേക്ക് തിരെഞ്ഞെടുത്തയച്ച അനേകം പ്രവാചകന്മാരുണ്ട്. അവർ തങ്ങളുടെ പച്ചയായ ജീവിതത്തിൽ അനുഭവിച്ച യാതനകളുടെയും, വേദനകളുടെയും സന്ദർഭങ്ങളിൽ അല്ലാഹുവിനോട് നേരിട്ട് പ്രാർത്ഥിച്ച അനേകം പ്രാർത്ഥനകൾ വിശുദ്ധഖുർആൻ നമുക്ക് പഠിപ്പിച്ച് തരുന്നുണ്ട്. അവരെല്ലാം തന്നെ അല്ലാഹുവിനോട് നേരിട്ടാണ് പ്രാർത്ഥിച്ചത്. അതിൽ ചില പ്രാർത്ഥനകളും അതിൻെറ അർത്ഥവും താഴെ കൊടുക്കുന്നു.

1- ആദം (عليه السلام) തൻെറ രക്ഷിതാവിനോട് പ്രാർത്ഥിക്കുന്നു:

(قَالاَ رَبَّنَا ظَلَمْنَا أَنفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنْ الْخَاسِرِينَ)(سورة الأعراف:23)

( അവർ രണ്ട് പേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും, ഞങ്ങളോട് കരുണകാണിക്കുകയും ചെയ്തില്ലെ ങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും.) (അഅ്റാഫ്: 23)

ആദം(അ) പ്രാർത്ഥിച്ചപ്പോൾ അല്ലാഹു ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതും നാം ശ്രദ്ധിക്കുക:

(تَلَقَّى آدَمُ مِنْ رَبِّهِ كَلِمَاتٍ فَتَـــابَ عَلَيْـــهِ إِنَّـــهُ هُـــوَ التَّـــوَّابُ الرَّحِيمُ(سورةالبقرة: 37)

"അനന്തരം ആദം തൻെറ രക്ഷിതാവിങ്കൽ നിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്താപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു" (അൽബഖറ: 37)

2- നൂഹ് (عليه السلام) പ്രാർത്ഥിക്കുന്നു:

(وَلَقَدْ نَادَانَا نُوحٌ فَلَنِعْمَ الْمُجِيبُونَ * وَنَجَّيْنَاهُ وَأَهْلَهُ مِـــنَ الْكَـــرْبِ الْعَظِيمِ)(سورة الصافات: 76)

"നൂഹ് നമ്മെ വിളിക്കുകയുണ്ടായി. അപ്പോൾ ഉത്തരം നൽകിയവൻ എത്ര നല്ലവൻ. അദ്ദേഹത്തെയും അദ്ദേഹത്തിൻെറ ആളുകളെയും നാം വമ്പിച്ച ദുരന്തത്തിൽ നിന്ന് രക്ഷപ്പെടുത്തി" (സ്വാഫഫാത്ത്:75-76)

(وَنُوحًا إِذْ نَادَى مِنْ قَبْلُ فَاسْتَجَبْنَا لَهُ فَنَجَّيْنَاهُ وَأَهْلَهُ مِـــنَ الْكَـــرْبِ الْعَظِيمِ * وَنَصَرْنَاهُ مِنْ الْقَوْمِ الَّذِينَ كَذَّبُوا بِآيَاتِنَا إِنَّهُمْ كَانُوا قَـــوْمَ سَوْءٍ فَأَغْرَقْنَاهُمْ أَجْمَعِينَ)(سورة الأنبياء: 77)

"നൂഹിനെയും (ഓർക്കുക) മുമ്പ് അദ്ദേഹം വിളിച്ചു പ്രാർത്ഥിച്ച സന്ദർഭം. അദ്ദേഹത്തിന് നാം ഉത്തരം നൽകി. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിൻെറ കുടുംബത്തെയും നാം മഹാദു:ഖത്തിൽ നിന്ന് രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചു തള്ളിയ ജനങ്ങളിൽ നിന്ന് അദ്ദേഹത്തിന് നാം രക്ഷ നൽകുകയും ചെയ്തു. തീർച്ചയായും അവർ ദുഷിച്ച ഒരു ജന

വിഭാഗമായിരുന്നു. അതി നാൽ അവരെ മുഴുവൻ നാം മുക്കി നശിപ്പിച്ചു കളഞ്ഞു" (അൻബിയാ: 76-77)

3- ഇബ്രാഹിം (عليه السلام) പ്രാർത്ഥിക്കുന്നു:

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصَّالِحِينَ * وَاجْعَلْ لِي لِسَانَ صِدْقٍ فِي الآخِرِينَ * وَاجْعَلْنِي مِنْ وَرَثَةِ جَنَّةِ النَّعِيمِ)(سورة الشعراء: 85)

"എൻെറ രക്ഷിതാവെ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖസമ്പൂർണമായ സ്വർഗത്തിൻെറ അവകാശികളിൽ പെട്ടവനാക്കേണമേ" (ശുഅറാ: 83-85)

فَقَدْ آتَيْنَا آلَ إِبْرَاهِيمَ الْكِتَابَ وَالْحِكْمَةَ وَآتَيْنَاهُمْ مُلْكًا عَظِيمًا(سورة النساء: 54)

"എന്നാൽ ഇബ്രാഹിം കുടുംബത്തിന് നാം വേദവും ജ്ഞാനവും നൽകിയിട്ടുണ്ട്. അവർക്ക് നാം മഹത്തായ അധിപത്യവും നൽകിയിട്ടുണ്ട്" ( നിസാഅ്:54)

4- അയ്യൂബ് (عليه السلام) പ്രാർത്ഥിക്കുന്നു.

وَأَيُّوبَ إِذْ نَادَى رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَأَنْتَ أَرْحَمُ الرَّاحِمِينَ * فَاسْتَجَبْنَا لَهُ فَكَشَفْنَا مَا بِهِ مِنْ ضُرٍّ وَآتَيْنَاهُ أَهْلَهُ وَمِثْلَهُمْ مَعَهُمْ رَحْمَةً مِنْ عِنْدِنَا وَذِكْرَى لِلْعَابِدِينَ(سورة الأنبياء: 84)

"അല്ലൂബിയെും (ഓർക്കുക) തൻെറ രക്ഷിതാവിനെ വിളിച്ച് കൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സംഭവം: എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്തരം

നൽകുകയും അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റിക്കളയുകയും ചെയ്തു. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളെയും, അവരോടൊപ്പം അത്രയുംപേരെ വെറേയും നാം അദ്ദേഹത്തിന് നൽകുകയും ചെയ്തു. നമ്മുടെ പക്കൽനിന്നുള്ള ഒരു കാരുണ്യവും ആരാധനാ നിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണത്" (അൻബിയാ :83-84 )

5- യൂനുസ്(അ) പ്രാർത്ഥിക്കുന്നു:

(وَذَا النُّون إِذْ ذَهَبَ مُغَاضِبًا فَظَنَّ أَنْ لَنْ نَقْدِرَ عَلَيْهِ فَنَـادَى فِـي الظُّلُمَات أَنْ لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنتُ مِـنْ الظَّـالِمِينَ * فَاسْتَجَبْنَا لَهُ وَنَجَّيْنَاهُ مِنْ الْغَمِّ وَكَذَلِكَ نُنْجِي الْمُـؤْمِنِينَ) (سـورة الأنبياء 88)

"'ദുന്നൂനിനെയും' (ഓർക്കുക) അദ്ദേഹം കുപിതനായി പോയികളഞ്ഞ സന്ദർഭം നാം ഒരിക്കലും അദ്ദേഹത്തിന് ഞെരുക്കമുണ്ടാക്കുകയില്ലെന്ന് അദ്ദേഹം ധരിച്ചു. അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചു പറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദു:ഖത്തിൽ നിന്ന് നാം അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. സത്യ വിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു" (അൻബിയാ:87-88 )

6- സകരിയ്യാ (عليه السلام) പ്രാർത്ഥിക്കുന്നു:

هُنَالِكَ دَعَا زَكَرِيَّا رَبَّهُ قَالَ رَبِّ هَبْ لِي مِنْ لَدُنْكَ ذُرِّيَّةً طَيِّبَةً إِنَّـكَ سَمِيعُ الدُّعَاءِ * فَنَادَتْهُ الْمَلآئِكَةُ وَهُوَ قَائِمٌ يُصَلِّي فِي الْمِحْرَابِ أَنَّ

اللَّهَ يُبَشِّرُكَ بِيَحْيَى مُصَدِّقًا بِكَلِمَةٍ مِنْ اللَّهِ وَسَيِّدًا وَحَصُورًا وَنَبِيًّا مِنْ الصَّالِحِينَ)(سورةآل عمران: 39)

“അവിടെ വെച്ച് സകരിയ്യാ തൻെറ രക്ഷിതാവിനോട് പ്രാർത്ഥിച്ചു.: ‘എൻെറ രക്ഷിതാവെ, എനിക്ക് നീ നിൻെറ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ’ എന്നദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹം ‘മിഹ്റാബി’ൽ പ്രാർത്ഥിച്ച് കൊണ്ട് നിൽക്കുമ്പോൾ മലക്കുകൾ അദ്ദേ ഹത്തെ വിളിച്ച്കൊണ്ട് പറഞ്ഞു: യഹ്യാ (എന്നകുട്ടിയെ)പ്പറ്റി അല്ലാഹു നിനക്ക് സന്താഷവാർത്ത അറിയിക്കുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു ‘വചനത്തെ’ ശരിവെക്കുന്നവനും നേതാവും ആത്മ നിയന്ത്രണമുള്ളവനും സദ്വൃത്തരിൽപെട്ട ഒരു പ്രവാചകനും ആയിരിക്കും അവൻ” (ആലുഇംറാൻ:38-39)

(وَزَكَرِيَّا إِذْ نَادَى رَبَّهُ رَبِّ لاَ تَذَرْنِي فَرْدًا وَأَنْتَ خَيْرُ الْوَارِثِينَ * فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَى وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ)(سورة الأنبياء 90)

“സക്കരിയ്യായേയും (ഓർക്കുക) അദ്ദേഹം തൻെറ രക്ഷിതാവിനെ വിളിച്ച് ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എൻെറ രക്ഷിതാവെ, നീ എന്നെ ഏകനായി (പിന്തുടർച്ചക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തരാവകാശ മെടുക്കുന്നവരിൽ ഏറ്റവും ഉത്തമൻ. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തിന് (മകൻ) യഹ്യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിൻെറ ഭാര്യയെ നാം (ഗർഭധാരണത്തിന്ന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ) ഉത്തമ കാര്യങ്ങൾക്ക് ധൃതികാണിക്കുകയും ആശിച്ചു കൊണ്ടും പേടിച്ച്

കൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു" ( അൻബിയാ:89-90 )

7- യഅ്ഖൂബ് (عليه السلام) പ്രാർത്ഥിക്കുന്നു:

(وَجَاءُوا عَلَى قَمِيصِهِ بِدَمٍ كَذِبٍ قَالَ بَلْ سَوَّلَتْ لَكُمْ أَنفُسُكُمْ أَمْرًا فَصَبْرٌ جَمِيلٌ وَاللَّهُ الْمُسْتَعَانُ عَلَى مَا تَصِفُونَ)(سورة يوسف: **18**)

"യൂസുഫിൻെറ കുപ്പായത്തിൽ കള്ളച്ചോരയുമായാണ് അവർ വന്നത്. പിതാവ് പറഞ്ഞു: അങ്ങനെയല്ല, നിങ്ങളുടെ മനസ് നിങ്ങൾക്ക് ഒരു കാര്യം ഭംഗിയായി തോന്നിച്ചിരിക്കുകയാണ്. അതിനാൽ നല്ല ക്ഷമ കൈകൊള്ളുക തന്നെ. നിങ്ങളീ പറഞ്ഞുണ്ടാക്കുന്ന കാര്യത്തിൽ (എനിക്ക്) സഹായം തേടാനുള്ളത് അല്ലാഹുവോടത്രേ."(യൂസുഫ്:18)

8- യൂസുഫ് (عليه السلام) പ്രാർത്ഥിക്കുന്നു:

قَالَتْ فَذَلِكُنَّ الَّذِي لُمْتُنَّنِي فِيهِ وَلَقَدْ رَاوَدتُّهُ عَنْ نَفْسِهِ فَاسْتَعْصَمَ وَلَئِنْ لَمْ يَفْعَلْ مَا آمُرُهُ لَيُسْجَنَنَّ وَلَيَكُونَ مِنَ الصَّاغِرِينَ * قَالَ رَبِّ السِّجْنُ أَحَبُّ إِلَيَّ مِمَّا يَدْعُونَنِي إِلَيْهِ وَإِلاَّ تَصْرِفْ عَنِّي كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُنْ مِنْ الْجَاهِلِينَ * فَاسْتَجَابَ لَهُ رَبُّهُ فَصَرَفَ عَنْهُ كَيْدَهُنَّ إِنَّهُ هُوَ السَّمِيعُ الْعَلِيمُ)(سورة يوسف : **34**)

"അവൾ പറഞ്ഞു: എന്നാൽ ഏതൊരുവൻെറ കാര്യത്തിൽ നിങ്ങളെന്നെ ആക്ഷേപിച്ചുവോ അവനാണിത്. തീർച്ചയായും ഞാൻ അവനെ വശീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോൾ അവൻ (സ്വയം കളങ്കപ്പെടുത്താതെ) കാത്തു സൂക്ഷിക്കുകയാണ് ചെയ്തത്. ഞാനവനോട് കൽപിക്കുന്ന പ്രകാരം അവൻ ചെയ്തി

ല്ലെങ്കിൽ തീർച്ചയായും അവൻ തടവിലാക്കപ്പെടുകയും നിന്ദ്യരു ടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. അവൻ (യൂസുഫ്) പറ ഞ്ഞു: 'എന്റെ രക്ഷിതാവെ, ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷ ണിക്കുന്നുവോ അതിനെക്കാളും എനിക്ക് കൂടുതൽ പ്രിയപ്പെട്ടത് ജയിലാകുന്നു. ഇവരുടെ കുതന്ത്രം എന്നെ വിട്ട് നീ തിരിച്ച് കള യാത്തപക്ഷം ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. അങ്ങി നെ ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോകുകയും ചെയ്യും, അപ്പോൾ അവന്റെ പ്രാർത്ഥന തന്റെ രക്ഷിതാവ് സ്വീകരിക്കുകയും അവരുടെ കുതന്ത്രം അവനിൽ നിന്ന് അവൻ തട്ടിതിരിച്ചുകളയുകയും ചെയ്തു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ." (യൂസുഫ്:32-34)

9- മൂസാ (عليه السلام) പ്രാർത്ഥിക്കുന്നു:

(قَالَ رَبِّ اشْرَحْ لِي صَدْرِي * وَيَسِّرْ لِي أَمْرِي * وَاحْلُلْ عُقْدَةً مِنْ لِسَانِي * يَفْقَهُوا قَوْلِي* وَاجْعَلْ لِي وَزِيرًا مِنْ أَهْلِي * هَارُونَ أَخِي * اشْدُدْ بِهِ أَزْرِي * وَأَشْرِكْهُ فِي أَمْرِي * كَيْ نُسَبِّحَكَ كَثِيرًا * وَنَذْكُرَكَ كَثِيرًا * إِنَّكَ كُنْتَ بِنَا بَصِيرًا * قَالَ قَدْ أُوتِيتَ سُؤْلَكَ يَامُوسَى)(سورة طه: 25– 36)

"രക്ഷിതാവെ, നീ എനിക്ക് ഹൃദയ വിശാലത നൽകേണമേ, എനിക്ക് എന്റെ കാര്യം നീ എളുപ്പമാക്കി തരേണമേ, ജനങ്ങൾ എന്റെ സംസാരം മനസ്സിലാക്കേണ്ടതിന്നായി എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ച് തരേണമേ. എന്റെ കുടുംബത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപ്പെടുത്തുകയും ചെയ്യേണ മേ. അതായത് എന്റെ സഹോദരൻ ഹാറൂനെ. അവൻ മുഖേ ന എന്റെ ശക്തി നീ ദൃഢമാക്കുകയും എന്റെ കാര്യത്തിൽ അവനെ നീ പങ്കാളിയാക്കുകയും ചെയ്യേണമേ. ഞങ്ങൾ ധാരാ മായി നിന്റെ പരിശുദ്ധിയെ വാഴ്ത്തുവാനും, ധാരാളമായി

നിന്നെ ഞങ്ങൾ സ്മരിക്കുവാനും വേണ്ടി. തീർച്ചയായും നീ ഞ ങ്ങളെപ്പറ്റി കണ്ടറിയുന്നവനാകുന്നു. അവൻ(അല്ലാഹു) പറഞ്ഞു: ഹേ, മൂസാ, നീ ചോദിച്ചത് നിനക്ക് നൽകപ്പെട്ടിരിക്കുന്നു" (ത്വഹാ:25-36)

(قَالَ رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي فَغَفَرَ لَهُ إِنَّــهُ هُــوَ الْغَفُــورُ الرَّحِيمُ * قَالَ رَبِّ بِمَـــا أَنْعَمْـــتَ عَلَـــيَّ فَلَـــنْ أَكُـــونَ ظَهِـــيرًا لِلْمُجْرِمِينَ)(سورة القصص: **17**)

"അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവെ, തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്ത് തരേണമേ. അപ്പോൾ അദ്ദേഹത്തിന് അവ ൻ പൊറുത്ത് കൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറു ക്കുന്നവനും കരുണാനിധിയു മാകുന്നു. അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവെ, നീ എനിക്ക് അനുഗ്രഹം നൽകിയിട്ടുള്ളത് കൊണ്ട് ഇനി ഒരിക്കലും ഞാൻ കുറ്റവാളികൾക്കു സഹായം നൽകുന്നവനല്ല" (ഖസസ്:16-17)

10- മുഹമ്മദ്(ﷺ) യുടെയും, അനുചരന്മാരുടെയും പ്രാർത്ഥന:

إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُمْ بِأَلْفٍ مِنْ الْمَلآئِكَةِ مُرْدِفِينَ * وَمَا جَعَلَهُ اللَّهُ إِلاَّ بُشْرَى وَلِتَطْمَئِنَّ بِهِ قُلُوبُكُمْ وَمَا النَّصْرُ إِلاَّ مِنْ عِنْدِ اللَّهِ إِنَّ اللَّهَ عَزِيزٌ حَكِيمٌ)(سورة الأنفال: **10**)

"നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക) തുടരെ തുടരെയായി ആയിരം മലക്കു കളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകു ന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി. ഒരു സന്തോഷവാർത്തയായി കൊണ്ടും നിങ്ങളുടെ ഹൃദയങ്ങ ൾക്കു സമാധാനം നൽകുന്നതിന് വേണ്ടിയും മാത്രമാണ്

അല്ലാഹു അത് ഏർപ്പെടുത്തിയത്. അല്ലാഹുവിങ്കൽ നിന്നല്ലാതെ യാതൊരു സഹായവും ഇല്ല. തീർച്ചയായും അല്ലാഹു പ്രതാപി യും യുക്തിമാനുമാകുന്നു" (അൻഫാൽ:9-10)

(وَلَقَدْ نَصَرَكُمْ اللَّهُ بِبَدْرٍ وَأَنْتُمْ أَذِلَّةٌ فَاتَّقُوا اللَّهَ لَعَلَّكُمْ تَشْكُرُونَ * إِذْ تَقُولُ لِلْمُؤْمِنِينَ أَلَنْ يَكْفِيَكُمْ أَنْ يُمِدَّكُمْ رَبُّكُمْ بِثَلَاثَةِ آلَافٍ مِنْ الْمَلَائِكَةِ مُنْزَلِينَ * بَلَى إِنْ تَصْبِرُوا وَتَتَّقُوا وَيَأْتُوكُمْ مِنْ فَوْرِهِمْ هَذَا يُمْدِدْكُمْ رَبُّكُمْ بِخَمْسَةِ آلَافٍ مِنْ الْمَلَائِكَةِ مُسَوِّمِينَ * وَمَا جَعَلَهُ اللَّهُ إِلَّا بُشْرَى لَكُمْ وَلِتَطْمَئِنَّ قُلُوبُكُمْ بِهِ وَمَا النَّصْرُ إِلَّا مِنْ عِنْدِ اللَّهِ الْعَزِيزِ الْحَكِيمِ) (سورةآل عمران **123– 126**)

"നിങ്ങൾ ദുർബ്ബലായിരിക്കെ ബദ്റിൽ വെച്ച് അല്ലാഹു നിങ്ങളെ സഹായിച്ചിട്ടുണ്ട്. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കു ക. നിങ്ങൾ നന്ദിയുള്ളവരായേക്കാം. (നബിയെ,) പറയുക: നിങ്ങളുടെ രക്ഷിതാവ് മുവ്വായിരം മലക്കുകളെ ഇറക്കികൊണ്ട് നിങ്ങളെ സഹായിക്കുക എന്നത് നിങ്ങൾക്ക് മതിയാവുകയില്ലേ എന്ന് സത്യവിശ്വാസികളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കു ക) (പിന്നീട് അല്ലാഹു വാഗ്ദാനം ചെയ്തു:) അതെ, നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും നിങ്ങളുടെ അടുക്കൽ ശത്രുക്കൾ ഈ നിമിഷത്തിൽ തന്നെ വന്നെത്തുകയാണെങ്കിൽ നിങ്ങളുടെ രക്ഷിതാവ് പ്രത്യേക അടയാളമുള്ള അയ്യായിരം മല ക്കുകൾ മുഖേന നിങ്ങളെ സഹായിക്കുന്നതാണ്. നിങ്ങൾക്കൊ രു സന്തോഷവാർത്തയായി കൊണ്ടും നിങ്ങളുടെ മനസുകൾ സമാധാനപ്പെടുവാൻ വേണ്ടിയും മാത്രമാണ് അല്ലാഹു ആ പിൻ ബലം നൽകിയത്. (സാക്ഷാൽ) സഹായം പ്രതാപിയും യുക്തി മാനുമായ അല്ലാഹുവിങ്കൽ നിന്നുമാത്രമാകുന്നു" (ആലുഇംറാ ൻ:123-126)

الَّذِينَ قَالَ لَهُمُ النَّاسُ إِنَّ النَّاسَ قَدْ جَمَعُوا لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَانًا وَقَالُوا حَسْبُنَا اللَّهُ وَنِعْمَ الْوَكِيلُ * فَانْقَلَبُوا بِنِعْمَةٍ مِنَ اللَّهِ وَفَضْلٍ لَمْ يَمْسَسْهُمْ سُوءٌ وَاتَّبَعُوا رِضْوَانَ اللَّهِ وَاللَّهُ ذُو فَضْلٍ عَظِيمٍ)(سورةآل عمران **174**)

“ആ ജനങ്ങൾ നിങ്ങളെ നേരിടാൻ(സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു. അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിൻെറ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു” (ആലുഇംറാൻ:173-174)

*****

# വിശുദ്ധഖുർആനിലെ മറ്റു പ്രാർത്ഥനകൾ:

(رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ)(سورة البقرة:127)
(ഞങ്ങളുടെരക്ഷിതാവെ, ഞങ്ങളിൽ നിന്ന് നീ സ്വീകരി ക്കേണ മേ, നീ എല്ലാം കേൾക്കുന്നവനും, അറിയുന്നവ നുമാകുന്നു)

(وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ)( سورة البقرة:128)
(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ പശ്ചാത്താപം സ്വീകരി ക്കുകയും ചെയ്യേണമേ, തീർച്ചയായും നീ പശ്ചാത്താപം സ്വീക രിക്കുന്നവനും, അങ്ങേയറ്റം കരുണാനിധിയുമാകുന്നു).

(رَبِّ اجْعَلْنِي مُقِيمَ الصَّلَاةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءِ)(سورة إبراهيم:40)
(രക്ഷിതാവെ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർ വ്വഹി ക്കുന്നവനാക്കേണമേ, എൻെറ സന്തതികളിൽ പെട്ടവരെയും (അപ്രകാരം) ആക്കേണമേ, ഞങ്ങളുടെ രക്ഷിതാവെ, എൻെറ പ്രാർത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ)

( رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ)(سورة النمل: 19)
(എൻെറ രക്ഷിതാവെ, എനിക്കും എൻെറ മാതാപിതാക്കൾക്കും നീ ചെയ്ത് തന്നിട്ടുള്ള നിൻെറ അനുഗ്രഹത്തിന് നന്ദി കാണി ക്കുവാനും നീ തൃപ്തിപ്പെടുന്ന സൽകർമ്മം ചെയ്യുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. നിൻെറ കാരുണ്യത്താൽ

നിൻെറ സദ്‌വൃത്തരായ ദാസന്മാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ)

(رَبَّنَا اغْفِرْ لَنَا ذُنُوبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِينَ)(سورة آل عمران: **147**)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ വന്ന്പോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ, ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ച് നിർത്തുകയും സത്യനിഷേധികളായ ജനതക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ)

(رَبَّنَا آتِنَا مِنْ لَدُنْكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا)(سورة الكهف: **10**)

(ഞങ്ങളുടെ രക്ഷിതാവെ, നിൻെറ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാം വണ്ണം നിർവ്വഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ)

(وَقُلْ رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِينِ(**97**)وَأَعُوذُ بِكَ رَبِّ أَنْ يَحْضُرُونِ)(سورة المؤمنون:**98**)

( രക്ഷിതാവെ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു അവർ (പിശാചുക്കൾ) എൻെറ അടുത്ത് സന്നിഹിതരാകുന്നതിൽ നിന്നും എൻെറ രക്ഷിതാവെ ഞാൻ നിന്നോട് രക്ഷ തേടുന്നു.)

(رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِينَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِينَ مِنْ قَبْلِنَا رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلاَنَا فَانصُرْنَا عَلَى الْقَوْمِ الْكَافِرِينَ)

(ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്ന് പോകുകയോ, ഞങ്ങൾക്ക് തെറ്റ് പറ്റുകയോ, ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ, ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും, കരുണ കാണിക്കുകയും ചെയ്യേണമേ, നീയാണ് ഞങ്ങളുടെ രക്ഷാധികാരി, അതുകൊണ്ട് സത്യ നിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സാഹായിക്കേണമേ.)

(رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّـــكَ أَنْتَ الْوَهَّابُ) (آل عمران: 8)

(ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിന് ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിൻെറ അടുക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.)

( رَبَّنَا اصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًــا)(ســورة الفرقان:65)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും, പാർപ്പിടവും തന്നെയാകുന്നു)

(رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْــيُنٍ وَاجْعَلْنَــا لِلْمُــتَّقِينَ إِمَامًا)(سورة الفرقان: 74)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളുർമ്മ നൽകുകയും,

ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.)

(رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِـــرَةِ حَـــسَنَةً وَقِنَـــا عَـــذَابَ النَّارِ)(سورة البقرة: 201)

(ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ, പരലോകത്തും നീ നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ)

*****

# ഹദീസുകളിൽ വന്ന പ്രാർത്ഥനകൾ:

عَنْ عَائشَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْه وَسَلَّمَ كَانَ يَقُولُ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ النَّارِ وَفِتْنَة النَّارِ وَفِتْنَة الْقَبْرِ وَعَذَابِ الْقَبْرِ وَشَرِّ فِتْنَة الْغِنَى وَشَرِّ فِتْنَة الْفَقْرِ وَشَرِّ فِتْنَة الْمَسِيحِ الدَّجَّالِ اللَّهُمَّ اغْسِلْ خَطَايَايَ بِمَاءِ الثَّلْجِ وَالْبَرَدِ وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ وَالْهَرَمِ وَالْمَغْرَمِ وَالْمَأْثَمِ * رواه البخاري ومسلم و أحمد

(അല്ലാഹുവെ ഞാൻ നിന്നോട് നരകശിക്ഷയിൽ നിന്നും അതിന്റെ പരീക്ഷണത്തിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും, അതിന്റെ പരീക്ഷണത്തിൽ നിന്നും, ഐശ്വര്യത്തിന്റെ കുഴപ്പത്തിൽ നിന്നും, ദാരിദ്യത്തിന്റെ കുഴപ്പത്തിൽ നിന്നും രക്ഷചോദിക്കുന്നു, അല്ലാഹുവെ ഞാൻ നിന്നോട് മസീഹുദ്ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നും രക്ഷ ചോദിക്കുന്നു, അല്ലാഹുവെ എന്റെ ഹൃദയത്തെ വെള്ളം കൊണ്ടും ഹിമംകൊണ്ടും മഞ്ഞ് കൊണ്ടും കഴുകേണമേ, വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കുന്നത് പോലെ എന്റെ ഹൃദയത്തെ പാപങ്ങളിൽ നിന്നും കഴുകി ശുദ്ധിയാക്കേണമേ, കിഴക്കും പടിഞ്ഞാറും നീ വിദൂരപ്പെടുത്തിയത് പോലെ എന്നെയും എന്റെ തെറ്റിനിടയിലും നീ വിദൂരപ്പെടുത്തേണമേ, അല്ലാഹുവെ ഞാൻ നിന്നോട് അലസതയിൽ നിന്നും, പാപങ്ങളിൽ നിന്നും, കടം കൊണ്ട് വലയുന്നതിൽ നിന്നും രക്ഷ തേടുന്നു) ബുഖാരി, മുസ്ലിം.

(اللهم إني أعوذ بك من العجز والكسل ، والجبن والهرم والبخل ، وأعوذ بك من عذاب القبر ، ومن فتنة المحيـــا والممـــات ) . رواه البخاري ومسلم .

(അല്ലാഹുവെ, അശക്തി അലസത, അധൈര്യം, വാർദ്ധക്യം, ലുബ്ധ് മുതലായവയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, ഖബർ ശിക്ഷയിൽ നിന്നും ജീവിതത്തിലെ പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു,) ബുഖാരി, മുസ്‌ലിം.

(اللهم إني أعوذ بك من جهد البلاء ، ودرك الـــشقاء ، وســـوء القضاء ، وشماتة الأعداء). رواه البخاري ومسلم .

(അല്ലാഹുവെ, പരീക്ഷണത്തിന്റെ കാഠിന്യത്തിൽ നിന്നും നിർഭാഗ്യം പിടികൂടുന്നതിൽ നിന്നും മോശപ്പെട്ട വിധിക്ക് വിധേയമാകുന്നതിൽ നിന്നും എന്റെ ദുഃഖം ശത്രുവിനെ സന്തോഷിപ്പിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു) ബുഖാരി, മുസ്‌ലിം.

عَنْ أَبِي هُرَيْرَةَ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُــولُ: (اللَّهُمَّ أَصْلِحْ لِي دِينِي الَّذِي هُوَ عِصْمَةُ أَمْرِي وَأَصْلِحْ لِي دُنْيَــايَ الَّتِي فِيهَا مَعَاشِي وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ) مسلم

(എന്റെ കാരുണ്യത്തിന് സുരക്ഷിതത്വം നൽകുന്ന എന്റെ ദീനിനെ നീ നന്നാക്കേണമേ, എന്റെ ജീവിതം നിലനിൽക്കുന്ന എന്റെ ദുനിയാവിനെയും നീ നന്നാക്കേണമേ, എനിക്കു മടങ്ങി ചെല്ലാനുള്ള എന്റെ പരലോകത്തെയും നീ നന്നാക്കേണമേ,

എൻെറ ജീവിതത്തെ എനിക്ക് നന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ ആക്കിതീർക്കേണമേ. മരണത്തെ നീ എനിക്ക് എല്ലാ നാശങ്ങളി ൽ നിന്നുമുള്ള ആശ്വാസമാക്കി തീർക്കേണമേ)

عَنْ عَبْد اللَّه عَنِ النَّبِيِّ صَلَّى اللَّه عَلَيْه وَسَلَّمَ أَنَّهُ كَانَ يَقُولُ: اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعفَافَ وَالْغنَى ) .مسلم

(അല്ലാഹുവെ, നിന്നോട് ഞാൻ സന്മാർഗ്ഗവും, ഭയഭക്തിയും, വിശുദ്ധിയും, ഐശ്വര്യവും ചോദിക്കുന്നു) മുസ്ലിം.

كَانَ رَسُولُ اللَّه صَلَّى اللَّه عَلَيْه وَسَلَّمَ يَقُولُ: اللَّهُمَّ إِنِّي أَعُوذُ بِــكَ منَ الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْبُخْلِ وَالْهَرَمِ وَعَذَابِ الْقَبْرِ اللَّهُــمَّ آت نَفْسي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلاَهَــا اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ وَمِنْ قَلْبٍ لاَ يَخْشَعُ وَمِنْ نَفْسٍ لاَ تَشْبَعُ وَمِنْ دَعْوَة لاَ يُسْتَجَابُ لَهَا ). رواه مسلم .

(അല്ലാഹുവെ, അശക്തി അലസത, അധൈര്യം, വാർദ്ധക്യം, ലുബ്ധ്, മുതലായവയിൽ നിന്നും ഖബർ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, അല്ലാഹുവെ, എൻെറ ആത് മാവിന് നീ അതിൻെറ തഖ്വ നൽ കേണമേ, അതിനെ നിന ക്കാണ് ഏറ്റവും നന്നായി സംസ്കരിക്കുവാൻ കഴിയുക. നീയാ ണതിൻെറ രക്ഷാധികാരിയും ഉടമസ്ഥനും. അല്ലാഹുവെ, നിന്നോട് ഞാൻ ഉപകാരപ്പെടാത്ത വിജ്ഞാനത്തിൽ നിന്നും, ദൈവ ഭയമില്ലാത്ത ഹൃദയത്തിൽ നിന്നും, വിശപ്പടങ്ങാത്ത ശരീര ത്തിൽ നിന്നും, ഉത്തരം കിട്ടാത്ത പ്രാർത്ഥനയിൽ നിന്നും രക്ഷ ചോദിക്കുന്നു) മുസ്ലിം.

عَنْ عَبْد اللَّه بْنِ عُمَرَ قَالَ: كَانَ مِنْ دُعَاءِ رَسُولِ اللَّه صَلَّى اللَّـــه عَلَيْه وَسَلَّمَ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِـــكَ وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ ).رواه مسلم

(അല്ലാഹുവെ, നിന്നോട് ഞാൻ നിന്റെ അനുഗ്രഹങ്ങൾ നീങ്ങി പോകുന്നതിൽ നിന്നും, നിന്റെ സൗഖ്യം ഇല്ലാതാകുന്നതിൽ നിന്നും, പെട്ടെന്ന്‌വരുന്ന നിന്റെ ശിക്ഷയിൽ നിന്നും, നിന്റെ സർവ്വവിധ കോപത്തിൽ നിന്നും രക്ഷചോദിക്കുന്നു)

( اللهم اكثر مالي ، وولدي ، وبارك لي فيما أعطيتني ، وأطل حياتي على طاعتك وأحسن عملي ، واغفر لي ) . أولـــه في البخـــاري ومسلم من دعاء النبي ﷺ لأنس ، وآخره أخرجـــه البخـــاري في الأدب المفرد ، والترمذي .

(അല്ലാഹുവെ, എന്റെ ധനവും സന്തതികളും വർദ്ധിപ്പിച്ച് തരേണമേ, നീ എനിക്ക് നൽകിയതിൽ നീ അനുഗ്രഹം ചൊരിയണമേ, നിന്റെ അനുസരണത്തിലായി കൊണ്ട് എനിക്ക് നീ ജീവിതം നീട്ടി തരേണമേ, നീ എന്റെ കർമ്മങ്ങളെ നന്നാക്കേണമേ. എനിക്ക് പൊറുത്തു തരേണമേ) (ഇതിന്റെ ആദ്യഭാഗം മുസ്‌ലിം ഉദ്ധരിച്ച പ്രവാചകൻ(സ) അനസിന് വേണ്ടി പ്രാർത്ഥിച്ച പ്രാർത്ഥനയിൽ പെട്ടതാണ്, അവസാനം ബുഖാരി അദബുൽ മുഫ്‌റദിലും, തിർമിദിയും ഉദ്ധരിച്ചത്)

(لا إله إلا الله العظيم الحليم ، لا إله إلا الله رب العرش العظيم ، لا إله إلا الله رب السموات ، ورب الأرض ورب العرش الكـــريم).

رواه البخاري ومسلم

(മഹാനും, സഹനശീലനുമായ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ല. മഹത്തായ സിംഹാസനത്തിൻെറ ഉടമയായ അല്ലാഹുവല്ലാതെ ആരാധ്യനില്ല. ആകാശങ്ങളുടെയും ഭൂമിയുടെയും ആദരണീയ സിംഹാസനത്തിൻെറയും രക്ഷിതാവായ അല്ലാഹുവല്ലാതെ ആരാധ്യനില്ല.) ബുഖാരി, മുസ്ലിം.

(اللهم رحمتك أرجو فلا تكلني إلى نفسي طرفة عين ، وأصلح لي شأني كله ، لا إله إلا أنت). رواه أبو داود وأحمد وحسنه الألباني وغيره .

(അല്ലാഹുവെ, ഞാൻ നിൻെറ കാരുണ്യം ആഗ്രഹിക്കുന്നു, കണ്ണിമവെട്ടുന്ന സമയം പോലും എന്നെ എൻെറ ദേഹത്തിന് വിട്ട് കൊടുക്കരുത്. എൻെറ എല്ലാ കാര്യങ്ങളും നീ നന്നാക്കേണമേ, നീയല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല തന്നെ) - അബൂദാവൂദ്, അഹ്മദ്, അൽബാനി ഹസനാക്കിയിട്ടുണ്ട്.

( اللهم إني عبدك ابن عبدك ، ابن أمتك ، ناصيتي بيدك ، ماض فيَّ حكمك ، عدل فيَّ قضاؤك . أسألك بكل اسم هو لك سميت بــه نفسك ، أو أنزلته في كتابك ، أو علمته أحداً مــن خلقــك ، أو استأثرت به في علم الغيب عندك ، أن تجعل القرآن ربيع قلــبي ، ونور صدري ، وجلاء حُزني ، وذهاب همي ) . رواه أحمد والحاكم ، وحسنه ابن حجر ، وصححه الألباني .

(അല്ലാഹുവെ, ഞാൻ നിൻെറ അടിമയും, അടിമയുടെയും അടിയാത്തിയുടെയും മകനുമാണ്. എൻെറ മൂർദ്ധാവ് നിൻെറ പിടിയിലാണ്. നിൻെറ എല്ലാ വിധിയും നീതിപരമാണ്, നീ നിനക്ക് വെച്ചതും നീ നിൻെറ ഗ്രന്ഥത്തിലൂടെ അവതരിപ്പിച്ചതും

നിൻെറ സൃഷ്ടികളിൽ ആർക്കെങ്കിലും പഠിപ്പിച്ച് കൊടുത്തതും നിൻെറ സ്വന്തമായ അദൃശ്യജ്ഞാനത്തിൽ സൂക്ഷിച്ചതുമായ നിൻെറ മുഴുവൻ നാമങ്ങൾ കൊണ്ടും ഞാൻ നിന്നോട് ചോദിക്കുന്നു: "ഖുർആനിനെ എൻെറ മനസ്സിൻെറ വസന്തവും, നെഞ്ചിൻെറ പ്രകാശവും ആക്കേണമേ, അതിനെ എൻെറ മനസ്സിൻെറ ദു:ഖം മാറ്റാനുള്ള വസ്തുവാക്കേണമേ) അഹ്മദും, ഹാകിമും ഉദ്ധരിച്ചത്, ഇബ്നുഹജർ ഹസനാക്കിയതും, അൽബാനി സ്വഹീഹാക്കിയതുമാണ്.

(اللهم مصرف القلوب صرف قلوبنا على طاعتك ) مسلم .

(ഹൃദയങ്ങളെ മാറ്റിമറിക്കുന്ന അല്ലാഹുവെ, നീ ഞങ്ങളുടെ ഹൃദയങ്ങളെ നിൻെറ അനുസരണത്തിലാക്കി തീർക്കേണമേ) മുസ്‌ലിം.

( اللهم إني أعوذ بك من شر سمعي ، ومن شر بصري ، ومن شر لساني ، ومن شر قلبي ، ومن شر منيي ) . رواه أبو داود والنسائي والترمذي ، وصححه الألباني

(അല്ലാഹുവെ, എൻെറ കേൾവിയുടെ വിപത്തിൽ നിന്നും എൻെറ കാഴ്ചയുടെ വിപത്തിൽ നിന്നും, എൻെറ നാവിൻെറ ദോഷത്തിൽ നിന്നും എൻെറ ഹൃദയത്തിൻെറ വിപത്തിൽ നിന്നും, എൻെറ മരണത്തിൻെറ വിപത്തിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു) അബൂദാവൂദ്, നസാഇ, തിർമിദി എന്നിവർ ഉദ്ദരിച്ചത്, അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്.

(اللهم إني أعوذ بك من منكرات الأخلاق ، والأعمال ، والأهواء) رواه الترمذي وابن حبان والحاكم والطبراني .

(അല്ലാഹുവെ, നിഷിദ്ധമായ സ്വഭാവകർമ്മങ്ങളും ദുഷിച്ച ഇഛകളും വന്നുപോകുന്നതിൽ നിന്ന് ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു) തിർമിദി, ഇബ്നു ഹിബ്ബാൻ. ഹാഖിം, ത്വബറാനി

എന്നിവർ ഉദ്ധരിച്ചത്.

(اللهم إنك عفو كريم تحب العفو فاعف عني ) رواه الترمذي .

(അല്ലാഹുവെ, നിശ്ചയം നീ വിടുതി നൽകുന്നവനും ഉദാരനും മാപ്പുനൽകുവാൻ ഇഷ്ടപ്പെടുന്നവനുമാണല്ലോ, അതിനാലെനിക്ക് നീ മാപ്പു നൽകേണമേ) തിർമിദി.

(اللهم إني أسألك فعل الخيرات ، وترك المنكرات ، وحب المساكين ، وأن تغفر لي ، وترحمني ، وإذا أردت فتنة قوم فتوفني غير مفتون ، وأسألك حبك ، وحب من يحبك ، وحب عمل يقربني إلى حبك ) رواه أحمد والترمذي والحاكم .

(അല്ലാഹുവെ, നന്മകൾ ചെയ്യാനും തിന്മകൾ വെടിയുവാനും സാധുക്കളെ സ്നേഹിക്കുവാനുമുള്ള ഉതവി ഞാൻ നിന്നോട് ചോദിക്കുന്നു. നീ എനിക്ക് പൊറുത്തു തരുകയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ, പടച്ചവനെ നീ ഒരു ജനതയെ പരീക്ഷണത്തി(നാശത്തി)ലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ എന്നെ ആ നാശത്തിൽ പെടുത്താതെ മരിപ്പിക്കേണമേ. നിന്നോടുള്ള സ്നേഹവും നിന്നെ സ്നേഹിക്കുന്നവരോടുള്ള സ്നേഹവും നിൻെറ സ്നേഹത്തിലേക്ക് അടുപ്പിക്കുന്ന കർമ്മങ്ങളോടുള്ള സ്നേഹവും ഞാൻ നിന്നോട് ചോദിക്കുന്നു) അഹ്മദ്, തിർമിദി, ഹാഖിം.

(اللهم إني أسألك من الخير كله : عاجله وآجله ، ما علمت منه وما لم أعلم ، وأعوذ بك من الشر كله عاجله وآجله ، ما علمت منه وما لم أعلم . اللهم إني أسالك من خير ما سألك عبدك ونبيك ، وأعوذ بك من شر ما عاذ منه عبدك ونبيك . اللهم إني أسألك

الجنة ، وما قرب إليها من قول أو عمل ، وأعوذ بك من النار وما قرب إليها من قول أو عمل . وأسألك أن تجعل كل قضاء قضيته لي خيراً). رواه ابن ماجه وأحمد والحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, എനിക്കറിവുള്ളതും, അറിവില്ലാത്തതുമായ ക്ഷണികവും അല്ലാത്തതുമായ എല്ലാ നന്മകളെയും നിന്നോട് ഞാൻ ചോദിക്കുന്നു, എനിക്കറിവുള്ളതും, അറിവില്ലാത്തതുമായ ക്ഷണികവും അല്ലാത്തതുമായ എല്ലാ തിന്മകളിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു, അല്ലാഹുവെ, നിന്നോട് നിന്റെ ദാസനും ദൂതനുമായ നബി(സ) ചോദിച്ച നന്മ ഞാൻ നിന്നോട് ചോദിക്കുന്നു, നിന്നോട് നിന്റെ ദാസനും ദൂതനുമായ നബി (ﷺ)രക്ഷ തേടിയ തിന്മയിൽ നിന്ന് ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു, അല്ലാഹുവെ, ഞാൻ നിന്നോട് സ്വർഗവും അതിലേക്കടുപ്പിക്കുന്ന വാക്കും പ്രവർത്തിയും ചോദിക്കുന്നു. നരകത്തിൽ നിന്നും നരകത്തിലേക്കടുപ്പിക്കുന്ന വാക്കിൽ നിന്നും പ്രവർത്തിയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. നീ വിധിച്ച എല്ലാ വിധിയും എനിക്ക് നന്മയാക്കി ത്തീർക്കേണമേ,) ഇബ്നുമാജ, അഹ്മദ്, ഹാഖിം സ്വഹീഹാക്കുകയും, ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

(اللهم احفظني بالإسلام قائماً ، واحفظني بالإسلام قاعداً ، واحفظني بالإسلام راقداً ، ولا تشمت بي عدواً ،ولا حاسداً . اللهم إني أسألك من كل خير خزائنه بيدك ، وأعوذ بك من كل شر خزائنه بيدك ) أخرجه الحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, നിറുത്തത്തിലും, ഇരുത്തത്തിലും ഉറക്കത്തിലുമെല്ലാം ഇസ്ലാം കൊണ്ട് നീ എന്നെ സംരക്ഷിക്കേണമേ. എന്നെ കൊണ്ട് എന്റെ ശത്രുവിനേയോ അസൂയക്കാരനേയോ

നീ സന്തോഷിപ്പിക്കരുതേ. അല്ലാഹുവെ, നിന്റെ കൈയിലുള്ള നന്മകളുടെ ഖജനാവിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു. നിന്റെ കരങ്ങളിലുള്ള നാശത്തിന്റെ ഖജനാവുകളിൽ നിന്ന് ഞാൻ നിന്നോട് രക്ഷ തേടുന്നു) ഹാകിം സ്വഹീഹാക്കുകയും, ദഹബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

(اللهم اقسم لنا من خشيتك ما تحول به بيننا وبين معاصيك ، ومن طاعتك ماتبلغنا به جنتك، ومن اليقين ما تهون به علينا مصائب الدنيا ، اللهم متعنا بأسماعنا، وأبصارنا ، وقواتنا ما أحييتنا ، واجعله الوارث منا ، واجعل ثأرنا على من ظلمنا ، وانصرنا على من عادانا ، ولا تجعل مصيبتنا في ديننا ، ولا تجعل الدنيا أكبر همنا ، ولا مبلغ علمنا ، ولا تسلط علينا من لا يرحمنا). رواه الترمذي ، والحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, ഞങ്ങൾക്കും നിന്നോട് തെറ്റു ചെയ്യുന്നതിനുമിടക്ക് മറയിടുന്ന തരത്തിൽ നിന്നോടുള്ള ഭയം ഞങ്ങൾക്ക് നീ നൽകേണമേ. നിന്റെ സ്വർഗം നേടിത്തരുന്ന തരത്തിൽ നിന്നോടുള്ള അനുസരണവും ദുൻയാവിലെ വിഷമങ്ങൾ ലഘൂകരിച്ച് തരുന്ന വിശ്വാസ ദാർഢ്യതയും ഞങ്ങൾക്ക് നീ നൽകേണമേ. അല്ലാഹുവെ, ഞങ്ങൾ ജീവിക്കുന്നിടത്തോളം ഞങ്ങളുടെ ശക്തികളെയും, കണ്ണുകളെയും, കാതുകളെയും സുഖിപ്പിക്കേണമേ, അതിനെ ഞങ്ങളിൽ നിന്നുള്ള അനന്തിരാവകാശി യാക്കേണമേ, ഞങ്ങളോട് അക്രമം കാണിച്ചവർക്കുമീതെ നീ ഞങ്ങളുടെ പ്രതികാരത്തെ ആക്കേണമേ. ഞങ്ങളടെ ശത്രുക്കൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കേണമേ, ഞങ്ങളുടെ മതത്തിൽ നീ ഞങ്ങളെ പരീക്ഷണത്തിലക പ്പെടുത്തരുതേ (വിഷമിപ്പിക്കരുതേ). ദുൻയാവിനെ ഞങ്ങളു ടെ മുഖ്യോദ്ദേശ്യവും ഞങ്ങളുടെ

വിജ്ഞാനത്തിൻെറ ലക്ഷ്യവും ആക്കരുതേ. ഞങ്ങളോട് കരുണ കാണിക്കാത്തവരെ ഞങ്ങൾക്കുമീതെ നീ ആധിപത്യമേൽപി ക്കരുതേ) തിർമിദി, ഹാഖിം സ്വഹീഹാക്കുകയും, ഇമാം ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

عَنْ أَبِي بَكْرٍ الصِّدِّيقِ رَضِي اللَّه عَنْه أَنَّهُ قَالَ لِرَسُول اللَّه صَلَّى اللَّه عَلَيْه وَسَلَّمَ عَلِّمْني دُعَاءً أَدْعُو بِه فِي صَلاَتِي قَالَ: قُلِ اللَّهُمَّ إِنِّـــي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَـــاغْفِرْ لِـــي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّك أَنْـــتَ الْغَفُـــورُ الـــرَّحِيمُ * رواه البخاري ومسلم

(അല്ലാഹുവെ, ഞാൻ എന്നോട് ധാരാളം തെറ്റുകൾ ചെ യ്തിട്ടുണ്ട്, നീയല്ലാതെ പാപം പൊറുക്കുവാനില്ല. അതിനാൽ എനിക്ക് നീ നിൻെറ പക്കൽനിന്നുള്ള പാപ മോചനം നൽകുകയും എന്നോട് നീ കരുണ കാണിക്കുകയും ചെയ്യേണമേ. നിശ്ചയം നീ ധാരാളം പൊറുക്കുന്നവനും കരുണ ചെയ്യുന്നവരുമാണല്ലോ) ബുഖാരി, മുസ്ലിം.

(اللهم إنا نسألك موجبات رحمتك ، وعزائم مغفرتك ، والسلامة من كل إثم ، والغنيمة من كل بر ، والفوز بالجنة ، والنجـــاة مـــن النار) . أخرجه الحاكم وصصحه ووافقه الذهبي .

(അല്ലാഹുവെ, നിൻെറ കാരുണ്യത്തിൻെറ അനിവാര്യതയും നിൻെറ പക്കൽനിന്നുള്ള പാപമോചനത്തിൻെറ നിശ്ചയദാർഢ്യവും എല്ലാ പാപങ്ങളിൽ നിന്നുമുള്ള സുരക്ഷിതത്വവും എല്ലാ പുണ്യങ്ങളുടെ ലബ്ധിയും സ്വർഗപ്രാപ്തിയും നരക വിമുക്തിയും ഞങ്ങൾ നിന്നോട് ചോദിക്കുന്നു) ഹാഖിം സ്വഹീഹാക്കു

കയും, ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

(اللهم اجعل أوسع رزقك عليَّ عند كبر سني ، وانقطاع عمري ) . أخرجه الحاكم وصححه الألباني .

(അല്ലാഹുവെ, എനിക്ക് പ്രായമാകുമ്പോഴും ആയുസ്സ് അവസാനിക്കുമ്പോഴും നിന്റെ വിശാലമായ വിഭവങ്ങൾ എനിക്ക് നീ നൽകേണമേ) ഹാകിം ഉദ്ധരിച്ചതും ഇമാം അൽബാനി സ്വഹീഹാക്കിയതും.

(اللهم إني أعوذ بك أن أشرك بك وأناأعلم ، وأستغفرك لما لا أعلم) . رواه أحمد وصححه الألباني .

(അല്ലാഹുവെ, ഞാൻ അറിഞ്ഞ് കൊണ്ട് നിന്നോട് (വല്ലതിനെയും) പങ്ക് ചേർക്കുന്നതിൽ നിന്നും നിന്നോട് കാവൽ തേടുന്നു, ഞാൻ അറിയാതെ വല്ലതും (ചെയ്ത്പോയിട്ടുണ്ടെങ്കിൽ) അതിൽ നിന്നും ഞാൻ പാപമോചനം തേടുകയും ചെയ്യുന്നു) അഹ്മദ് ഉദ്ധരിച്ചതും, ഇമാം അൽബാനി സ്വഹീഹാക്കിയതും.

(اللهم إني أسألك علماً نافعاً ، ورزقاً طيباً ، وعملاً متقبلاً ) . رواه ابن ماجه ، وصححه الألباني .

(അല്ലാഹുവെ, ഉപകാരപ്രദമായ അറിവും, നല്ല വിഭവവും സ്വീകാര്യമായ കർമ്മവും ഞാൻ നിന്നോട് ചോദിക്കുന്നു) ഇബ്നുമാജ ഉദ്ധരിച്ചതും, ഇമാം അൽബാനി സ്വഹീഹാ ക്കിയതും.

( اللهم إني أسألك خير المسألة ، وخير الدعاء ، وخير النجاح ، وخير العمل ، وخير الثواب ، وخير الحياة ، وخير الممات ، وثبتني ، وثقل موازيني ، وحقق إيماني، وارفع درجاتي ، وتقبل صلاتي ،

واغفر خطيئتي ، وأسألك الدرجات العلى من الجنـــة ، اللـــهم إني أسألك فواتح الخير ، وخواتمه ، وجوامعه ، وأولـــه ، وظـــاهره ، وباطنه ، والدرجات العلى من الجنة آمين . اللهم إني أسالك خير ما آتي ، وخير ما أفعل ، وخير ما أعمل ، وخير ما بطن ، وخير مـــا ظهر ، والدرجات العلى من الجنة آمين . اللهم إني أسألك أن ترفع ذكري ، وتضع وزري ، وتصلح أمري ، وتطهر قلبي ، وتحـــصن فرجي ، وتنور قلبي ، وتغفر لي ذنبي ، وأسألك الدرجات العلى من الجنة آمين . اللهم إني أسألك أن تبارك في نفسي ، وفي سمعي ، وفي بصري ، وفي روحي ، وفي خَلقي ، وفي خُلقي ، وفي أهلـــي ، وفي محياي ، وفي مماتي ، وفي عملي ، فتقبل حسناتي ، وأسألك الدرجات العلى من الجنة آمين) " . أخرجه الحاكم وصححه ووافقه الذهبي .

(അല്ലാഹുവെ, ഞാൻ നിന്നോട് നല്ല ചോദ്യവും നല്ല പ്രാർത്ഥനയും നല്ല വിജയവും നല്ല കർമ്മവും നല്ല പ്രതിഫലവും നല്ല ജീവിതവും നല്ല മരണവും ചോദിക്കുന്നു. നീ എന്നെ ഉറപ്പിച്ച് നിർത്തേണമേ. എൻെറ കർമ്മങ്ങളുടെ തുലാസുകളെ നീ ഭാരമുള്ളതാക്കേണമേ. എൻെറ ഈമാൻ യാഥാർത്ഥ്യമാക്കേണമേ. എൻെറ പദവികളെ നീ ഉയർത്തേണമേ. എൻെറ നമസ്കാരം നീ സ്വീകരിക്കേണമേ. എൻെറ പാപം നീ പൊറുത്ത് തരേണമേ, അല്ലാഹുവെ, സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ചോദിക്കുന്നു, അല്ലാഹുവെ, നന്മയുടെതായ തുടക്കവും നന്മയുടെതായ ഒടുക്കവും നന്മയുടെതായ സകലതും ഞാൻ ചോദി

ക്കുന്നു. ആദ്യവും അന്ത്യവും ബാഹ്യവും ആന്തരികവുമെല്ലാം നന്മയുടെതായിരിക്കുവാൻ ഞാൻ നിന്നോട് തേടുന്നു. സ്വർഗ ത്തിലെ ഉന്നത സ്ഥാനങ്ങളും (ഞാൻ നിന്നോട് തേടുന്നു.) അല്ലാഹുവെ, ഞാൻ ചെയ്യുന്നതും പ്രവർത്തിക്കുന്നതും നല്ലതാ യിരിക്കുവാൻ ഞാൻ നിന്നോട് അപേക്ഷിക്കുന്നു, പ്രത്യക്ഷവും പരോക്ഷവുമായതെല്ലാം നല്ലതായി തീരുവാൻ ഞാൻ നിന്നോട് സഹായം തേടുന്നു, സ്വർഗത്തിലെ ഉന്നത പദവികൾ ഞാൻ നിന്നോട് ആവശ്യപ്പെടുന്നു. അല്ലാഹുവെ എന്റെ സ്മരണ ഉയ ർത്തപ്പെടാനും എന്റെ പാപം താഴ്ത്തപ്പെടുവാനും എന്റെ കാര്യം ശരിയാവാനും എന്റെ മനസ് ശുദ്ധമാവാനും എന്റെ ഗുഹ്യാവയവം പരി രക്ഷിക്കപ്പെടാനും എന്റെ ഹൃദയം പ്രകാശി തമാവാനും എന്റെ തെറ്റുകൾ പൊറുക്കപ്പെടാനും ഞാൻ നി ന്നോട് സഹായം ചോദിക്കുന്നു. സ്വർഗത്തിലെ ഉന്നത പദവിക ൾ ഞാൻ നിന്നോട് ചോദിക്കുന്നു, അല്ലാഹുവെ, എന്റെ ശരീരത്തിലും കേൾവിയിലും കാഴ്ചയിലും ആത്മാവിലും പ്രകൃ തത്തിലും സ്വഭാവത്തിലും കുടുംബത്തിലും ജീവിതത്തിലും മരണ ത്തിലും കർമ്മങ്ങളിലുമെല്ലാം നീ അനുഗ്രഹം ചൊരിയേണമേ. എന്റെ സുകൃതങ്ങൾ നീ സ്വീകരിക്കേണമേ. ഞാൻ നിന്നോട് സ്വർഗത്തിലെ ഉന്നത പദവികൾ ചോദിക്കുന്നു) ഹാകിം ഉദ്ധരി ച്ചതും ഇമാം അൽബാനി സ്വഹീഹാക്കിയതും.

( اللهم متعني بسمعي ، وبصري ، واجعلهما الوارث مني ، وانصرني على من ظلمني ، وخذ منه بثأري ) . أخرجه الترمذي ، والحاكم وصححه ووافقه الذهبي

(അല്ലാഹുവെ, എന്റെ കാതിനെയും കണ്ണിനെയും നീ സുഖിപ്പി ക്കേണമേ, അവ രണ്ടിനെയും എന്നിൽ നിന്നുള്ള അനന്തരാവ കാശിയാക്കേണമേ. എന്റെ മേൽ അതിക്രമം നടത്തുന്നവർ ക്കെതിരെ നീ എന്നെ സഹായിക്കേണമേ. അവനിൽ നിന്ന് നീ എന്റെ പ്രതികാരം എടുക്കേണമേ) തിർമിദി, ഹാകിം സ്വഹീഹാ

ക്കുകയും, ഇമാം ദഅബി അതിനോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

( اللهم إني أسألك عيشة نقية ، وميتة سوية ، ومرداً غير مخــزٍ ولا فاضح ) . أخرجه البزار في الزوائد ، والطبراني .

(അല്ലാഹുവെ, ശുദ്ധമായ ജീവിതവും നേരായ മരണവും നിന്ദ്യമോ, വഷളതയുള്ളതോ അല്ലാത്ത മടക്കവും നിന്നോട് ഞാൻ ചോദിക്കുന്നു) ബസ്സാർ സവാഇദിലും, ത്വബ്റാനിയും ഉദ്ധരിച്ചത്.

عَنِ الْبَرَاءِ بْنِ عَازِبٍ قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْه وَسَلَّمَ إِذَا أَتَيْتَ مَضْجَعَكَ فَتَوَضَّأْ وُضُوءَكَ للصَّلَاة ثُمَّ اضْطَجِعْ عَلَى شقِّكَ الْأَيْمَنِ ثُمَّ قُلِ اللَّهُمَّ أَسْلَمْتُ وَجْهِي إِلَيْكَ وَفَوَّضْتُ أَمْرِي إِلَيْــكَ وَأَلْجَــأْتُ ظَهْرِي إِلَيْكَ رَغْبَةً وَرَهْبَةً إِلَيْكَ لَا مَلْجَأَ ولاَ مَنْجا منْكَ إلاَّ إِلَيْــكَ اللَّهُمَّ آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ) بخــاري ومسلم

"ബറാഅ്ബ്നു ആസ്വിബ്(رضي الله عنه)വിൽ നിന്ന് നിവേദനം: പ്ര വാചക തിരുമേനി(ﷺ) പറഞ്ഞു: "നീ ഉറങ്ങുവാനായി വിരിപ്പിലേക്ക് പ്രവേശിക്കുകയാണെങ്കിൽ നമസ്കാരത്തിന് വുളൂഅ് ചെയ്യുന്നത് പോലെ നീ വുളൂഅ് ചെയ്യുക, എന്നിട്ട് വലത് ഭാഗത്തേക്ക് ചെരിഞ്ഞ് കിടന്ന് താഴെവരുന്ന പ്രാർത്ഥന ചൊല്ലുക. "അല്ലാഹുവെ, ഞാനെൻെറ മുഖം നിന്നിലേക്ക് സമർപ്പിച്ചിരിക്കുന്നു, എൻെറ പ്രശ്നങ്ങളെല്ലാം തന്നെ നിന്നിലേക്ക് അർപ്പിച്ചിരിക്കുന്നു. ഭയപ്പെട്ട് കൊണ്ടും, ആഗ്രഹിച്ച് കൊണ്ടും എൻെറ മുതുകിനെ നിന്നിലേക്ക് ഞാൻ അർപ്പിക്കുന്നു. നിന്നിൽനിന്ന് നിന്നിലേക്കല്ലാതെ യാതൊരു അഭയവും, രക്ഷയും ഇല്ല. നീ അവതരിപ്പിച്ച

വേദഗ്രന്ഥത്തിലും, നീ നിയോഗിച്ചിട്ടുള്ള പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു" (ബുഖാരി, മുസ്ലിം)

سَيِّدُ الإِسْتِغْفَارِ :أَنْ تَقُولَ: اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ )(بخاري – أحمد)

"പാപമോചനത്തിൻെറ നേതാവ്: അല്ലാഹുവെ നീയാണെൻെറ നാഥൻ, യഥാർത്ഥത്തിൽ നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. നീയാണെന്നെ സൃഷ്ടിച്ചത്. ഞാൻ നിൻെറ ദാസനാകുന്നു. നിന്നോടുള്ള കാരാറും ഉടമ്പടിയും എനിക്ക് സാധ്യമാവുന്നിടത്തോളം ഞാൻ പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തു തന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കു ന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല".

اللهم صلى وسلم على محمد وعلى آله وصحبه أجمعين .

മുഹമ്മദ് നബി (ﷺ) യുടെയും കുടുംബത്തിൻെറയും അനുയായികളുടെയും മേൽ ശാന്തിയും സമാധാനവും വർഷിപ്പിക്കേണമേ.

*****

# المراجع
# അവലംബ കൃതികൾ


1- القرآن الكريم
2- صحيح البخاري
3- صحيح مسلم
4- سنن أبوداود
5- سنن الترمذي
6- سنن النسائي
7- سنن إبن ماجه
8- مسند إمام أحمد
9- شروط الدعاء - لسعيد بن علي بن وهف القحطاني
10- الدعاء لعبد الله الخضري
11- تحفة الأبرار في الأدعية والآداب والأذكار لمحمد بن جميل زينو

# വിഷയ സൂചിക:


| | വിഷയം | പേജ് |
|---|---|---|
| 1 | മുഖവുര | 3 |
| 2 | മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യം. | 5 |
| 3 | അല്ലാഹുവിനെ അറിയൽ വിശ്വാസികളുടെ ബാധ്യത | 7 |
| 4 | അല്ലാഹു റബ്ബാണ് | 8 |
| 5 | അല്ലാഹു ആരാധ്യനാണ് | 9 |
| 6 | അല്ലാഹുവിന് വിശുദ്ധനാമങ്ങളുണ്ട് | 9 |
| 7 | അല്ലാഹു പ്രാർത്ഥന കേൾക്കുന്നവൻ | 10 |
| 8 | അല്ലാഹു പാപം പൊറുക്കന്നവൻ | 11 |
| 9 | അല്ലാഹു കാരുണ്യവാനാണ് | 12 |
| 10 | അല്ലാഹു വിചാരണ നാളിൻെറ അധിപനാണ് | 12 |
| 11 | അല്ലാഹുവാണ് ഹിദായത്ത് നൽകുന്നവൻ | 12 |
| 12 | അല്ലാഹുവാണ് ഭരമേൽപിക്കുവാൻ അർഹൻ | 13 |
| 13 | അല്ലാഹു അവനിൽ പങ്ക്ചേർക്കുന്നത് പൊറുക്കാത്തവൻ | 13 |
| 14 | അല്ലാഹു ഉപരിലോകത്ത് | 14 |
| 15 | സ്രഷ്ടാവ് അല്ലാഹു | 16 |
| 16 | നാം പ്രാർത്ഥിക്കേണ്ടത് ആരോട്? | 19 |
| 17 | പ്രാർത്ഥന സർവ്വശക്തനോട് മാത്രം | 20 |
| 18 | പ്രാർത്ഥന എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നവനോട് മാത്രം | 18 |
| 19 | പ്രാർത്ഥന സൃഷ്ടികർത്താവിനോട് മാത്രം | 21 |
| 20 | അല്ലാഹുവിനോട് മാത്രമേ പ്രാർത്ഥിക്കാവൂ | 26 |
| 21 | പ്രാർത്ഥന ആരാധന തന്നെ | 27 |
| 22 | പ്രാർത്ഥനയുടെ പ്രാധാന്യം | 31 |
| 23 | സൃഷ്ടികൾ പ്രാർത്ഥന കേൾക്കുകയില്ല | 33 |

| | | |
|---|---|---|
| 24 | പ്രാർത്ഥനക്ക് അർഹനാവാനുള്ള യോഗ്യതകൾ | 35 |
| 25 | അല്ലാഹുവിനോട് പ്രാർത്ഥിക്കുവാൻ മധ്യസ്ഥത ആവശ്യമില്ല. | 37 |
| 26 | പ്രാർത്ഥനയുടെ നിബന്ധനകൾ | 40 |
| 27 | പ്രാർത്ഥനയുടെ മര്യാദകൾ | 42 |
| 28 | പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയങ്ങൾ | 60 |
| 29 | പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സ്ഥലങ്ങൾ | 74 |
| 30 | പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന വിഭാഗം | 78 |
| 31 | നിഷിദ്ധമായ പ്രാർത്ഥനകൾ | 82 |
| 32 | പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതിരിക്കുവാനുള്ള കാരണം | 87 |
| 33 | പ്രാർത്ഥനയിൽ സംഭവിക്കാവുന്ന ബിദ്അത്തുകൾ | 89 |
| 34 | പ്രവാചകന്മാരുടെ പ്രാർത്ഥനകൾ വിശുദ്ധഖുൽആനിൽ | 93 |
| 35 | വിശുദ്ധഖുർആനിലെ മറ്റുപ്രാർത്ഥനകൾ | 103 |
| 36 | ഹദീസുകളിൽ വന്ന പ്രാർത്ഥനകൾ | 107 |
| 37 | അവലംബ കൃതികൾ | 122 |
| 38 | വിഷയ സൂചിക | 123 |